# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ




## ജനുവരി 06 – ദനഹാത്തിരുനാൾ

Vol. LXXII January 2022 No.1



മഹാത്മാഗാന്ധി സർവകലാശാലയിൽനിന്ന്
ഗാന്ധിയൻ സ്റ്റഡീസിൽ പിഎച്ച്. ഡി നേടിയ
**ഫാ. തോമസ് കാലാച്ചിറയിലിന്**
പാലാ രൂപതയുടെ
**പ്രാർത്ഥനാശംസകൾ...**



കാറോയ പട്ടം സ്വീകരിച്ച പാലാ രൂപത വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം.



ഹെവുപ്പദ്യാക്ക്‌ന പട്ടം സ്വീകരിച്ച പാലാ രൂപത വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം.



# പാലാ രൂപത പതിമൂന്നാമത് പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനവും പ്രഥമസമ്മേളനവും





# തിരുപ്പിറവിസന്ദേശവുമായി...



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

JANUARY 2022
Vol. LXXII No. 1

# CONTENTS


സർക്കുലർ ........................................ 3

സർക്കുലർ ........................................ 8

സർക്കുലർ ........................................ 13

Collection List ........................................ 25

അറിയിപ്പ് ........................................ 31

വാർത്തകൾ ........................................ 35

ആദരാഞ്ജലികൾ ........................................ 67

വാർത്തകൾ ........................................ 71

Prot. No. 1325/2021

**സർക്കുലർ**

## സീറോമലബാർ
## പ്രേഷിതവാരാചരണം 2022

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ മാർ ജോർജ് ആലഞ്ചേരി

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും

വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന
ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ
ദൈവജനത്തിനും എഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

എ.ഡി. 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ച മാർ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിലൂടെയാണല്ലോ ഭാരതത്തിൽ ക്രൈസ്തവരുടെ സമൂഹം ആദ്യമായി രൂപം കൊണ്ടത്. 2022-ാമാണ്ടിൽ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം നാം ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ നമ്മുടെ പ്രേഷിതവാരാചരണത്തിനു കൂടുതൽ പ്രാധാന്യം കൈവരുന്നു. ജനുവരി ആറാം തീയതി ദനഹാതിരുന്നാൾ മുതൽ പന്ത്രണ്ടാം തീയതി വരെയാണ് ഈ വർഷം മിഷൻവാരം ആചരിക്കുന്നത്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. പ്രേഷിതവാരാചരണം നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ കൂടുതൽ അറിയുന്നതിനും ശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയിൽനിന്നു പ്രചോദനമുൾക്കൊള്ളുന്നതിനുമുള്ള പ്രത്യേക അവസരമായി നമുക്കു പരിഗണിക്കാം.

ചരിത്രത്തിലെ ഈശോയോടൊപ്പം സഞ്ചരിക്കുകയും ജീവിക്കുകയും ചെയ്ത തോമാശ്ലീഹാ താൻ അനുഭവിച്ചറിഞ്ഞ രക്ഷകനെ മാർ വാലാഹ് – എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ. 20:28) എന്ന് ഏറ്റുപറയുകയും മരണംവരെ പ്രഘോഷിക്കുകയും ചെയ്തു. എതിർപ്പുകൾ നേരിടേണ്ടിവന്നപ്പോൾ തോമാശ്ലീഹാ തന്റെ ദൗത്യം ഉപേക്ഷിക്കുകയോ സുരക്ഷിതസങ്കേതത്തിലേയ്ക്കു പിന്മാറുകയോ ചെയ്തില്ല. മറിച്ച് പ്രതിബന്ധങ്ങളെ അതിജീവിച്ച് ക്രൈസ്തവസമൂഹങ്ങൾ സ്ഥാപിച്ചുകൊണ്ടു തന്റെ പ്രേഷിതദൗത്യത്തിൽ മുന്നേറി. തോമാശ്ലീഹാ രൂപീകരിച്ച ക്രൈസ്തവസമൂഹങ്ങളും അദ്ദേഹത്തിന്റെ പ്രേഷിതദർശനങ്ങൾ സ്വാംശീകരിക്കുകയും പ്രതിബന്ധങ്ങളെ അതിജീവിച്ചു സുവിശേഷത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സഭയിലെ ധാരാളം പ്രേഷിതർ ലോകമെമ്പാടുമുള്ള പ്രേഷിതപ്രവർത്തനങ്ങളിൽ ഇന്നും സജീവസാന്നിദ്ധ്യമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട ആ തീക്ഷ്ണത ഇന്നും നിലനില്ക്കുന്നു എന്നതിന്റെ തെളിവാണത്. പീഡനങ്ങളെയും അവഗണനകളെയും പ്രതിലോമശക്തികളെയും അതിജീവിച്ചു സുവിശേഷം ജീവിക്കുകയും വിശ്വസ്തയോടെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുമ്പോൾ, സഭ എല്ലാക്കാലങ്ങളിലും ഫലം കായ്ക്കുന്ന അത്തിവൃക്ഷമായിത്തീരും (മർക്കോ. 11: 12-14, 2 തിമോ. 4: 2).

മാർതോമ്മാ ക്രിസ്ത്യാനികൾ ഭാരതസംസ്ക്കാരത്തിന്റെ ഭാഗമായി തുടരുന്നതിനുള്ള പ്രധാന കാരണം തോമാശ്ലീഹാ സുവിശേഷം ഈ സമൂഹത്തിൽ അടിച്ചേല്പ്പിക്കാതെ ഇവിടത്തെ സംസ്ക്കാരത്തിലേക്ക് അനുരൂപണം ചെയ്ത് അത് അവതരിപ്പിച്ചു എന്നതാണ്. ഏതൊരു സംസ്കാരവും ഭാഷയും മറ്റൊരിടത്തേക്ക് പറിച്ചുനട്ടാൽ ആ സംസ്കാരത്തിൽ മതിലുകൾ സൃഷ്ടിക്കപ്പെടും. തങ്ങളുടെ ദൗത്യം ഫലപ്രദമാക്കാൻ തങ്ങൾ ആയിരിക്കുന്ന പ്രേഷിതമേഖലകളിലെ സംസ്ക്കാരത്തോടും ഭാഷയോടും മിഷനറിമാർ പൊരുത്തപ്പെടേണ്ടത് അനിവാര്യമാണ്.

സുവിശേഷം അറിഞ്ഞവരെ പരിപാലിക്കുക എന്നതു മാത്രമായി സഭയുടെ അജപാലന പ്രവർത്തനങ്ങളെ പരിമിതപ്പെടുത്താൻ കഴിയില്ല. ഒരു സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണു മിഷനറി പ്രവർത്തനങ്ങൾ (വെർബും ദോമിനി, 95). ദൈവവചനം പ്രത്യക്ഷമായി പ്രഘോഷിക്കേണ്ട ഒന്നാണ്. പീഡനത്തിന്റെ അപകടസാധ്യതകളിൽപോലും വചനം പ്രഘോഷിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങൾ നിരന്തരം അന്വേഷിച്ചുകൊണ്ട് ഓരോ വ്യക്തിയെയും ആത്മാവിന്റെ ശക്തിയിൽ കണ്ടുമുട്ടാൻ സഭ പുറപ്പെടണം (1 കോറി. 2:5). രക്ഷയുടെ വചനം ഓരോ വ്യക്തിയോടും പ്രഘോഷിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു. (റോമ. 1:14). തോമാശ്ലീഹാ ഒരിക്കലും മരണത്തെ ഭയപ്പെട്ടിരുന്നില്ല. അതുപോലെ ഒരു യഥാർത്ഥ മിഷനറി പീഡനങ്ങളെയോ മരണത്തെയോ ഭയപ്പെടേണ്ടതില്ല. ഇന്നിന്റെ പ്രതിസന്ധികളിൽ പ്രചോദനമാകേണ്ടത് തോമാശ്ലീഹായുടെ ഈ ധൈര്യവും പ്രേഷിതതീക്ഷ്ണതയുമാണ്. ഫ്രാൻസിസ് മാർപാപ്പാ 2021 ലെ ലോകമിഷൻഞായർ സന്ദേശത്തിൽ, ആദിമക്രൈസ്തവർ ആ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്ന ഭയത്തിനും അടച്ചുപൂട്ടി കഴിയാനുണ്ടായിരുന്ന പ്രലോഭനത്തിനും കീഴടങ്ങാതെ, കർത്താവിലേക്കും അവിടന്നു നല്കിയ പുതുജീവിതത്തിലേയ്ക്കും ആകർഷിക്കപ്പെട്ടതിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ജനങ്ങൾക്കിടയിലേക്കു നിസ്വാർത്ഥ സ്നേഹത്തോടെയും സേവനമനോഭാവത്തോടെയും കർത്താവിന്റെ നാമത്തിൽ ഇറങ്ങിച്ചെല്ലുകയും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു (അപ്പ. 4:20) എന്ന യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ പുതുജീവിതം. ഇതു തന്നെയാണ് ഈ കാലഘട്ടത്തിലും സുവിശേഷ പ്രഘോഷണത്തിൽ നാം സ്വായത്തമാക്കേണ്ട മനോഭാവം.


സീറോമലബാർസഭയ്ക്കു സുവിശേഷപ്രഘോഷണത്തിനും അജപാലനശുശ്രൂഷയ്ക്കുമുള്ള സാധ്യത ഫ്രാൻസിസ് മാർപാപ്പ ഭാരതം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചു നൽകിയിരിക്കുന്ന സാഹചര്യത്തിൽ അപ്പസ്തോലനായ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനശൈലി പിന്തുടർന്നു കൊണ്ടു ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കാൻ നമുക്കു പ്രത്യേക കടമയുണ്ട്. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത എല്ലാ വിശ്വാസികളും സ്വന്തമാക്കണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ എല്ലാ ഇടവകകളും പരസ്പരം സഹകരിക്കണം. മിഷൻമേഖലകളിൽ ശുശ്രൂഷചെയ്യാൻ വൈദികരും സന്യസ്തരും അല്മായപ്രേഷിതരും കൂടുതലായി മുന്നോട്ടു വരികയും അവർക്കായി പരിശീലനപരിപാടി രൂപകല്പന ചെയ്യുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

പ്രേഷിതാവബോധവും സഭയുടെ ശുശ്രൂഷകളിലെ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനു സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വ്യാപിപ്പിക്കുന്നതിനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ രൂപീകൃതമായിരിക്കുന്ന കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷനും സീറോമലബാർ മിഷൻ ഓഫീസും സഭാകാര്യാലയത്തിൽ പ്രവർത്തിക്കുന്നു. പ്രേഷിതാവബോധം സഭാമക്കളിൽ പകരണമെന്ന ഉദ്ദേശ്യത്തോടെ സീറോമലബാർ മിഷനും മതബോധന കമ്മീഷനും സംയുക്തമായി നടത്തുന്ന 2022 ജനുവരി ഒൻപതാം തിയതിയിലെ ഓൺലൈൻ മിഷൻ ക്വിസ് പരിപാടിയിൽ സാധിക്കുന്നവരെല്ലാം പങ്കെടുക്കണം.

സഭയുടെ പ്രേഷിതപ്രവർത്തനം ഇപ്പോഴത്തെ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലും സജീവമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം മിഷനറിമാരായി പ്രവർത്തിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും അല്മായ

പ്രേഷിതരുടെയും വർദ്ധിച്ച തീക്ഷ്ണത തന്നെയാണ്. സുവിശേഷവത്ക്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ നമുക്കു പ്രാർത്ഥനയിൽ സ്മരിക്കുകയും സാധ്യമായ സഹകരണത്തിലൂടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അയയ്ക്കപ്പെടാൻ ഒരുക്കപ്പെട്ടിരുന്ന ശ്ലീഹന്മാരുടെ മനോഗതമറിഞ്ഞ് സെഹിയോൻ ശാലയിൽ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധ അമ്മ പ്രേഷിതപ്രവർത്തനങ്ങളിൽ മുന്നേറാൻ നമുക്കായി മാധ്യസ്ഥ്യം വഹിക്കട്ടെ. നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യം പ്രേഷിതസംരംഭങ്ങളിൽ നമുക്കു ശക്തി നൽകട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2021-ാം ആണ്ട് മാസം ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

---

1. 2022 ജനുവരി 02-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോമലബാർ സഭയുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. സീറോമലബാർ പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ചു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2022 ഫെബ്രുവരി 28 ന് മുമ്പായി എത്തിക്കേണ്ടതാണ്.

Ref: 3624 /K-5/KCBC/OL/DS 28.12.2021

# 2022 ജനുവരി 15
# കർഷകദിനം

## കെ.സി.ബി.സി. ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ രാജ്യത്തെ ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന കർഷകരും, അവരുടെ ജീവിതം തന്നെയായ കാർഷിക മേഖലയും, സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ അനുദിനം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും, പ്രകൃതി ക്ഷോഭങ്ങളും, വന്യമൃഗ വ്യവഹാരങ്ങളുമൊക്കെയായി പ്രകൃതി തന്നെ നൽകുന്ന ആപത്സൂചനകൾ ഒട്ടും ശുഭകരമല്ല. അതോടൊപ്പം രാജ്യത്തെ കർഷകരെ മുഴുവൻ ആശങ്കയിലാഴ്ത്തുന്നതായിരുന്നു 2020 സെപ്റ്റംബറിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കാർഷിക നിയമങ്ങൾ. കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കുക, തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പനയ്ക്കെത്തിക്കാൻ കർഷകനെ പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഇത് നടപ്പാക്കിയതെങ്കിലും, കാർഷികോൽപ്പന്നങ്ങൾക്ക് മിനിമം താങ്ങുവില ഉറപ്പുവരുത്താൻ ഇതിലൂടെ സാധിച്ചിരുന്നില്ല. ഇതിനെത്തുടർന്ന് ആരംഭിച്ച കർഷകപ്രതിഷേധത്തിന്റെ ഭാഗമായി കഴിഞ്ഞ ജനുവരി 15 'കിസാൻ അധികാർ ദിവസ്' അഥവാ 'കർഷക അവകാശ ദിന'മായി പ്രഖ്യാപിച്ചിരുന്നു. ഏകദേശം ഒരു വർഷത്തോളം നീണ്ട സമരഫലമായി കർഷകരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രസ്തുത നിയമങ്ങൾ പിൻവലിച്ച സർക്കാർ നടപടി കർഷകരെ സംബന്ധിച്ച് ശുഭസൂചനയാണ്.

കർഷക സഹോദരങ്ങൾക്ക് വേണ്ടി എന്നും ഉറച്ച നിലപാടെടുക്കാൻ സഭയെ പ്രേരിപ്പിക്കുന്നത് പ്രകൃതിയുടെ മഹത്വത്തെയും, ജീവസന്ധാരണത്തിൽ കാർഷികവൃത്തിയുടെ പ്രാധാന്യത്തെയും കുറിച്ച് സഭയ്ക്കുള്ള ദൈവശാസ്ത്രപരമായ കാഴ്ചപ്പാടാണ്. 'സൂക്ഷ്മതയോടെ മെനയുകയും സൃഷ്ടിക്കുകയും ഉരുവാക്കുകയും അറിയുകയും കാണുകയും ചെയ്യുന്ന' സൃഷ്ടാവിനെ പ്രകീർത്തിക്കുന്ന സങ്കീർത്തനമാണ് 139. സഭാപിതാവായ വി. ആഗസ്തീനോസ് 'ഉൽപത്തിയുടെ വാച്യാർത്ഥം' (De Genesi ad litteram) എന്ന ഗ്രന്ഥത്തിൽ സൃഷ്ടിയെ അതിന്റെ ശ്രേഷ്ഠതയിലും വൈവിധ്യത്തിലും വിവരിക്കുന്നുണ്ട്. പ്രപഞ്ചത്തിലെ ആദ്യ കർഷകനായി പിതാവായ ദൈവത്തെ തന്നെയാണ് വിശുദ്ധ ഗ്രന്ഥം വരച്ചുകാണിക്കുന്നത്. തന്റെ മനസ്സിലുള്ള വർണ്ണശബളമായ സ്വപ്നങ്ങളെ സൃഷ്ടികർമ്മത്തിലൂടെ പ്രപഞ്ചമാകുന്ന കൃഷിയിടത്തിൽ ആദ്യവിത്തുകളായി വിതച്ച് അവ മുളപൊട്ടുന്നത് കണ്ട് സന്തോഷിക്കുന്ന സർവ്വോദാരനായ കർഷകൻ. ആ ഒരു പശ്ചാത്തലം മനസ്സിൽ സൂക്ഷിക്കുന്ന യഹൂദരോടാണ് ഈശോ വിതക്കാരന്റെ ഉപമ പറഞ്ഞതും, പിതാവായ കൃഷിക്കാരനിൽ നിന്ന് താൻ കണ്ടറിഞ്ഞ സ്വർഗ്ഗീയ രഹസ്യങ്ങൾ മണ്ണിന്റെയും മരത്തിന്റെയും ഫലങ്ങളുടെയും വിളവെടുപ്പിന്റെയും കളയുടെയുമൊക്കെ ഭാഷയിലൂടെ അവരെ പഠിപ്പിക്കുന്നതും. അങ്ങനെ കൃഷിയെ പിതാവായ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലായാണ് സഭ കാണുന്നത്.

ഞാറ്റുവേല കൃഷിയിറക്കുന്നതും, പക്കം നോക്കി മരം വെട്ടുന്നതുമുൾപ്പെടെ പരമ്പരാഗതമായി നാം തുടരുന്ന കാർഷിക രീതികളെല്ലാം പ്രകൃതിയെ സൂഷ്മമായി നിരീക്ഷിച്ച് നേടിയ ശാസ്ത്രീയ ജ്ഞാനത്തിന്റെ ക്രിയാത്മകമായ ഉപയോഗമാണ്. പ്രകൃതിയെക്കുറിച്ചും അതിന്റെ പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളെക്കുറിച്ചുമുള്ള അറിവ് സർവ്വജീവജാലങ്ങളുടെയും നിലനിൽപ്പിനായി പ്രയോജനപ്പെടുത്തുന്ന

തിനെയാണ് ശാസ്ത്രീയജ്ഞാനം എന്ന് വിളിക്കുന്നത്. അത്തരത്തിൽ മനുഷ്യൻ ആദ്യമായി ശാസ്ത്രീയ മുന്നേറ്റം നടത്തിയത് കാർഷിക മേഖലയിലായിരുന്നു എന്നത് നിസ്തർക്കമാണ്. കാരണം നായാട്ടിന്റെ അപരിഷ്കൃത വേഷങ്ങളുപേക്ഷിച്ച് പ്രകൃതിയെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവുകളുടെ വെളിച്ചത്തിൽ പരിഷ്കൃത സമൂഹമായി നമ്മെ രൂപാന്തരപ്പെടുത്തിയത് കാർഷിക സംസ്കാരമാണ്.

'കർഷകൻ ഉഴുതുണ്ണുമ്പോൾ മറ്റുള്ളവർ തൊഴുതുണ്ണുന്നു' എന്ന് തമിഴ് കവി തിരുവള്ളുവർ പാടിയിട്ടുണ്ട്. പ്രകൃതിയും ദൈവവുമൊഴികെ മറ്റൊരു യജമാനന്റെ കീഴിലും ജോലി ചെയ്തല്ല കർഷകൻ അന്നം സമ്പാദിക്കുന്നത് എന്നാണ് ഇതിനർത്ഥം. എന്നാൽ ഇന്ന്, മാറിമാറിവരുന്ന രാഷ്ട്രീയ - ഉദ്യോഗസ്ഥ വൃന്ദങ്ങളുടെ മുമ്പിൽ നമ്മുടെ കർഷകർ തൊഴുത് നിൽക്കേണ്ടി വരുന്ന അനീതിയ്ക്കെതിരേ ശബ്ദമുയർത്താതിരിക്കാൻ സഭയ്ക്കാവില്ല. കർഷകപെൻഷൻ, വിലത്തകർച്ച, പട്ടയപ്രശ്നം, പരിസ്ഥിതിലോല മേഖലകളുടെ പ്രഖ്യാപനം, വന്യമൃഗ ശല്യം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ കർഷകരെ നിരന്തരം വലയ്ക്കുകയാണ്. മണ്ണിലിറങ്ങി പ്രകൃതിയെ പടുത്തുയർത്തുകയും പുനർനിർമ്മിക്കുകയും ചെയ്ത് സൃഷ്ടിപരത കാഴ്ചവയ്ക്കുന്ന കർഷകന്റെ ശക്തി 'ആംചെയർ പ്രകൃതിസംരക്ഷണവും,' 'ഡെസ്ക്ടോപ്പ് പരിസ്ഥിതി സ്നേഹവും' അവകാശപ്പെടുന്നവർക്ക്, മനസ്സിലാകണമെങ്കിൽ കർഷകർ ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ സംഘടിച്ചേ തീരൂ. കർഷകരെ ഒന്നിച്ച് നിർത്തുന്നതിനും, അധികാരികൾക്കു മുന്നിൽ അവരുടെ ശബ്ദം ഉയർന്നു കേൾക്കുന്നതിനും ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തുന്ന മുന്നേറ്റങ്ങൾക്ക് കൂടുതൽ ശക്തമായ പിന്തുണ ലഭിച്ചേ മതിയാകൂ. കർഷകരോടുള്ള അനീതിക്ക് കൃത്യമായ പരിഹാരം നേടിയെടുക്കാൻ പര്യാപ്തമായ മികച്ച ലീഗൽ ടീമിനെ വളർത്തിയെടുക്കേണ്ടതുണ്ട്. ജനിച്ച മണ്ണിൽ ജീവിക്കാൻ പാടുപെടുന്ന കർഷകരേക്കാൾ

പരിഗണന കാട്ടുമൃഗങ്ങൾക്ക് ലഭിക്കുന്നത് കാണുമ്പോൾ, മലയോര കർഷകരെ സംരക്ഷിത പട്ടികയിൽ പെട്ട കാട്ടുമൃഗ മായെങ്കിലും പ്രഖ്യാപിക്കാമോ എന്ന ചോദ്യം മനസ്സിലുയരുന്നു.

ജനുവരി പതിനഞ്ച് കേരള സഭ കർഷകദിനമായി ആചരിക്കുകയാണ്. എല്ലാ രൂപതകളും ഇടവകകളും കർഷക ദിനം സമുചിതമായി ആചരിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഇൻഫാം യൂണിറ്റുകളില്ലാത്ത എല്ലാ ഇടവക കളിലും പുതിയ യൂണിറ്റുകൾ സ്ഥാപിക്കാൻ രൂപതാ ഡയറക്ടർമാരും ഇടവകവികാരിമാരും മുൻകൈയെടുക്കണം. ഓരോ യൂണിറ്റും ഓരോ സ്വയം സംരംഭക സംഘമായി രജി സ്റ്റർ ചെയ്ത്, ഗുണമേന്മയുള്ള കാർഷികോത്പന്നങ്ങൾ വിപണിയിലെത്തിച്ച്, പരസ്പരസഹകരണത്തോടെ സ്വയം പര്യാപ്തത കൈവരിക്കാനുള്ള അവസരമായി ഇത് പ്രയോജ നപ്പെടുത്തണം. കർഷകദിനത്തോടനുബന്ധിച്ച് കാർഷിക സെമിനാർ, കാർഷിക മേള തുടങ്ങിയവ സംഘടിപ്പിക്കാവുന്ന താണ്. മാതൃകാ കർഷകരെ ആദരിക്കാനും, മനസ്സുമടുത്ത് കൃഷിയിൽ നിന്ന് പിന്തിരിയുന്നവർക്ക് കൃഷിയിലേക്ക് മടങ്ങിവരുന്നതിനാവശ്യമായ പ്രോത്സാഹനം നൽകാനും, പുതിയ തലമുറയെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കാ നുമുതകുന്ന പ്രവർത്തനങ്ങൾ നടത്തുകയും വേണം.

കർഷകരെ സഹായിക്കുന്നതിനുവേണ്ടി വിവിധങ്ങ ളായ പരിപാടികൾ സംഘടിപ്പിക്കുകയും അവരുടെ നിരവധി യായ പ്രശ്നങ്ങൾ അധികാരികളുടെ മുന്നിലെത്തിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന എല്ലാ സംഘടനകളെയും അവയുടെ രക്ഷാധികാരികളായ അഭിവന്ദ്യ പിതാക്കന്മാരെയും ബഹുമാനപ്പെട്ട വൈദികരെയും സന്യസ്ത രെയും കാർഷിക നേതാക്കന്മാരെയും നന്ദിയോടെ സ്മരിക്കുന്നു. പൂർവ്വികർ നമുക്ക് കാണിച്ചുതന്ന കാർഷിക സംസ്കാരം പിന്തുടർന്ന് പ്രകൃതിയേയും സർവ്വ ജീവജാലങ്ങ ളെയും സ്നേഹിക്കുന്ന ഒരു പുതിയ തലമുറ ഇവിടെ വളർന്നു

വരട്ടെ. കൃഷിയേയും, കർഷകരേയും പരിഗണിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ഭരണകൂടം, കർഷകർക്ക് താങ്ങും തണലുമായി എപ്പോഴുമുണ്ടായിരിക്കട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം. ധാർമ്മികതയും മൂല്യവുമുള്ള ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ നമുക്കൊന്നിച്ച് പരിശ്രമിക്കാം.

നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്ന സർവ്വശക്തനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

ഇൻഫാം ദേശീയ രക്ഷാധികാരി

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*

*കൊച്ചി - 682 025*

---

N.B: *2021 ജനുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

Ref: 3623 /K-5/KCBC/OL/DS 28.12.2021

# 55-ാമത് ലോകസമാധാനദിന ത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകുന്ന സന്ദേശം

**ജനുവരി 1, 2022**

## തലമുറകൾ തമ്മിലുള്ള സംഭാഷണം, വിദ്യാഭ്യാസം, തൊഴിൽ: സുസ്ഥിര സമാധാന സംസ്ഥാപനത്തിനുള്ള ഉപകരണങ്ങൾ

**1. സമാധാനം വിളംബരം ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരമാണ്! (ഏശ. 52:7)**

ഹിംസയും പീഡനവും സഹിച്ച്, അപമാനത്തിനും മരണത്തിനും വിധേയരാക്കപ്പെട്ട്, ആശയറ്റ് ദിനങ്ങൾ കഴിക്കുന്ന പ്രവാസികളുടെ നെടുവീർപ്പുകൾക്ക് ശബ്ദം നൽകുന്ന ഏശയ്യാ പ്രവാചകന്റെ ആശ്വാസ വചസ്സുകളാണിവ. ബാറൂക്ക് പ്രവാചകൻ അത്ഭുതപ്പെട്ടു: "ഇസ്രായേലേ നീ ശത്രുരാജ്യത്ത് അകപ്പെടാൻ എന്താണ് കാരണം? വിദേശത്തു വച്ച് വാർദ്ധക്യം പ്രാപിക്കുന്നതെന്തുകൊണ്ട്? മൃതരോടൊപ്പം അശുദ്ധരാകാൻ കാരണമെന്ത്? പാതാളത്തിൽ പതിക്കുന്നവരോടൊപ്പം നീ ഗണിക്കപ്പെടുന്നതെന്തുകൊണ്ട്?" (ബാറൂക്ക് 3:10.11) ഇസ്രായേലിലെ ജനങ്ങളെ സംബന്ധിച്ച്, സമാധാന ദൂതന്റെ വരവ് അർത്ഥമാക്കിയത് ചരിത്രത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നുള്ള പുനർജനിയും ശോഭനമായ ഭാവിയുടെ സമാരംഭവുമാണ്.

വി. പോൾ ആറാമൻ സമാധാന മാർഗത്തിന് നൽകിയ പുതിയ പേര് സമഗ്ര പുരോഗതി എന്നാണ്. ഏറെ ദുഃഖകരമെന്ന് പറയട്ടെ, ഇന്ന് അനേകം മനുഷ്യരുടെ ദൈനംദിന ജീവിത

ത്തിൽനിന്ന് സമാധാനം ഏറെ അകലെയാണ്. അപ്രകാരം ഇന്ന് പരസ്പരം പൂർണമായും ബന്ധിതമായ മനുഷ്യമഹാകുടുംബ ത്തിൽനിന്ന് അത് വിദൂരത്താണ്. രാഷ്ട്രങ്ങൾക്കിടയിലുള്ള സർ ഗാത്മകമായ സംഭാഷണം ലക്ഷ്യംവച്ചുകൊണ്ടുള്ള എണ്ണമറ്റ ഉദ്യമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, യുദ്ധങ്ങളുടെയും സംഘട്ട നങ്ങളുടെയും ചെകിടടപ്പിക്കുന്ന ശബ്ദം കൂടുതൽ രൂക്ഷമാവു കയാണ്. മഹാമാരിയുടെ മാനങ്ങളുള്ള അനേകം രോഗങ്ങൾ പടർന്നുപിടിക്കുമ്പോഴും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലങ്ങളും പരിസ്ഥിതി മലിനീകരണവും ഗുരുതരമായിക്കൊ ണ്ടിരിക്കുകയാണ്; വിശപ്പും ദാഹവുമെന്ന ദുരന്തം വർദ്ധിക്കു കയാണ്; ഐക്യദാർഢ്യപരമായ പങ്കുവയ്ക്കലല്ല, വ്യക്തി കേന്ദ്രീകൃതമായ സാമ്പത്തിക മാതൃകകളാണ് പ്രബലപ്പെട്ടു കൊണ്ടിരിക്കുന്നത്. പണ്ടത്തെ പ്രവാചകന്മാരുടെ കാലത്തെ ന്നപോലെ നമ്മുടെ ഇക്കാലത്തും കേൾക്കുന്നത് നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള യാചന തന്നെയായ 'പാവപ്പെട്ട വരുടെ കരച്ചിലും ഭൂമിയുടെ കരച്ചിലും' ആണ്.

ഓരോ കാലഘട്ടത്തിലും സമാധാനം എന്നത് ഒരേ സമയം ഉന്നതങ്ങളിൽ നിന്നുള്ള ദാനവും, പങ്കുവയ്ക്കപ്പെടു ന്ന പ്രതിബദ്ധതയുടെ ഫലവുമാണ്. തീർച്ചയായും നമുക്ക് സമാ ധാനം എന്ന ഒരു നിർമ്മിതിയെക്കുറിച്ച് സംസാരിക്കാനാവും. സമൂഹത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് ഇതിലേക്ക് സംഭാ വനയർപ്പിക്കാൻ സാധിക്കും. അതുപോലെ, നാം ഓരോരു ത്തരും നേരിട്ട് ബന്ധപ്പെടുന്ന സമാധാനമെന്ന കലയെക്കു റിച്ചും പറയാനാവും. കൂടുതൽ ശാന്തിനിറഞ്ഞ ഒരു ലോക ത്തിന്റെ സംരചനയിൽ ഏവർക്കും സഹകരിച്ച് പ്രവർത്തിക്കാ നാകും. ഇത് സമാരംഭിക്കേണ്ടത് വ്യക്തികളുടെ ഹൃദയങ്ങളി ൽനിന്നും കുടുംബാംഗങ്ങളുടെ പരസ്പര ബന്ധങ്ങളിൽ നി ന്നുമാണ്. ഒപ്പം, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയി ലുള്ള ബന്ധത്തിലും പ്രകൃതിയുമായുള്ള ബന്ധത്തിലും

അതുപോലെ, ജനതകൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും ഈ സുസ്വരത നിലനിൽക്കണം.

നിതാന്തമായ ശാന്തി പുലരുന്നതിനുവേണ്ടി മൂന്നു മാർഗങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, തലമുറകൾ തമ്മിലുള്ള സംഭാഷണമാണ്. പങ്കുവയ്ക്കപ്പെടുന്ന പദ്ധതികളുടെ സാക്ഷാത്കാരത്തിന് അടിസ്ഥാനമായി അത് വർത്തിക്കും. രണ്ട്, സ്വാതന്ത്ര്യം, ഉത്തരവാദിത്തം, വളർച്ച എന്നീ ഘടകങ്ങളുള്ള വിദ്യാഭ്യാസം. മൂന്നാമതായി മനുഷ്യാന്തസ്സിന്റെ പൂർണ്ണമായ സാക്ഷാത്കാരത്തിനുതകുന്ന തൊഴിൽ. സാമൂഹികമായ ഒരു ഉടമ്പടിയുടെ സംരചനയ്ക്ക് വേണ്ട, ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണിവ. ഇവയുടെ അഭാവത്തിൽ ഓരോ സമാധാന പദ്ധതിയും സാരവത്തല്ലാതായിത്തീരും.

**2. സമാധാനം കെട്ടിപ്പടുക്കുന്നതിനുവേണ്ടി തലമുറകൾ തമ്മിലുള്ള സംഭാഷണം**

വിവരണാതീതമായ പ്രശ്നങ്ങൾക്ക് വഴിവച്ച മഹാമാരിയുടെ പിടിയിലമർന്ന ലോകത്ത്, ചിലർ തങ്ങളുടെ ഇടുങ്ങിയ ആവൃതിയിൽ അഭയം പ്രാപിച്ചുകൊണ്ട് യാഥാർഥ്യത്തിൽനിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്നുണ്ട്. അതേസമയം, മറ്റു ചിലർ അതിനോട് പ്രതികരിക്കുന്നത് വിനാശകരമായ ഹിംസയിലൂടെയാണ്. എന്നാൽ, സ്വാർത്ഥമായ നിസ്സംഗതയ്ക്കും ഹിംസാത്മകമായ പ്രതിഷേധങ്ങൾക്കുമിടയിൽ സാധ്യമായ മറ്റൊരു മാർഗം 'ഡയലോഗ്' ആണ്. തലമുറകൾ തമ്മിലുള്ള സംഭാഷണമാണത്.

സത്യസന്ധമായ എല്ലാ സംഭാഷണങ്ങൾക്കും ശരിയായ, ഭാവാത്മകമായ ആശയങ്ങളുടെയും ദർശനങ്ങളുടെയും വിനിമയം എന്നതിനു പുറമെ, പങ്കാളികൾക്കിടയിലുള്ള പരസ്പരവിശ്വാസം ആവശ്യമുണ്ട്. ഈ പരസ്പര വിശ്വാസം

വീണ്ടെടുക്കാൻ നാം പഠിക്കണം. ഇക്കാലത്തെ ഈ ആരോഗ്യ പ്രതിസന്ധി നമ്മുടെ ഒറ്റപ്പെടൽ മനോഭാവത്തെയും, തന്നിലേക്കുതന്നെ ഉൾവലിയാനുള്ള പ്രവണതയെയും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രായംചെന്നവരുടെ ഏകാന്തതയ്ക്ക് ഒപ്പം നിൽക്കുന്നതാണ് യുവതയുടെ നിസ്സഹായതയും ഭാവിയെക്കുറിച്ചുള്ള ദർശനങ്ങളുടെ അഭാവവും. ഈ പകർച്ചവ്യാധി, തീർച്ചയായും, വേദനാജനകമായിരുന്നു. എന്നാൽ, ജനങ്ങളിലുള്ള ഏറ്റവും മഹത്തായ നന്മ പുറത്തുകൊണ്ടുവരുന്നതിനും അത് സഹായകമായി. മഹാമാരിക്കാലത്ത് കരുണയുടെ ഉദാരവും ഉദാത്തവുമായ അനവധി ഉദാഹരണങ്ങൾ നാം കണ്ടു. പങ്കുവയ്ക്കലും കൂട്ടായ്മയും ലോകത്തിന്റെ എല്ലാഭാഗത്തും പ്രകടമായി.

പരസ്പരം ശ്രവിക്കൽ, വിവിധ കാഴ്ചപ്പാടുകളുടെ പങ്കുവയ്ക്കൽ, ധാരണയിൽ എത്തിച്ചേരൽ, പിന്നീടുള്ള ഒന്നിച്ചുപോകൽ എന്നിവയെല്ലാം ഡയലോഗിന്റെ അവിഭാജ്യ ഘടകങ്ങളാണ്. സംഘർഷങ്ങളുടെയും നിസ്സംഗതയുടെയും കഠിനവും ഊഷരവുമായ മണ്ണിനെ ഉഴുതുമറിച്ച് അവിടെ നിതാന്തവും പങ്കുവയ്ക്കപ്പെടുന്നതുമായ ശാന്തിയുടെ വിത്തുകൾ വിതയ്ക്കുക എന്നത് തലമുറകൾ തമ്മിലുള്ള ഇത്തരം സംഭാഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗം തന്നെയാണ്.

സാങ്കേതിക വിദ്യയിലും സാമ്പത്തിക മേഖലയിലും ഉണ്ടായ വളർച്ച മൂലം, തലമുറകൾക്കിടയിൽ ഒരു വിഭജനം ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ പ്രതിസന്ധി തലമുറകളുടെ പങ്കാളിത്തത്തിന്റെ ആവശ്യകതയെയാണ് എടുത്തുകാണിക്കുന്നത്. യുവാക്കൾക്ക് മുതിർന്നവരുടെ അറിവും അനുഭവജ്ഞാനവും ആവശ്യമായിരിക്കുന്നതുപോലെ മുതിർന്നവർക്ക് യുവാക്കളുടെ പിന്തുണയും സ്നേഹവും ഒപ്പം അവർക്കുണ്ടായിരിക്കുന്ന സർഗാത്മകതയും ചലനാത്മകതയും ആവശ്യമാണ്.

സാമൂഹികമായ വലിയ വെല്ലുവിളികളും സമാധാന പ്രക്രിയകളും സ്മരണകളുടെ സൂക്ഷിപ്പുകാരായ മുതിർന്ന

വരും ചരിത്രത്തെ മുന്നോട്ടുനയിക്കേണ്ട യുവാക്കളും തമ്മിലുള്ള സംവാദത്തെ അത്യന്താപേക്ഷിതമാക്കുന്നു. ഇതരർക്ക് ഇടം അനുവദിക്കാൻ ഇരുകൂട്ടരും പരസ്പരം തയ്യാറാവണം. സ്വന്തം സ്ഥാപിത താല്പര്യങ്ങൾ പിന്തുടർന്ന് സമസ്ത മേഖലകളും തങ്ങളുടെ കുത്തകയാക്കണമെന്ന ചിന്തവെടിയണം. ഭൂതവും ഭാവിയും ഇല്ലെന്ന് ആരും ചിന്തിക്കാതിരിക്കട്ടെ. ആരോഗ്യകരമായ രാഷ്ട്രീയത്തിന്റെ ചാലകശക്തി തലമുറകൾ തമ്മിലുള്ള പരസ്പര സംഭാഷണമാണെന്ന വസ്തുതയാണ്, നാമിപ്പോൾ അഭിമുഖീകരിക്കുന്ന ആഗോള പ്രതിസന്ധി വ്യക്തമാക്കുന്നത്. 'ഇന്നത്തെ പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരമോ തട്ടിക്കൂട്ടലോ കൊണ്ടുമാത്രം ആരും തൃപ്തരല്ല', പ്രത്യുത, ഭാവിക്കുവേണ്ടിയുള്ള സുസ്ഥിരവും പങ്കുവയ്ക്കപ്പെടുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കുന്ന ഉദാത്തമായ പരസ്നേഹത്തിന്റെ മഹിതമാതൃക എന്ന നിലയ്ക്കാണ് അവർ അതിനെ വീക്ഷിക്കുന്നത്.

പ്രശ്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയിൽ ഇപ്രകാരം തലമുറകൾ തമ്മിലുള്ള സംഭാഷണം നടത്തുകയാണെങ്കിൽ "വർത്തമാനകാലത്ത് വേരൂന്നി നിന്നുകൊണ്ട് ഭൂതകാലത്തെ പുനഃസന്ദർശിക്കാനും ഭാവിയെ ദർശിക്കാനും സാധിക്കും. ഭൂതകാലത്തെ നാം പുനഃസന്ദർശിക്കുന്നത് ചരിത്രത്തിൽനിന്ന് പഠിക്കുന്നതിനും ഇന്നും നമ്മെ അലട്ടുന്ന ചില പഴയ മുറിവുകൾ ഉണക്കുന്നതിനും വേണ്ടിയാണ്. ഭാവിയിലേക്ക് നോക്കുന്നത് നമ്മുടെ ഉത്സാഹത്തെ പരിപോഷിപ്പിക്കുന്നതിനും പുതിയ സ്വപ്നങ്ങൾ നെയ്തെടുക്കുന്നതിനും പുതിയ പ്രവചനങ്ങളെ ഉണർത്തുന്നതിനും പ്രത്യാശ പൂവണിയുന്നതിനും ഉപകരിക്കും. ഒരുമിച്ച് നമുക്ക് പങ്കുവച്ച് പഠിക്കാം. വേരുകളില്ലാതെ മരങ്ങൾക്ക് എങ്ങനെയാണ് വളരാനും ഫലം പുറപ്പെടുവിക്കാനും സാധിക്കുക?

നാം നമ്മുടെ പൊതു ഭവനത്തെക്കുറിച്ചുള്ള കരുതലിനെപ്പറ്റി ചിന്തിക്കുക മാത്രമേ വേണ്ടൂ. യഥാർത്ഥത്തിൽ, പരിസ്ഥിതി ഓരോ തലമുറയ്ക്കും കടമായി നല്കപ്പെട്ടതാണ്, അടുത്ത തലമുറയ്ക്ക് കൈമാറാൻ വേണ്ടി. കൂടുതൽ നീതിയുക്തമായ, നീതിനിറഞ്ഞ ഒരു ലോകത്തിനുവേണ്ടി പ്രവർത്തിക്കുന്ന യുവാക്കളെ നാം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ആ ലോകം നമ്മുടെ കാവലിനും സൂക്ഷിപ്പിനുമായി ഏല്പിക്കപ്പെട്ടിട്ടുള്ള സൃഷ്ടികളോട് കരുണാർദ്രമായ കരുതലുള്ളതാണ്. തികഞ്ഞ ഉത്സാഹത്തോടും ആർജ്ജവത്തോടും കൂടിയാണ് അവർ ഇക്കാര്യം നിർവ്വഹിക്കുന്നത്. ഇന്നത്തെ ധാർമ്മിക സാമൂഹിക പാരിസ്ഥിതിക പ്രതിസന്ധികൾ ഉയർത്തുന്ന വെല്ലുവിളികൾ അനിവാര്യമാക്കുന്ന അടിയന്തരമായ ഗതിമാറ്റമാണ് അവരെ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നത്.

സമാധാനത്തിന്റെ പാതകൾ കൂട്ടായി നിർമ്മിക്കാനുള്ള സാഹചര്യത്തിന് വിദ്യാഭ്യാസവും തൊഴിലും അവഗണിക്കാനാവില്ല. ഇവരണ്ടുമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വേദിയും പശ്ചാത്തലവും ഒരുക്കുന്നത്. വിദ്യാഭ്യാസമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വ്യാകരണം നൽകുന്നത്. തൊഴിലിന്റെ അനുഭവംവഴി വിവിധ തലമുറകളിലെ പുരുഷന്മാരും സ്ത്രീകളും പ്രാഗല്ഭ്യവും അനുഭവജ്ഞാനവും നൈപുണ്യവും പങ്കുവയ്ക്കുകയും പൊതുനന്മയെ കരുതി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സാധ്യതയെ സാക്ഷാത്കരിക്കുകയും ചെയ്യുന്നു.

**3. സമാധാനത്തിന്റെ ചാലകശക്തിയായി അധ്യാപനവും വിദ്യാഭ്യാസവും.**

അടുത്തകാലത്ത് ലോകമാസകലം വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി ലഭിച്ചിരുന്ന ഫണ്ടുകളിൽ നിർണ്ണായകമായ ഇടിവുണ്ടായി. ഒരു നിക്ഷേപം എന്നതിനെക്കാൾ ചില

വായിട്ടാണ് ഇവയെ കണക്കാക്കിയിരുന്നത്. എന്നിരുന്നാലും, സമഗ്രമായ മാനുഷിക വികസനത്തിന്റെ പ്രാഥമികമായ ഉപകരണമാണത്. വ്യക്തികളെ കൂടുതൽ സ്വതന്ത്രരും ഉത്തരവാദിത്തമുള്ളവരും ആക്കുന്നത് വിദ്യാഭ്യാസമാണ്. സമാധാനത്തിന്റെ സാധൂകരണത്തിനും ഉന്നമനത്തിനും അത്യന്താപേക്ഷിതമാണത്. ചുരുക്കത്തിൽ, ഒത്തൊരുമയുള്ള ഒരു പൗരസമൂഹത്തിന്റെ അടിസ്ഥാനം അധ്യാപനവും വിശ്വാസവുമാണ്. അവ പ്രത്യാശയും ഐശ്വര്യവും പുരോഗതിയും സൃഷ്ടിക്കുന്നു.

നേരേമറിച്ച്, സൈനികച്ചെലവുകൾ ശീതയുദ്ധാനന്തര കാലത്തേതുമായി തട്ടിച്ചുനോക്കുമ്പോൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇനിയും അത് അമിതമായി വർദ്ധിക്കുമെന്ന് ഉറപ്പാണ്. സർക്കാരുകൾ സാമ്പത്തിക നയങ്ങളിൽ കാതലായ മാറ്റംവരുത്തി, വിദ്യാഭ്യാസത്തിനും ആയുധ സംഭരണത്തിനുമായി പൊതു ഖജനാവിൽനിന്ന് നീക്കിവയ്ക്കുന്ന വിഹിതങ്ങളിൽ ഒരു വിപരീതാനുപാതം നടപ്പിൽ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആത്മാർത്ഥമായ ഒരു അന്തർദ്ദേശീയ നിരായുധീകരണ പ്രക്രിയായജ്ഞം തുടങ്ങുന്നത് ജനതതികൾക്കും രാഷ്ട്രങ്ങൾക്കും വലിയ നേട്ടമായിരിക്കും. അതുവഴി മാറ്റിവയ്ക്കാൻ കഴിയുന്ന ഫണ്ടുപയോഗിച്ച് ആരോഗ്യപരിരക്ഷ, സ്കൂളിൽ അടിസ്ഥാന സൗകര്യ വികസനം, ഭൂമിയുടെ പരിരക്ഷ എന്നിവ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയും.

വിദ്യാഭ്യാസത്തിൽ നടത്തുന്ന മുതൽമുടക്കിനെ തുടർന്ന് കരുതലിന്റെ ഒരു സംസ്കാരം വളർത്തുന്നതിനുള്ള കൂടുതലായ ഉദ്യമങ്ങളും ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സാമൂഹിക വിഭാഗീകരണങ്ങളും, നിസ്സംഗത പുലർത്തുന്ന സ്ഥാപനങ്ങളും നിലനിൽക്കുന്നതിനിടയിൽ ഇത് ഒരു പൊതുഭാഷയായി വികസിച്ച് തടസ്സങ്ങളും മതിലുകളും

തട്ടിനിരത്തി പരസ്പര ധാരണയുടെ ഒരു പാലം പണിയാൻ അതിടയാക്കും. "ഒരു രാജ്യം തിളങ്ങിവിളങ്ങുന്നത് സർഗാത്മ കമായ സംഭാഷണം സമ്പന്നമായ അതിന്റെ സാംസ്കാരിക ഘടകങ്ങൾക്കിടയിൽ നടക്കുമ്പോഴാണ്. ജനപ്രിയ സംസ്കാരം, സർവ്വകലാശാലാ സംസ്കാരം, യുവജന സംസ്കാരം, കലാസാംസ്കാരം, സാങ്കേതിക സംസ്കാരം, സാമ്പത്തിക സംസ്കാരം, കുടുംബ സംസ്കാരം, മാധ്യമ സംസ്കാരം എന്നിവ സംസ്കാരത്തിന്റെ വിവിധ ഘടകങ്ങളാണ്. ആയതി നാൽ, സംസ്കാരത്തിന്റെ ഒരു നവ മാതൃക വളർത്തിയെടു ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പുതിയ തലമുറയ്ക്കു വേണ്ടി അവരോടൊപ്പംചേർന്നുള്ള ഒരു അന്തർദേശീയ ഉടമ്പ ടിയിലൂടെ ഇത് സാധ്യമാണ്. സമഗ്ര വളർച്ച പ്രാപിക്കുന്ന യുവതീയുവാക്കളെ പരിശീലിപ്പിക്കുന്നതിന് പ്രതിബദ്ധത യോടെ പ്രവർത്തിക്കാൻ കുടുംബങ്ങളെയും സമൂഹത്തെയും സ്കൂളുകളെയും സർവ്വകലാശാലകളെയും സ്ഥാപനങ്ങളെയും മതങ്ങളെയും സർക്കാരുകളെയും മനുഷ്യമഹാകുടുംബത്തെ തന്നെയും ഇതിൽ ഭാഗഭാക്കുകളാക്കണം. സമഗ്രമായ ഈ വിദ്യാഭ്യാസ പദ്ധതിയിൽ, സമഗ്ര പരിസ്ഥിതിശാസ്ത്രം, സമാ ധാനത്തിന്റെ സാംസ്കാരിക മാതൃക, സാഹോദര്യ കേന്ദ്രിത മായ സുസ്ഥിരവികസനം, മനുഷ്യനും പരിസ്ഥിതിയുമായു ള്ള ഉടമ്പടി എന്നീ വിഷയങ്ങൾ ഉൾപ്പെടുന്നു.

പുതിയ തലമുറയുടെ വിദ്യാഭ്യാസത്തിലും പരിശീലന ത്തിലും നാം നിക്ഷേപങ്ങൾ നടത്തുക വഴി, അവരുടെ സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അവരെ നമുക്ക് സഹായിക്കാനാകും. അപ്രകാരം, അവർ അർഹി ക്കുന്ന തൊഴിൽ അവർക്ക് സംലഭ്യമാവുകയും ചെയ്യും.

**4. തൊഴിൽ സൃഷ്ടിക്കുകയും ഉറപ്പാക്കുകയും വഴി സമാധാ നം സംജാതമാക്കാം**

സമാധാനം സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും തൊഴിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്. നമ്മുടെയും

നമ്മുടെ താലന്തുകളുടെയും പ്രതിബദ്ധതയുടെയും നിക്ഷേപങ്ങളുടെയും സഹകരണത്തിന്റെയും പ്രകാശനമാണ് നാം ചെയ്യുന്ന തൊഴിൽ. മറ്റുള്ളവർക്കൊപ്പമോ മറ്റൊരാൾക്കുവേണ്ടിയോ ആണല്ലോ നാം സാധാരണയായി ജോലി ചെയ്യുക. ഈ സാമൂഹിക പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ കൂടുതൽ സുന്ദരവും ജീവിക്കാൻ ഉതകുന്നതുമായ ലോകത്തിന്റെ സംരചനയിൽ സംഭാവനകളർപ്പിക്കാൻ നമ്മുടെ തൊഴിലിടം നമ്മെ പ്രാപ്തരാക്കും.

കോവിഡ് 19 എന്ന മഹാമാരി നമ്മുടെ തൊഴിൽമേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു രംഗമാണിത്. ദശലക്ഷക്കണക്കിന് വരുന്ന സാമ്പത്തിക ഉൽപ്പാദന സംരംഭങ്ങൾ പാടേ പരാജയപ്പെട്ടു. ദിവസ വേതനക്കാരായ തൊഴിലാളികൾ കൂടുതൽ കഷ്ടത്തിലായി. അവശ്യ സേവന മേഖലകളിൽ തൊഴിലെടുത്തിരുന്നവരുടെ സാമൂഹിക സ്ഥിതി കൂടുതൽ പരിതാപകരമാണ്. വിദൂരവിദ്യാഭ്യാസം മൂലം പഠനത്തിൽ പോരായ്മകളുണ്ടായി. കോഴ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാനായില്ല. തൊഴിൽമേഖലയിൽ പ്രവേശിക്കാൻ കാത്തിരിക്കുന്നവരും തൊഴിലില്ലാതായിത്തീർന്ന യുവാക്കളും അഭിമുഖീകരിക്കുന്നത് ഇരുണ്ട ഭാവിയെയാണ്.

അനൗപചാരിക സാമ്പത്തിക മേഖലയിലും സവിശേഷമായ രീതിയിൽ ഈ പ്രതിസന്ധിയുടെ ആഘാതം ഏറെ നാശം വിതച്ചു. അതിഥിത്തൊഴിലാളികളാണ് ഇതിന്റെ ആഘാതം ഏറ്റവുമധികം ഏറ്റുവാങ്ങിയത്. പലരാജ്യങ്ങളും അതിഥിത്തൊഴിലാളികളെ അംഗീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് അസ്തിത്വമില്ലാത്ത സ്ഥിതിയാണുള്ളത്. അവരും അവരുടെ കുടുംബങ്ങളും ജീവിക്കുന്നത് വളരെ ദയനീയമായ അവസ്ഥയിലാണ്. പലതരത്തിലുള്ള അടിമത്തങ്ങൾക്കും ഇരയാണവർ. അവരെ

സംരക്ഷിക്കുന്നതിനുള്ള യാതൊരുവിധ ക്ഷേമപദ്ധതികളും പലയിടങ്ങളിലുമില്ല. ലോകത്തിലെ തൊഴിലാളികളിൽ മൂന്നിൽ ഒരാൾക്ക് മാത്രമേ സാമൂഹിക സുരക്ഷയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ. ഹിംസയും സംഘടിതമായ കുറ്റകൃത്യങ്ങളും പലരാജ്യങ്ങളിലും വർദ്ധിച്ചുവരുന്നത് പ്രതികൂലമായി ബാധിക്കുന്നത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അന്തസ്സിനെയുമാണ്. അത് സാമ്പത്തിക വ്യവസ്ഥയെ വിഷലിപ്തമാക്കുകയും പൊതുനന്മയുടെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇതിനുള്ള ഏകപരിഹാരം അന്തസ്സുള്ള തൊഴിലവസരങ്ങളുടെ വികാസമാണ്.

ഏതൊരുസമൂഹത്തിലും നീതിയും അഖണ്ഡതയും വളർത്തിയെടുക്കേണ്ടത് തൊഴിലിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഇക്കാരണത്താൽ, "മനുഷ്യാധ്വാനത്തെ പാടേ ഇല്ലാതാക്കുന്ന സാങ്കേതിക വളർച്ച ഉണ്ടാകണമെന്ന ലക്ഷ്യം നാം മുന്നിൽ വയ്ക്കരുത്. അത് മനുഷ്യവംശത്തിനുതന്നെ നാശകരമായിരിക്കും. തൊഴിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ഭൂമിയിലെ ജീവിതത്തിന് അർത്ഥം നൽകുന്ന മുഖ്യ ഘടകമാണത്. വളർച്ചയിലേക്കും മാനുഷികമായ വികാസത്തിലേക്കും വ്യക്തിപരമായ സാഫല്യത്തിലേക്കുമുള്ള പാതയാണത്. നമ്മുടെ ആശയങ്ങളും പരിശ്രമങ്ങളും സമന്വയിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്തി തൊഴിലെടുക്കാൻ തക്ക പ്രായമുള്ളവർക്കൊക്കെ തൊഴിൽ ചെയ്യാനുള്ള അവസരം ലഭ്യമാക്കണം. അപ്രകാരം ഓരോരുത്തരുടെയും കുടുംബജീവിതത്തിലേക്കും സമൂഹത്തിന് മൊത്തത്തിലും സേവനമർപ്പിക്കാൻ സാഹചര്യം സൃഷ്ടിക്കപ്പെടും.

മറ്റെല്ലാ കാലത്തെയുംകാൾ ലോകത്താകമാനം മെച്ചപ്പെട്ടതും അന്തസ്സാർന്നതുമായ തൊഴിൽസാഹചര്യം ഉറപ്പാക്കുന്നതിന് അടിയന്തിര പ്രാധാന്യമുണ്ട്. അത് പൊതു നന്മയെ ലക്ഷ്യം വെയ്ക്കുന്നതും സൃഷ്ടിയെ ആകെ പരിപാലിക്കു

ന്നതുമായിരിക്കണം. ബിസിനസ് സംരംഭകരുടെ ഉദ്യമങ്ങളെ ഉറപ്പാക്കുകയും പിന്തുണയ്ക്കുകയും വേണം. അതേസമയം, സാമൂഹിക ഉത്തരവാദിത്വത്തെക്കുറിച്ച് നവമായൊരു അവ ബോധം അത്യാവശ്യമായും പ്രോത്സാഹിക്കപ്പെടണം. അതു വഴി ലാഭം മാത്രമാണ് ഏകചാലകശക്തി എന്ന മാനദണ്ഡം ഇല്ലാതാവും.

ഇതിന്റെ വെളിച്ചത്തിൽ തൊഴിലാളികളുടെ മൗലികാ വകാശങ്ങളെ ആദരിക്കുന്നതിലേക്കു നയിക്കുന്ന എല്ലാ ഉദ്യമ ങ്ങളെയും പ്രോത്സാഹിപ്പിക്കുകയും സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും വേണം. ഇതിനെക്കുറിച്ചുള്ള അവ ബോധം, കമ്പനികളെയും സ്ഥാപനങ്ങളെയും ഉപഭോക്താ ക്കളിലും പൗരസമൂഹത്തിലും സംരംഭകരുടെ തലത്തിലും വളർത്തിയെടുക്കണം. സമൂഹത്തിൽ തങ്ങളുടെ സ്ഥാനം ശരിയായി മനസ്സിലാക്കുന്ന സംരംഭകർ തങ്ങളുടെ സ്ഥാപന ങ്ങളെ മനുഷ്യാന്തസ്സിനെ ആദരിക്കുന്ന ഇടങ്ങളായി കണക്കാ ക്കും. അതുവഴി അവരും സമാധാന സംസ്ഥാപനത്തിൽ പങ്കാളികളാവും. ഇവിടെ രാഷ്ട്രീയത്തിന് നിർണായകമായ പങ്കുവഹിക്കാനാവും. സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹിക നീതിയും തമ്മിലുള്ള നീതിപൂർവ്വകമായ ഒരു പൊരുത്തം ഉണ്ടാവണം. കത്തോലിക്കാ തൊഴിലാളികൾ, സംരംഭകർ തുടങ്ങി ഈ മേഖലയിലുള്ളഎല്ലാവർക്കും മാർഗദർശനം നല്കാൻ പര്യാപ്തമാണ് സഭയുടെ സാമൂഹിക പ്രബോധന ങ്ങൾ.

പ്രിയ സഹോദരീസഹോദരന്മാരേ, മഹാമാരിയിൽ നിന്നും രക്ഷനേടാൻ നാം സഹകരിച്ച് സംഘാതമായി നമ്മുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടു പോകുമ്പോൾ ഉദാരമായി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന എല്ലവ രോടുമുള്ള എന്റെ കൃതജ്ഞത ഞാൻ വീണ്ടും നവീകരി ക്കുന്നു. വിദ്യാഭ്യാസം, സുരക്ഷ, അവകാശസംരക്ഷണം

ആരോഗ്യപരിരക്ഷ, കുടുംബങ്ങളുടെയും രോഗികളുടെയും ശുശ്രൂഷ, ജീവകാരുണ്യ പ്രവർത്തനം, തൊഴിൽ നഷ്ടപ്പെട്ട വരുടെ പുനരധിവാസം എന്നീ മേഖലകളിൽ സേവനം ചെയ്യുന്ന സർവരെയും നന്ദിപൂർവം സ്മരിക്കുന്നു. കഷ്ടപ്പാടനു ഭവിക്കുന്ന സകലരെയും അവരുടെ കുടുംബങ്ങളെയും എന്റെ പ്രാർത്ഥനകളിൽ ഓർമ്മിക്കുന്നു.

സർക്കാരിലെ നേതാക്കളോടും രാഷ്ട്രീയ സാമൂഹിക മേഖലകളിലെ ഉത്തരവാദിത്വ പ്പെട്ടവരോടും പുരോഹിതരോടും അജപാലകരോടും സന്മനസ്സുള്ള സകല സ്ത്രീപുരുഷന്മാരോടും ഞാൻ അഭ്യർത്ഥിക്കുന്നു. ധീരതയോടും സർഗാത്മകതയോടും തലമുറകൾ തമ്മിലുള്ള സംവാദത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും പാതയിൽ ഒന്നിച്ചു നടന്നു നീങ്ങാം. എളിമയോടും ധീരതയോടും കൂടെ കൂടുതൽ കൂടുതൽ പുരുഷന്മാരും സ്ത്രീകളും സമാധാനത്തിന്റെ ശില്പികളായിത്തീരട്ടെ! സാമാധാനത്തിന്റെ ദൈവം അവരെ പ്രചോദിപ്പിക്കുകയും അവരിൽ അനുഗ്രഹം വർഷിക്കുകയും ചെയ്യട്ടെ!

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2021

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025

# COLLECTION LIST

| Sl. No. | PARISH | HOLY LAND | SEMINARIANS' AID FUND |
|---|---|---|---|
| 1 | ADIVARAM | 3802 | 1615.00 |
| 2 | ADUKKAM | 2500 | 3500.00 |
| 3 | AIMCOMBU | 5200 | 4500.00 |
| 4 | ALPHONSAGIRI | 2280 | 3000.00 |
| 5 | ALPHONSAPURAM | 500 | 500.00 |
| 6 | AMPARANIRAPPEL | | |
| 7 | ANTHIALAM | 7946 | 12933.00 |
| 8 | ANTHINADU | 5410 | 4230.00 |
| 9 | ARAKULAM NEW | 2500 | 5000.00 |
| 10 | ARAKULAM OLD | | |
| 11 | ARUNAPURAM | | |
| 12 | ARUNOOTTIMANGALAM | 9600 | 11800.00 |
| 13 | ARUVITHURA | 23165 | 23165.00 |
| 14 | AYYAMPARA | 5385 | 5670.00 |
| 15 | BHARANANGANAM | 21200 | 24680.00 |
| 16 | CHAKKAMPUZHA | 3100 | 12000.00 |
| 17 | CHEMMALAMATTOM | | |
| 18 | CHEMPILAVU | 1790 | 4210.00 |
| 19 | CHENNAD | | |
| 20 | CHERPUMKAL | 29000 | 24000.00 |
| 21 | CHETTUTHODU | 6000 | 9615.00 |
| 22 | CHITTAR | 4900 | 5100.00 |
| 23 | CHOLATHADAM | | |
| 24 | CHOONDACHERY | 3200 | 5000.00 |
| 25 | EDADU | 500 | 700.00 |
| 26 | EDAMARUKU | 1100 | 1000.00 |
| 27 | EDAPPADY | 2000 | 2000.00 |
| 28 | ELAMTHOTTAM | 5000 | 5000.00 |

| | | | |
|---|---|---|---|
| 29 | ELANJI | 24500 | 10100.00 |
| 30 | ELAPPALLY | 1750 | 1950.00 |
| 31 | EZHACHERRY | | |
| 32 | FATHIMAPURAM | 10640 | 5812.00 |
| 33 | GAGULTHA | 1000 | 1000.00 |
| 34 | GEOVALLY | 2500 | 2500.00 |
| 35 | IDAMATTAM | 5000 | 5791.00 |
| 36 | JAIGIRI | 2500 | 2500.00 |
| 37 | JOSE MOUNT (ILLIARY) | | |
| 38 | JOSEGIRI | 4000 | 2000.00 |
| 39 | KADANAD | | |
| 40 | KADAPLAMATTAM | 12732 | 15647.00 |
| 41 | KADUTHURUTHY | 35115 | 17470.00 |
| 42 | KAIPPALLY | 2500 | 2305.00 |
| 43 | KAKKOOR | | |
| 44 | KAKOMBU | 3500 | 2070.00 |
| 45 | KALATHOOKADAVU | | |
| 46 | KALATHOOR | 5025 | 5000.00 |
| 47 | KALIKAVU | 8050 | 7640.00 |
| 48 | KANJIRAMATTAM | 10184 | 13230.00 |
| 49 | KANJIRATHANAM | 17944 | 22839.00 |
| 50 | KARIMPANY | 1000 | 1000.00 |
| 51 | KAROOR | 3000 | 6000.00 |
| 52 | KATTAMPAK | 3000 | 2000.00 |
| 53 | KAVALY | 1810 | 890.00 |
| 54 | KAVEEKUNNU | 10920 | 3730.00 |
| 55 | KAVUMKANDAM | | |
| 56 | KAYYOOR | 1500 | 2000.00 |
| 57 | KEEZHOOR | 12901 | 6905.00 |
| 58 | KIZHAPARAYAR | 2130 | 5000.00 |
| 59 | KIZHATHADIYOOR | 10297 | 9925.00 |

| | | | |
|---|---|---|---|
| 60 | KONDAD | 5000 | 3000.00 |
| 61 | KOODALLOOR | 10000 | 20000.00 |
| 62 | KOOTHATTUKULAM | 5000 | 5000.00 |
| 63 | KOOTTIKAL | 10000 | 12000.00 |
| 64 | KOTHANALLOOR | 11050 | 9990.00 |
| 65 | KOZHUVANAL | 13890 | 17060.00 |
| 66 | KUDAKKACHIRA | 7026 | 10000.00 |
| 67 | KUDAYATHOOR | 3000 | 2500.00 |
| 68 | KULAMAVU | 1741 | 2470.00 |
| 69 | KUNNONNI | 6104 | 2427.00 |
| 70 | KURAVILANGAD | | |
| 71 | KURICHITHANAM | 10000 | 8000.00 |
| 72 | KURINJI | 7000 | 5000.00 |
| 73 | KURUMANNU | 10060 | 8025.00 |
| 74 | KURUVINAL | 6640 | 2600.00 |
| 75 | LALAM NEW, PALAI | 6600 | 6550.00 |
| 76 | LALAM OLD, PALAI | 12500 | 8160.00 |
| 77 | LOURDES MOUNT | 1000 | 650.00 |
| 78 | MALAPURAM | 8780 | 5725.00 |
| 79 | MALAYINCHIPARA | 750 | 750.00 |
| 80 | MALLIKASSERY | 4397 | 3805.00 |
| 81 | MANALUMKAL | 3500 | 3800.00 |
| 82 | MANATHOOR | 6433 | 4434.00 |
| 83 | MANGALAGIRI | 1000 | 1000.00 |
| 84 | MANGALARAM | 5244 | 6160.00 |
| 85 | MANIAMKULAM | 1000 | 1000.00 |
| 86 | MANIAMKUNNU | 5250 | 7030.00 |
| 87 | MANJAMATTAM | 1950 | 2500.00 |
| 88 | MANNACKANAD | 8000 | 6000.00 |
| 89 | MANNAR | 15620 | 13220.00 |
| 90 | MANNARAPPARA | | |

| | | | |
|---|---|---|---|
| 91 | MANVETTAM | | |
| 92 | MARANGATTUPALLY | 10000 | 15000.00 |
| 93 | MARANGOLY | 5104 | 6313.00 |
| 94 | MARYLAND | 3000 | 4000.00 |
| 95 | MATTAKKARA | | |
| 96 | MEENACHIL | | |
| 97 | MAVADY | 4031 | 3900.00 |
| 98 | MELUKAVUMATTAM | 5000 | 5000.00 |
| 99 | MEVADA | | |
| 100 | MONIPPALLY | 10480 | 12030.00 |
| 101 | MOOLAMATTOM | | |
| 102 | MOONNANI | 1094 | 720.00 |
| 103 | MOONNILAVU | 15000 | 8000.00 |
| 104 | MOOZHOOR | 8100 | 14100.00 |
| 105 | MUNDANKAL | 3320 | 3660.00 |
| 106 | MULAKULAM | 5367 | 7240.00 |
| 107 | MUTHOLAPURAM | 15000 | 15000.00 |
| 108 | MUTHOLY | 11509 | 9630.00 |
| 109 | MUTTUCHIRA | 27624 | 20398.00 |
| 110 | NAMBIAKULAM | 6800 | 13000.00 |
| 111 | NARIANGANAM | 7800 | 7000.00 |
| 112 | NELOOR | | |
| 113 | NEERANTHANAM | 10758 | 7351.00 |
| 114 | NELLAPPARA | | |
| 115 | NELLIANI | 4800 | 4000.00 |
| 116 | PADUVA | 3976 | 3928.00 |
| 117 | PAIKA | 17750 | 8150.00 |
| 118 | PAINGULAM | 6917 | 3000.00 |
| 119 | PALAI CATHEDRAL | 30000 | 75000.00 |
| 120 | PALAKAD | 6750 | 3750.00 |
| 121 | PALAKKATTUMALA | | |

| | | | |
|---|---|---|---|
| 122 | PALAYAM | 4360 | 10480.00 |
| 123 | PARATHANAM | | |
| 124 | PAYYANITHOTTOM | | |
| 125 | PERIAPURAM | 8950 | 4500.00 |
| 126 | PERINGULAM | 5000 | 10000.00 |
| 127 | PERUMTHURUTH | 2735 | 1980.00 |
| 128 | PIRAVOM | 9045 | 11200.00 |
| 129 | PIUSMOUNT | 5537 | 4190.00 |
| 130 | PLASSANAL | 11395 | 22013.00 |
| 131 | POONJAR | 8250 | 12426.00 |
| 132 | POOVAKULAM | 3702 | 2985.00 |
| 133 | POOVARANY | 11420 | 13530.00 |
| 134 | POOVATHODU | | |
| 135 | POOZHIKOL | 2500 | 3000.00 |
| 136 | PRAVITHANAM | | |
| 137 | RAMAPURAM | | |
| 138 | RATNAGIRI | 15000 | 30000.00 |
| 139 | SANTHIGIRI | 700 | 600.00 |
| 140 | SANTHIPURAM | 3100 | 4050.00 |
| 141 | SIBIGIRI | 12330 | 8900.00 |
| 142 | SLIVAPURAM | 3500 | 3500.00 |
| 143 | TEEKOY | | |
| 144 | THAKADI | | |
| 145 | THIDANAD | 4000 | 8000.00 |
| 146 | THIRUMARADY | 850 | 500.00 |
| 147 | THODANAL | 10310 | 1670.00 |
| 148 | THUDANGANAD | 11680 | 11790.00 |
| 149 | THURUTHIPALLY | 400 | 400.00 |
| 150 | UDAYAGIRI | 450 | 300.00 |
| 151 | ULLANAD | 7410 | 9605.00 |
| 152 | URULIKUNNAM | 5260 | 6000.00 |

| | | | |
|---|---|---|---|
| 153 | URUMPUKAVU | 7750 | 10500.00 |
| 154 | VADAKARA | 11550 | 11500.00 |
| 155 | VAGAMON | | |
| 156 | VAKAKKAD | 7002 | 1000.00 |
| 157 | VAKKAD | 750 | 1000.00 |
| 158 | VALACHIRA | 2670 | 1760.00 |
| 159 | VALAVOOR | 9425 | 6860.00 |
| 160 | VARIANIKKAD | 2000 | 700.00 |
| 161 | VAYALA | 9064 | 5324.00 |
| 162 | VEDAGIRI | 3804 | 4128.00 |
| 163 | VELANILAM | 16797 | 10270.00 |
| 164 | VELLIKULAM | 3800 | 4100.00 |
| 165 | VEZHAGANAM | 1465 | 2100.00 |
| 166 | VILAKUMADAM | 9481 | 6251.00 |
| 167 | VIMALAGIRI (CHAKKIKAVU) | | |
| 168 | XAVIERPURAM | 2815 | 3690.00 |
| 169 | YENTHAYAR | 3000 | 4000.00 |
| 170 | VALAKATTUKUNNEL CHAPEL | 1150 | |
| 171 | KALLOORKULAM CHAPEL | 1400 | 1300.00 |
| 172 | OCD ASHRAM, PALAI | 4640 | |

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ**
**സമ്പൂർണ്ണ സ്ട്രോക്ക് ചികിത്സാകേന്ദ്രം**

പാലാ രൂപതയുടെ കീഴിൽ ചേർപ്പുങ്കലിൽ പ്രവർത്തിക്കുന്ന ടെർഷ്യറി കെയർ ഹോസ്പിറ്റലായ മാർ സ്ലീവാ മെഡിസിറ്റിയിലെ അത്യാധുനിക സ്ട്രോക്ക് ചികിത്സാകേന്ദ്രവും സ്ട്രോക്ക് ഹെൽപ്പ് ലൈൻ നമ്പറും ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ IAS ഉദ്ഘാടനം ചെയ്തു.

സ്ട്രോക്ക് അഥവാ പക്ഷാഘാതം ഉണ്ടാകുന്ന അവസരത്തിൽ നിശ്ചിത സമയത്തിനുള്ളിൽ ചികിത്സ ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ന്യൂറോളജിസ്റ്റ്, ന്യൂറോ സർജൻ, ഇന്റർവെൻഷനൽ റേഡിയോളജിസ്റ്റ്, ക്രിട്ടിക്കൽ കെയർ സ്പെഷ്യലിസ്റ്റ്, സ്ട്രോക്ക് സ്പെഷ്യലിസ്റ്റ് നഴ്സസ് എന്നിവ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പൂർണ്ണസജ്ജമായ സ്ട്രോക്ക് ചികിത്സാവിഭാഗമാണ് മാർ സ്ലീവാ മെഡിസിറ്റിയിൽ തുടങ്ങിയിരിക്കുന്നത്. സ്ട്രോക്ക് സംശയിച്ചാൽ ഉടനടി സംശയനിവാരണം ലഭിക്കുന്നതിനും വേണ്ട നിർദേശം നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 9400995500 എന്ന സ്ട്രോക്ക് ഹെൽപ് ലൈൻ നമ്പറും പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ**
**3 പുതിയ ആംബുലൻസുകൾ**

മികച്ചതും സുഗമവുമായ ആതുരസേവനത്തിനും രോഗീപരിചരണത്തിനുമായി മാർ സ്ലീവാ മെഡിസിറ്റി പാലായിൽ 3 പുതിയ ആംബുലൻസുകൾ കൂടെ. ആംബുലൻസ് സേവനവും വീടുകളിലെത്തിയുള്ള രോഗീപരിചരണവും വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ആംബുലൻസുകൾ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിച്ചു.

**സൗജന്യ വെരികോസ്‌വെയ്ൻ മെഡിക്കൽ ക്യാമ്പുമായി മാർ സ്ലീവാ മെഡിസിറ്റി, പാലാ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പ്രവർത്തിക്കുന്ന വെരി

കോസ് വെയ്ൻ ക്ലിനിക്കിന്റെ നേതൃത്വത്തിൽ സൗജന്യ വെരികോസ്‌വെയ്ൻ പരിശോധനക്യാമ്പ് ഡിസംബർ 12 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2 മുതൽ 4.30 വരെ നടന്നു. ക്യാമ്പിന്റെ ഭാഗമായി വെരികോസ്‌വെയ്ൻ ചികിത്സകളായ റേഡിയോഫ്രീക്വൻസി അബ്ലേഷൻ/ലേസർ, സ്ക്ലെറോതെറാപ്പി, ലെഗ്‌സ്ട്രിപ്പിങ് എന്നിവ രോഗികൾക്ക് കുറഞ്ഞ ചിലവിൽ ചെയ്തുകൊടുത്തു. മാർ സ്ലീവാ മെഡിസിറ്റി പാലായിലെ ജനറൽ & ലാപ്പറോസ്കോപിക് സർജറി വിഭാഗം ഡോക്ടർമാരായ ഡോ. സിസ്റ്റർ സെലിൻ ജോർജ്, ഡോ. ജിബിൻ കെ. തോമസ് എന്നിവർ വെരികോസ്‌വെയ്ൻ മെഡിക്കൽ ക്യാമ്പിനു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റി പാലായുടെ ഹോംഹെൽത്ത് കെയർ സേവനം ഉദ്ഘാടനം ചെയ്തു**

വീടുകളിലെത്തിയുള്ള രോഗീപരിചരണം മികച്ചതാക്കുക എന്ന ലക്ഷ്യത്തോടെ മാർ സ്ലീവാ മെഡിസിറ്റി പാലാ ആരംഭിച്ച ഹോം ഹെൽത്ത് കെയർ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു.

നേഴ്സിങ് സേവനങ്ങൾ (ബി.പി, പൾസ്, ബി.എം.ഐ, രക്തപരിശോധനകൾ, മുറിവുകൾ പരിചരിക്കുന്നു, ഇഞ്ചക്ഷൻ നൽകുന്നു, ഡ്രിപ്പും അതു വഴിയുള്ള മരുന്നും നൽകുന്നു, നെബുലൈസേഷൻ, റൈൽസ്ട്യൂബ് ഇടുന്നു, കത്തീറ്ററൈസേഷൻ (മൂത്രം പോകുന്നതിന്), എനിമ നൽകുന്നു), മെഡിക്കൽ സേവനങ്ങൾ (വീട്ടിൽ വന്നുള്ള ഡോക്ടറുടെ കൺസൾട്ടേഷൻ, ശസ്ത്രക്രിയ്ക്കുശേഷമുള്ള പരിചരണം), ലബോറട്ടറി സേവനങ്ങൾ (രക്തവും മറ്റും വീട്ടിൽ വന്നു ശേഖരിക്കുന്നു), ഫാർമസി സേവനങ്ങൾ (മരുന്നുകൾ വീട്ടിൽ എത്തിച്ചു നൽകുന്നു), സീനിയർ സിറ്റിസൺ സേവനങ്ങൾ (ബി.പി, പൾസ്, ബി.എം.ഐ, രക്തപരിശോധനകൾ, ഭക്ഷണക്രമം ചിട്ടപ്പെടുത്തുന്നു, മുറിവുകൾ പരിചരിക്കുന്നു, ഡ്രിപ്പ്, എനിമ എന്നിവ നൽകുന്നു, കിടപ്പുരോഗികൾക്കുള്ള പരിചരണം, ടെലി കൺസൾട്ടേഷൻ സേവനം), ആംബുലൻസ് സൗകര്യം, വീട്ടിൽ ഡോക്ടറുടെ സേവനം, എക്സിക്യൂട്ടീവ് ഹെൽത്ത് ചെക്കപ്പ് (ജനറൽ ഹെൽത്ത്

ചെക്കപ്പ്, ഹാർട്ട് ഹെൽത്ത് ചെക്കപ്പ്, മാസ്റ്റർ ഹെൽത്ത് ചെക്കപ്പ്, പോസ്റ്റ്കോവിഡ്ഹെൽത്ത്ചെക്കപ്പ്) എന്നിങ്ങനെ വിവിധ സേവനങ്ങൾ ഈ പരിപാടിയുടെ ഭാഗമായി ലഭ്യമാണ്.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ രക്തദാനക്യാമ്പ്**

മാർ സ്ലീവാ മെഡിസിറ്റി പാലായും സെന്റ് ജോസഫ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി പാലായുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സ്പർശം എന്ന രക്തദാനക്യാമ്പിന്റെ ഉത്ഘാടനം ശ്രീ. ഷാജിമോൻ എ.ടി. (കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർ, ജനമൈത്രി പോലീസ് - പാലാ) നിർവഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ, സെന്റ് ജോസഫ് കോളേജ് മാനേജർ ഫാ. മാത്യു കോരംകുഴ, മറ്റ് വിശിഷ്ടാതിഥികൾ എന്നിവർ സന്നിഹിതരായിരുന്നു.

**വാതരോഗങ്ങൾക്ക് സൗജന്യ മെഡിക്കൽ ക്യാമ്പുമായി മാർ സ്ലീവാ മെഡിസിറ്റി പാലാ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പ്രവർത്തിക്കുന്ന റൂമറ്റോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ വാതരോഗങ്ങൾക്കുള്ള സൗജന്യ പരിശോധനക്യാമ്പ് ഡിസംബർ 15 ബുധനാഴ്ച നടന്നു. ക്യാമ്പിന്റെ ഭാഗമായി അസ്ഥിക്ഷയം, മുട്ടുതേയ്മാനം, ആമവാതം, സന്ധിവാതം തുടങ്ങി നിരവധി അസുഖങ്ങൾക്കുള്ള പരിശോധന മാർ സ്ലീവാ മെഡിസിറ്റി പാലായിലെ റൂമറ്റോളജി വിഭാഗം ഡോക്ടറായ ഡോ. ബേസിൽ പോൾ കുന്നത്തലിന്റെ നേതൃത്വത്തിൽ നടന്നു.

**സൗജന്യ കോവിഡ് വാക്സിനേഷൻ ക്യാമ്പുമായി മാർ സ്ലീവാ മെഡിസിറ്റി പാലാ**

സൗജന്യ കോവിഡ് വാക്സിനേഷൻ സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ. തുടങ്ങി നിരവധി സ്ഥലങ്ങളിലാണ് കോവിഷീൽഡ് വാക്സിനുമായി മാർ സ്ലീവാ മെഡിസിറ്റി പാലായുടെ മെഡിക്കൽ സംഘം ജനങ്ങൾക്ക് ആശ്വാസം പകർന്നു വാക്സിനേഷൻ ക്യാമ്പ് നടത്തിയത്.

## New Doctors' List (December)

1. ഡോ. ജോയൽ ജേക്കബ് - രജിസ്ട്രാർ, ഇന്റേണൽ മെഡിസിൻ
2. ഡോ. ജെറിൻ എബ്രഹാം - രജിസ്ട്രാർ, ഇന്റേണൽ മെഡിസിൻ
3. ഡോ. ആൻ മേരി കാതറിൻ - രജിസ്ട്രാർ, പീഡിയാട്രിക്സ്
4. മിസ്. ദ്വിതീയ പാതിരാമണ്ണ - കൺസൽട്ടന്റ് ചൈൽഡ് സൈക്കോളജിസ്റ്റ്

**മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ച അഭിവന്ദ്യ പിതാക്കന്മാർ**

ബിഷപ് തോമസ് മേനാംപറമ്പിൽ (മുൻ ആർച്ച് ബിഷപ്, ഗോഹട്ടി)
മാർ മാത്യു അറയ്ക്കൽ (മുൻ ബിഷപ്, കാഞ്ഞിരപ്പള്ളി )
മാർ മാത്യു വാണിയകിഴക്കേൽ വി.സി (മുൻ ബിഷപ്, സത്ന)
മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ (കൂരിയ ബിഷപ്)
റൈറ്റ് റവ. ഡോ. കുര്യൻ വലിയകണ്ടത്തിൽ (ബിഷപ്, ബഗൽപൂർ )
ബിഷപ് അഗസ്റ്റിൻ ചരണംകുന്നേൽ (മുൻ ആർച്ച് ബിഷപ്, റായ്പൂർ )

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1. CTP ക്ലാസ്സുകൾ**

വിശ്വാസപരിശീലകർക്കുള്ള പരിശീലനപരിപാടിയായ CTP യുടെ ക്ലാസ്സുകൾ പൂർത്തിയായി. നവംബർ മാസത്തിൽ നടത്തപ്പെട്ട ക്ലാസ്സുകൾ : നവംബർ 3, 4, 5, 7, 10, 11 : Sacramental Theology (ഫാ. മാത്യു കുമ്പുളുങ്കൽ)
നവംബർ 12, 16, 17, 18 : Moral Theology (ഫാ. ഡൊമിനിക് വെച്ചൂർ)
നവംബർ 19, 21 : Canon Law (ഫാ. ജോസഫ് കടുപ്പിൽ)
നവംബർ 23, 25, 26, 27 : Theology of Religions (ഫാ. അലക്സ് പണ്ടാരക്കാപ്പിൽ)

ഡിസംബർ 27 മുതൽ ജനുവരി 4 വരെ തീയതികളിലായി വിവിധ വിഷയങ്ങളുടെ പരീക്ഷകളും നടത്തപ്പെട്ടു.

**2. സുവാറ 2021**

മംഗളവാർത്തക്കാലത്തിന്റെ ചൈതന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനും 25 നോമ്പ് അനുഷ്ഠാനം പുണ്യപൂരിതമാക്കാനും ഉതകുന്ന രീതിയിൽ തയ്യാറാക്കിയ പ്രാർത്ഥനാകാർഡും WhatsApp പോസ്റ്ററുകളും കുട്ടികൾക്കും വിശ്വാസപരിശീലകർക്കും നൽകി. സുവാറ 2021 എന്ന പേരാണ് ഇവയ്ക്കു നൽകിയത്.

**3. രൂപത രചനാമത്സരം**

വിശ്വാസ-പ്രേഷിത പരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച രൂപത രചനാമത്സരം 2021 ഡിസംബർ 11 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി ആൺ - പെൺ വേർതിരിവോടെ നടത്തപ്പെട്ട മത്സരത്തിൽ ചെറുകഥ, ഉപന്യാസം എന്നീ ഇനങ്ങളാണുണ്ടായിരുന്നത്. വിവിധ മേഖലകളിൽ നടന്ന മത്സരങ്ങളിൽ ഒന്നാം സ്ഥാനത്തെത്തിയവരാണ് രൂപത മത്സരത്തിൽ പങ്കെടുത്തത്. ഇതു കൂടാതെ, ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതി സംഘടിപ്പിച്ച കവിതാരചനാമത്സരത്തിൽ പങ്കെടുക്കാനുള്ള മത്സരാർത്ഥികളെ തിരഞ്ഞെടുക്കാനായി രൂപതാതലത്തിൽ ഒരു കവിതാരചനാമത്സരം 2021 ഡിസംബർ 12 ഞായറാഴ്ച നടത്തി.

**4. Question Board Meeting**

വിശ്വാസപരിശീലനപരീക്ഷകളുടെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള Question Board -ന്റെ ഒരു സമ്മേളനം 2022 ജനുവരി 8 ശനിയാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. വാർഷികപ്പരീക്ഷയുടെ നടത്തിപ്പിനെപ്പറ്റി ഈ യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

**5. പ്രഥമാധ്യാപകസമ്മേളനവും വിശ്വാസപരിശീലന രൂപതവാർഷികവും**

പ്രഥമാധ്യാപകസമ്മേളനവും വിശ്വാസപരിശീലന രൂപതവാർഷികവും 2022 ജനുവരി 26 ബുധനാഴ്ച അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് പ്രഥമാധ്യാപകസമ്മേളനവും ഉച്ചകഴിഞ്ഞു 2 മണിക്ക് വിശ്വാസപരിശീലനവാർഷികവും നടക്കും. പ്രസ്തുത സമ്മേളനത്തിൽ വച്ച് മികച്ച വിശ്വാസപരിശീലകനുള്ള അവാർഡ് നൽകുകയും വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷങ്ങൾ പൂർത്തിയാക്കിയവരെ ആദരിക്കുകയും ചെയ്യുന്നതാണ്.

**6. കുഞ്ഞുമിഷനറി ക്വിസ്**

ചെറുപുഷ്പ മിഷൻലീഗ് സുവർണ്ണജൂബിലി സ്മാരകമായി പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഇരുപത്തഞ്ചാമത് കുഞ്ഞുമിഷനറി ക്വിസ് 2022 ജനുവരി 01, 08 തീയതികളിലായി രണ്ടു ഘട്ടമായി നടത്തപ്പെടുന്നു.

**7. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്രരംഗം**

സ്കൂൾ മതബോധനത്തിന്റെയും സന്മാർഗ്ഗശാസ്ത്രത്തിന്റെയും രണ്ടാം

ടേം ക്ലാസ്സുകൾ ആരംഭിച്ചു. Question Board Meeting 2021 ഡിസംബർ 11 ശനിയാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. തിരുനാളുകൾ**

നവംബർ 28 ഞായറാഴ്ച കൊത്തഗുഡം വില്ലേജ് ചാപ്പലിൽ വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളിന് റവ. ഫാ. ഫ്രാൻസിസ് മാട്ടേൽ വി. കുർബാന അർപ്പിച്ചു. റവ.ഫാ.പി.എൽ. ജോസഫ് തിരുനാൾ സന്ദേശം നൽകി. വില്ലേജിലൂടെ പ്രദക്ഷണവും തുടർന്ന് സ്നേഹവിരുന്നും നടത്തി. മാതാവിന്റെ അമലോദ്ഭവ തിരുനാൾ പാലാ മിഷനിലെ എല്ലാ പള്ളികളിലും ആഘോഷിച്ചു.

**2. ഡിവൈൻ സ്റ്റാർ റിട്രീറ്റ്**

ഡിസംബർ 4 മുതൽ 8 വരെ അദിലാബാദ് രൂപത മൈനർ സെമിനാരിയിൽ ബ്രദേഴ്സിന് വാർഷികധ്യാനം ഫാ. മാത്യു പുതിയിടത്ത് നയിച്ചു.

**3. ക്രിസ്മസ് ഒരുക്ക പ്രാർത്ഥന**

ഡിസംബർ 13, 14, 15 തീയതികളിൽ ക്രിസ്മസിന് ഒരുക്കമായി ഖർജി വില്ലേജിൽ പ്രത്യേക പ്രാർത്ഥന നടത്തി. ഡിസംബർ 17 ന് വെങ്കിട്ടപുരം പള്ളിയിൽ വചനപ്രഘോഷണവും കുമ്പസാരവും നടത്തി. ഫാ. സ്നേഹരാജ് SDB ധ്യാനം നയിച്ചു. പാലാ മിഷനിലെ എല്ലാ സ്റ്റേഷനുകളിലും ക്രിസ്മസിന് ഒരുക്കമായി ആരാധനയും കുമ്പസാരവും നടത്തി.

**4. ഗ്ലോറിയ 2021**

പാലാ മിഷനിലെ ആവടം വില്ലേജിൽ രൂപത ഇവാഞ്ചലൈസേഷൻ ടീമിന്റെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളോടെ ക്രിസ്മസ് പ്രോഗ്രാം നടത്തി. അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പിതാവ് ക്രിസ്മസ് സന്ദേശം നൽകി. ഗ്രാമത്തിലെ രാഷ്ട്രീയ സാമൂഹ്യ നേതാക്കൾ ആശംസകൾ അർപ്പിച്ചു.

**5. ക്രിസ്മസ് കരോൾ**

ഡിസംബർ 19: പാട്ടി, ബോഗംപള്ളി, ഗുഡിപ്പള്ളി

ഡിസംബർ 20: ഗൊല്ലഗുഡ, മേട്ടുപള്ളി, നെന്നൽ, യോഗാപുരം

ഡിസംബർ 21: മാമടിഗട്ട്, മന്നഗൂഡ, നെന്നൽ, മൈലാരം

ഡിസംബർ 22: റെഡിവാട, ഗൊല്ലപ്പള്ളി, കൊത്തഗുഡം, വെങ്കിട്ടപുരം

ഡിസംബർ 23: ഗൊല്ലപ്പള്ളി, മന്നഗുഡം

ഡിസംബർ 25: കൊത്തപ്പള്ളി

ഡിസംബർ 26: ഖർജി

**6. ക്രിസ്മസ്**

പാലാ മിഷന്റെ എല്ലാ പള്ളികളിലും പാതിരാക്കുർബാനയും വില്ലേജുകളിൽ മറ്റ് സമയത്തും പിറവി തിരുക്കർമ്മങ്ങൾ നടത്തി.

ഡിസംബർ 25-ാം തീയതി ഉച്ചയ്ക്ക് പാലാ മിഷനിലെ വൈദികരും സിസ്റ്റേഴ്സും നെന്നലിൽ ഒന്നു ചേർന്ന് ക്രിസ്മസ് ഫ്രണ്ടിന് സമ്മാനങ്ങൾ കൈമാറുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**7. തിരുനാൾ**

ഡിസംബർ 28 ന് കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ പാലാ മിഷനിലെ പള്ളികളിൽ ആഘോഷിച്ചു.

**ഫാ. മാത്യു പുതിയിടത്ത്** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. ദൈവാലയത്തിനു തറക്കല്ലിടീൽ**

മനേജായിൽ പുതുതായി നിർമ്മാണം ആരംഭിച്ച ദൈവാലയത്തിന്റെ തറക്കല്ലിടീൽ കർമ്മം നവംബർ 29 ന് ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റഫേൽ തട്ടിൽ പിതാവ് നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ ഡോ. ജോസഫ് കൊല്ലംപറമ്പിൽ ഇടവക വികാരി റവ. ഫാ. ടോം വടക്കേക്കര എന്നിവരും റീജണിലെ മറ്റെല്ലാ വൈദികരും ചടങ്ങിൽ സന്നിഹിതരായിരുന്നു. തുടർന്ന് അഭിവന്ദ്യ പിതാവും വികാരി ജനറാൾ അച്ചനും പള്ളിക്കമ്മിറ്റിയംഗങ്ങൾ വിവിധ ഭക്തസംഘടനാംഗങ്ങൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

**2. ബാറൂച്ച് – അങ്കലേശ്വർ സന്ദർശനം**

ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റഫേൽ തട്ടിൽ പിതാവ് നവംബർ 30 ന് ബാറൂച്ച് - അങ്കലേശ്വർ സന്ദർശിക്കുകയും 10 കുട്ടികൾക്ക് സ്ഥൈര്യലേപനം പരികർമ്മം ചെയ്യുകയും ചെയ്തു. വികാരി ജനറാൾ മോൺ ഡോ. ജോസഫ് കൊല്ലംപറമ്പിൽ, ഇടവക വികാരി റവ.ഫാ. ജോൺ ചാവേലിൽ എന്നിവർ സന്നിഹിതരായിരുന്നു. അഭിവന്ദ്യ പിതാവും വികാരി ജനറാൾ അച്ചനും പള്ളിക്കമ്മിറ്റിയംഗങ്ങൾ വിവിധ ഭക്തസംഘടനാംഗങ്ങൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

**3. സൂറത്ത് സന്ദർശനം**

അഭിവന്ദ്യ മാർ റഫേൽ തട്ടിൽ പിതാവും വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ അച്ചനും ഡിസംബർ 1, 2 തീയതികളിൽ സൂറത്തിലെ സീറോ മലബാർ വിശ്വാസീസമൂഹത്തെ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. തദവസരത്തിൽ ഇടവകാംഗവും ഹൈദരാബാദിൽ വച്ചു നടന്ന ദേശീയ ഭാരോദ്വഹന മത്സരത്തിൽ സ്വർണ്ണമെഡൽ ജേതാവുമായ ശ്രീ ജോൺ ജോസഫിനെ അഭിവന്ദ്യപിതാവ് പൊന്നാടയണിച്ച് ആദരിച്ചു. ചടങ്ങിൽ വികാരി ജനറാൾ മോൺ ഡോ. ജോസഫ് കൊല്ലംപറമ്പിൽ,

ഇടവകവികാരി റവ. ഫാ. ജോജോ കണ്ണാപ്പിള്ളി MCBS, റവ.ഫാ ജോസ് ചീരാംകുഴി MCBS എന്നിവർ സന്നിഹിതരായിരുന്നു. അഭിവന്ദ്യ പിതാവും വികാരി ജനറാൾ അച്ചനും പള്ളിക്കമ്മിറ്റിയംഗങ്ങൾ വിവിധ ഭക്തസംഘടനാംഗങ്ങൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

**4. വാപ്പി - ദമൻ സന്ദർശനം**

അഭിവന്ദ്യ മാർ റഫേൽ തട്ടിൽ പിതാവും വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ അച്ചനും ഡിസംബർ 3-ന് വാപ്പി - ദമനിലെ സീറോ മലബാർ വിശ്വാസിസമൂഹത്തെ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. അഭിവന്ദ്യ പിതാവും വികാരി ജനറാൾ അച്ചനും പള്ളിക്കമ്മിറ്റിയംഗങ്ങൾ വിവിധ ഭക്തസംഘടനാംഗങ്ങൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ഇടവക വികാരി റവ. ഫാ. അബ്രാഹം പുതുക്കുളങ്ങര CMI വിവിധ കൂടിക്കാഴ്ചകൾക്കു നേതൃത്വം നൽകി.

**5. സിൽവാസ ഉമർഗാവോൺ സന്ദർശനം**

അഭിവന്ദ്യ മാർ റഫേൽ തട്ടിൽ പിതാവും വികാരി ജനറാൾ മോൺ ഡോ. ജോസഫ് കൊല്ലംപറമ്പിൽ അച്ചനും ഡിസംബർ 4-ന് സിൽവാസ ഉമർഗാവോണിലെ സീറോ മലബാർ വിശ്വാസിസമൂഹത്തെ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. അഭിവന്ദ്യ പിതാവും വികാരി ജനറാൾ അച്ചനും പള്ളിക്കമ്മിറ്റിയംഗങ്ങൾ വിവിധ ഭക്തസംഘടനാംഗങ്ങൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ഇടവക വികാരി റവ. ഫാ റോയി കണീറ്റുകണ്ടം CMI വിവിധ കൂടിക്കാഴ്ചകൾക്കു നേതൃത്വം നൽകി.

**6. കൂടിക്കാഴ്ച**

അഭിവന്ദ്യ മാർ റഫേൽ തട്ടിൽ പിതാവും വികാരി ജനറാൾ മോൺ ഡോ. ജോസഫ് കൊല്ലംപറമ്പിൽ അച്ചനും ഡിസംബർ 4- ാം തീയതി കല്യാൺ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ തോമസ് ഇലവനാൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

**7. മാസധ്യാനം**

ഡിസംബർ 9-ാം തീയതി വൈദികരുടെ മാസധ്യാനം നടത്തപ്പെട്ടു. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ധ്യാനചിന്തകൾ പങ്കുവച്ചു.

**8. റീജണൽ ബൈബിൾ കലോത്സവം**

ഗുജറാത്ത് റീജണൽ ബൈബിൾ കലോത്സവം ഡിസംബർ 20-22 വരെയുള്ള തീയതികളിൽ ഓൺലൈൻ ആയി നടത്തപ്പെട്ടു. ഗുജറാത്ത് റീജണൽ വിശ്വാസപരിശീലന ഡയറക്ടർ റവ. ഫാ. പോൾ പാറപ്പാക്കൽ മത്സരങ്ങൾക്കു നേതൃത്വം നൽകി.

**9. ലോഗോസ് ബൈബിൾ ക്വിസ്**

ഡിസംബർ 20 ഞായറാഴ്ച റീജണിലെ എല്ലാ ഇടവകകളിലും ലോഗോസ് ബൈബിൾ ക്വിസ് നടത്തപ്പെട്ടു.

**മോൺ. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ നവംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം ഡിസംബർ 12 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരും മാസങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു.

**സെക്രട്ടേറിയറ്റ് യോഗങ്ങൾ**

സംഘടനയുടെ ഡിസംബർ മാസത്തെ സെക്രട്ടേറിയറ്റ് യോഗങ്ങൾ 11,19 തീയതികളിൽ നടന്നു.

**രൂപത രചനാമത്സരം**

ഈ വർഷത്തെ രൂപത രചനാമത്സരങ്ങൾ 2021 ഡിസംബർ 11 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. ജൂനിയർ, സീനിയർ വിഭാഗങ്ങൾക്കായി ചെറുകഥ, ഉപന്യാസം മത്സരങ്ങളാണ് നടത്തിയത്. മേഖലാതലത്തിൽ ഒന്നാം സ്ഥാനം നേടിയവർ മത്സരത്തിൽ പങ്കെടുത്തു.

**സംസ്ഥാന സാഹിത്യമത്സരം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 27 തിങ്കളാഴ്ച സാഹിത്യമത്സരം നടത്തി. ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങൾക്കായി കവിതാരചനാമത്സരമാണ് നടത്തിയത്. ഇതിലേക്കുള്ള മത്സരാർത്ഥികളെ കണ്ടെത്തുന്നതിനായി രൂപതാതലത്തിൽ കവിതാരചനാമത്സരം ഡിസംബർ 12 ഞായറാഴ്ച ഓൺലൈനായി നടത്തി. മത്സരത്തിലെ വിജയികൾ:

**ജൂനിയർ വിഭാഗം**

1. ആൽബർട്ട് രഞ്ജിത്ത് ഓംപള്ളിൽ, മറ്റത്തിപ്പാറ (ഗാഗുൽത്താ)
2. ബ്ലെസാ വർഗ്ഗീസ് ഐക്കരത്താഴത്ത്, കുറവിലങ്ങാട്.
3. ബ്രിജിറ്റ് ജെയിംസ് തെക്കേച്ചെരുവിൽ, മൂലമറ്റം.

**സീനിയർ വിഭാഗം**

1. അമല മരിയ ബിനോയ് വലിയവീട്ടിൽ, അരുവിത്തുറ.
2. തെരേസ് അൽഫോൻസ് വെമ്പിൽ, ചെമ്മലമറ്റം.
3. ഡെൽന സജി പാറയിൽ, തിരുമാറാടി.

**സൂപ്പർ സീനിയർ വിഭാഗം**

1. ആൻസി സെബാസ്റ്റ്യൻ തട്ടാംപറമ്പിൽ, അരുവിത്തുറ.
2. ജെയ്സി ജെയിംസ് ആമ്പക്കാട്ട്, അറുന്നൂറ്റിമംഗലം.
3. മഞ്ജു ഡേവിസ് വെട്ടുകല്ലേൽ, ഭരണങ്ങാനം.

വിജയികൾക്ക് അഭിനന്ദനങ്ങൾ. മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവർ സംസ്ഥാന മത്സരത്തിൽ പങ്കെടുത്തു.

**കുഞ്ഞുമിഷനറി മാസിക**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കുഞ്ഞുമിഷനറി മാസിക ഡിസംബർ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**ക്വിസ് മത്സരം**

2021 നവംബർ, ഡിസംബർ ലക്കങ്ങളിലെ കുഞ്ഞുമിഷനറി മാസികയെ അടിസ്ഥാനമാക്കി ഡിസംബർ 26 ഞായറാഴ്ച ശാഖാതലത്തിൽ ക്വിസ് മത്സരം നടത്തി.

**കുഞ്ഞുമിഷനറി ക്വിസ് 2022**

ചെറുപുഷ്പ മിഷൻലീഗിന്റെ സുവർണ്ണജൂബിലി സ്മാരകമായി പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 25 -ാമത് അഖില കേരള കുഞ്ഞുമിഷനറി ക്വിസ് മത്സരം 2022 ജനുവരി 01, 08 തീയതികളിലായി നടത്തുന്നതാണ്.

മത്സരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഡിസംബർ ലക്കം കുഞ്ഞുമിഷനറി മാസികയിൽ നൽകിയിട്ടുണ്ട്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സദ്വാർത്ത 2K21**

ക്രിസ്തുമസിനോടനുബന്ധിച്ച് കെ.സി.എസ്.എൽ. പാലായും ഓൺലൈൻ വാർത്താചാനലായ പാലാ വിഷനും സംയുക്തമായി അണിയിച്ചൊരുക്കുന്ന ക്രിസ്തുമസിനൊരുക്കമായ ഡിജിറ്റൽ മാഗസിൻ "സദ്വാർത്ത 2K21" പാലാ വിഷൻ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ഓരോദിവസവും രാത്രിയിൽ നല്കപ്പെടുന്ന സദ്വാർത്ത 2K21ലുള്ള ദൈവവചനം, ധ്യാനചിന്ത എന്നിവ വായിച്ചും ധ്യാനിച്ചും സുകൃതജപങ്ങൾ ഏറ്റുചൊല്ലിയും അതിനു താഴെക്കൊടുത്തിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്തു ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ 25 ദിവസങ്ങളിൽ കൃത്യമായി ചെയ്യുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ നറുക്കെടുപ്പിലൂടെ നൽകുന്നതാണ്. ഓരോ ദിവസവും 200 ഓളം കുട്ടികൾ ഇതിൽ പങ്കെടുക്കുന്നു. ഒന്നാം സമ്മാനം 2022 രൂപയും രണ്ടാം സമ്മാനം 1021 രൂപയും മൂന്നാം സമ്മാനം 500 രൂപയും ലഭിക്കുന്നതാണ്.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസംബർ 9-ാം തീയതി 8 pm മുതൽ 9 pm വരെ ഗൂഗിൾ മീറ്റ് വഴി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടറച്ചൻ എല്ലാവരെയും മീറ്റീംഗിലേക്ക് സ്വാഗതം ചെയ്തു. കുട്ടികൾക്കായി നടത്തുന്ന ലീഡേഴ്സ് മീറ്റും ഇലക്ഷനുമാ

യിരുന്നു പ്രധാന ചർച്ചാവിഷയം. കുട്ടികളിലെ കഴിവിനെ കണ്ടെത്തി മിടുക്കരായ ലീഡേഴ്സിനെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി ഓഫ് ലൈനായി ക്യാമ്പ് നടത്തുന്നതിനെക്കുറിച്ചായിരുന്നു ചർച്ചചെയ്തത്. മീറ്റിംഗിൽ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

**സെൻട്രൽ കൗൺസിൽ**

എറണാകുളം പി.ഒ.സിയിൽ വച്ച് ഡിസംബർ 11 ന് നടന്ന സി.സി. മീറ്റിംഗിൽ (സെൻട്രൽ കൗൺസിൽ) പാലാ രൂപതയിൽനിന്ന് 8 പേർ പങ്കെടുത്തു. പ്രസിഡന്റ് ജിജോ മാത്യു, വൈസ് പ്രസിഡന്റ് സി. മരീനാ പോൾ എം. എസ്. ഐ.എം, ജനറൽ ഓർഗനൈസർ എബി ജോസ്, ഓർഗനൈസർ സി. ജിഷാ വർഗ്ഗീസ് എസ്.എച്ച്, ട്രഷറർ സി. ജെയ്ൻ റോസ് സി.എം.സി, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ആഷ്‌ലി ടെസ്സ് ജോൺ, സ്റ്റുഡന്റ്സ് ജനറൽ സെക്രട്ടറി ക്രിസ്റ്റി സണ്ണി, അലൻ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട്** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**പാലാ ദൂത്**

ഡിസംബർ 2,3,4 തീയതികളിൽ പാലാ രൂപതയിലെ യുവജനങ്ങൾ രൂപതയുടെ മുഖപത്രമായ പാലാ ദൂതിന്റെ വിതരണത്തിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികളുമായി സഹകരിച്ചു.

**സംസ്ഥാന കലോത്സവം**

KCYM സംസ്ഥാന സമിതി നടത്തിയ ഓൺലൈൻ കലോത്സവ **(ഉത്സവ്)**ത്തിൽ SMYM പാലാ രൂപതയിലെ അംഗങ്ങൾ പങ്കെടുത്തു. രചനാമത്സരങ്ങൾ, മറ്റ് അവതരണമത്സരങ്ങൾ എന്നീ വിഭാഗങ്ങളിൽ ഉണ്ടായിരുന്ന 21 ഇന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും SMYM പാലാ രൂപതയിലെ യുവജനങ്ങൾ രജിസ്റ്റർ ചെയ്യുകയും മത്സരത്തിൽ പങ്കാളികളാകുകയും ചെയ്തു.

**പി.എസ്.സി. കോച്ചിംഗ്**

സർക്കാർ ജോലിയാഗ്രഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി SMYM പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന Offline PSC Class ന്റെ ആദ്യ ക്ലാസ് ഡിസംബർ 11 നും രണ്ടാമത്തെ Offline class ഡിസംബർ 19 നും അൽഫോൻസാ കോളജിൽ നടന്നു. എല്ലാ മാസവും നേരിട്ടുള്ള ആറു ക്ലാസുകൾ കിട്ടുന്ന വിധത്തിലാണ് Offline ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. ആദ്യ 2 Online ബാച്ചുകൾ കൂടാതെ Offline ക്ലാസുകളിൽ പങ്കുചേരാനും കൂടുതൽ പേരെ പങ്കെടുപ്പിക്കാനും യൂണിറ്റുകളിൽ ശ്രദ്ധിക്കുമല്ലോ.

**അരുവിത്തുറയിൽ മാർത്തോമ്മാസ്ലീവായുടെ തിരുനാൾ**

മാർതോമാസ്ലീവ മൈലാപ്പൂരിൽ രക്തം വിയർത്തതിന്റെ അനുസ്മരണദിനത്തോടനുബന്ധിച്ച് ഡിസംബർ 17 ന് അരുവിത്തുറ മാർ ഗീവർഗീസ് സഹദാ ഫൊറോന പള്ളിയിൽ വച്ച് പുറത്തു നമസ്കാരവും നസ്രാണിസംഗമവും നടത്തി. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രാർത്ഥനകൾക്കു നേതൃത്വം നൽകി. വിവിധ സഭകളിൽനിന്നു വൈദികരും സമർപ്പിതരും അല്മായരും മുതിർന്നവരും യുവാക്കളും നസ്രാണിസംഗമത്തിൽ പങ്കെടുത്തു. എ.ഡി. ഒന്നാം നൂറ്റാണ്ടിൽതന്നെ മാർത്തോമാശ്ലീഹാ സ്ലീവാ നാട്ടിയ അരുവിത്തുറയിൽ നടന്ന പുറത്തുനമസ്കാരം നവ്യമായ ഒരു അനുഭവമായി. മാർത്തോമ്മാ നസ്രാണികളുടെ ഐക്യം വിളിച്ചോതി ദൂരദേശത്തുനിന്നുവരെ നിരവധി ആളുകൾ എത്തിച്ചേർന്നു. ക്രൈസ്തവർ നാനാഭാഗങ്ങളിൽനിന്നും നിരവധി പ്രശ്നങ്ങൾ നേരിടുന്ന സാഹചര്യത്തിൽ അരുവിത്തുറയിലെ പ്രാർത്ഥനാക്കൂട്ടായ്മ ഏറെ മാതൃകയായി. പുരുഷന്മാർ അവതരിപ്പിച്ച നസ്രാണികളുടെ പരമ്പരാഗത കലാരൂപമായ മാർഗംകളിയും അന്നേദിവസം അരുവിത്തുറ പള്ളിമുറ്റത്ത് അരങ്ങേറി. പുറത്തു നമസ്കാരത്തിനും നസ്രാണിസംഗമത്തിനും വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ, വികാരി പെരിയ ബഹു. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, രൂപതാ ഡയറക്ടർ ഫാ. സിറിൽ തോമസ് തയ്യിൽ എന്നിവർ നേതൃത്വം നൽകി.

**മൈലാപ്പൂർ തീർത്ഥാടനം**

എസ്.എം.വൈ.എം. പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ യുവജനപ്രതിനിധികൾക്കായി മൈലാപ്പൂർ തീർത്ഥാടനം നടത്തപ്പെട്ടു. ഡിസംബർ 19 ന് വൈകുന്നേരം ആരംഭിച്ച തീർത്ഥാടനം 21 ന് വൈകുന്നേരം അവസാനിച്ചു. ചിന്നമല, സെന്റ് തോമസ് മൗണ്ട് (പെരിയമല-പറങ്കിമല) മാർത്തോമ്മാശ്ലീഹായെ കബറടക്കിയ സ്ഥലത്തുള്ള സാന്തോം ബസലിക്ക (മദ്രാസ്-മൈലാപ്പൂർ) എന്നിവിടങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുകയും പെരിയമലയിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു. മാർത്തോമ്മാശ്ലീഹായുടെ പിൻഗാമികളായ മാർ അദ്ദായി, മാർ മാറി എന്നിവരുടെ പേരുകളിൽ അറിയപ്പെടുന്ന ശ്ലീഹന്മാരുടെ കൂദാശാക്രമത്തിൽ പെരിയമലയിലുള്ള അദ്ഭുത മാർത്തോമ്മാസ്ലീവാ വണക്കത്തിനായി സൂക്ഷിച്ചിരിക്കുന്ന പള്ളിയിൽ തീർത്ഥാടകർ പരിശുദ്ധ കുർബാനയർപ്പിച്ചു.

**കേന്ദ്ര യൂണിവേഴ്സിറ്റി സാധ്യതകൾ**

വിദ്യാഭ്യാസമേഖലയിലെ അതിനൂതന സാധ്യതകൾ വിദ്യാർത്ഥികളെയും മറ്റുള്ളവരെയും അറിയിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി ഡിസംബർ നാലു ശനിയാഴ്ച Zoom platform ൽ SMYM പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കേന്ദ്രയൂണിവേഴ്സിറ്റി സാധ്യതകളെക്കുറിച്ച് വെബിനാർ നടത്തപ്പെട്ടു.

'Opportunities knock at door' എന്ന പേരിൽ നടത്തപ്പെട്ട പരിപാടിയിൽ വിവിധ യൂണിറ്റുകളിൽനിന്നും നിരവധി യുവജനങ്ങൾ പങ്കെടുത്തു. വിദ്യാ

ഭ്യാസമേഖലയിലെ പുതിയ വാതായനങ്ങൾ തുറന്നുതരുന്ന SMYM പാലാ രൂപതയുടെ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് അവസരങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ.

Online ആയി നടത്തപ്പെട്ട ക്ലാസുകൾ നയിച്ചത് ഡർബൻ യൂണിവേഴ്സിറ്റിയിലെ പോസ്റ്റ് ഡോക്ട്രൽ ഗവേഷകനായ ഡോ. കൃഷ്ണകുമാർ ജയ്സ്വാൾ, ശ്രീ അരവിന്ദ് എസ്. കുമാർ, ശ്രീ രാഹുൽ വിനോദ് എന്നിവരാണ്.

**കൂട്ടിക്കൽ റീബിൽഡ് മിഷൻ**

ഉരുൾപൊട്ടലിൽ നാശനഷ്ടമുണ്ടായ കൂട്ടിക്കലിലും സമീപപ്രദേശങ്ങളിലും പാലാ രൂപത നടത്തുന്ന കൂട്ടിക്കൽ റിലീഫ് & റീബിൽഡ് മിഷന്റെ രണ്ടാംഘട്ട ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ എസ്.എം.വൈ.എം. യുവജനപ്രസ്ഥാനം സജീവപങ്കാളിയായി. ഡിസംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് കൂട്ടിക്കൽ പ്രദേശത്തെ, വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ പ്രത്യേക മീറ്റിംഗിൽ രൂപത ഡയറക്ടർ പങ്കെടുത്തു. ഡിസംബർ 10-ാം തീയതി രാവിലെ 10 മണിക്ക് കമില്ലസ് വൈദികർ നൽകിയ അലമാര, കസേര, ഭക്ഷണക്കിറ്റുകൾ തുടങ്ങിയവയുടെ വിതരണം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കൂട്ടിക്കലിൽ നിർവ്വഹിച്ചു. ഒരു മാസത്തോളം കൂട്ടിക്കലിൽ ക്യാമ്പ് ചെയ്തു മാതൃകാപരമായ സേവനപ്രവർത്തനങ്ങളിലൂടെ കൂട്ടിക്കലിന്റെ പുനനിർമ്മാണത്തിൽ പങ്കാളികളായ കമില്ല്യൻ സഭയുടെ പ്രൊവിൻഷ്യൽ ജനറാൾ ഫാ. ബേബി ഇല്ലിക്കലിനെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മെമന്റോ നല്കി ആദരിച്ചു. സ്ഥലം നഷ്ടമായവർക്കും വാസയോഗ്യമായ വീടു വയ്ക്കാൻ പറ്റാത്ത സ്ഥലങ്ങളിലുള്ളവർക്കും പൊട്ടൻകുളം ശ്രീ രാജുച്ചേട്ടൻ നൽകുന്ന സ്ഥലത്തിന്റെ കൈമാറ്റവും ഡിസംബർ 10 ന് നടന്നു. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ, പി.എസ്. ഡബ്യൂ.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കഴിക്കേൽ, അസി. ഡയറക്ടർ റവ.ഫാ. ജോസഫ് താഴത്തുവരിക്കയിൽ, എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ, കമില്ല്യൻ വൈദികർ, പഞ്ചായത്തു പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**യുവജന പ്രോഗ്രാമുകൾ**

ഡിസംബർ 11-ാം തീയതി ശനിയാഴ്ച SMYM മാൻവെട്ടം യൂണിറ്റ് സംഘടിപ്പിച്ച യുവജന പ്രോഗ്രാമിൽ രൂപതാ ഡയറക്ടർ, പ്രസിഡന്റ് എന്നിവർ പങ്കെടുത്തു സംസാരിച്ചു. വികാരി റവ. ഫാ. സൈറസ് വേലംപറമ്പിൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജയിംസ് ചൊവ്വേലിക്കുടിലിൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ യുവജനപ്രോഗ്രാമിനും ക്ലാസുകൾക്കും നേതൃത്വം നൽകി.

ഡിസംബർ 19-ാം തീയതി ഞായറാഴ്ച എസ്.എം.വൈ.എം. ചിറ്റാർ യൂണിറ്റ് സംഘടിപ്പിച്ച യൂത്ത് പ്രോഗ്രാമിൽ രൂപത ഡയറക്ടർ പങ്കെടുത്തു ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. മാത്യു പുന്നത്താനത്തുകുന്നേൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ**

പാലാ രൂപത ഗുഡ് സമരിറ്റൻ കോവിഡ് ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ എസ്.എം.വൈ.എം. യുവാക്കൾ കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ നടത്തിവരുന്നു.

**ബ്ലഡ് ഡൊണേഷൻ**

ആവശ്യക്കാർ വിളിക്കുന്നതനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തി വരുന്നു.

**എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷം**

ഡിസംബർ 18-ാം തീയതി ശനിയാഴ്ച മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പാലായിലുള്ള സെന്റ് മേരീസ് പള്ളിയിൽ നടന്ന ക്രിസ്മസ് ആഘോഷത്തിൽ വിവിധ സഭകളിൽനിന്നുള്ള വിശ്വാസികൾ പങ്കെടുത്തു. ക്രിസ്മസ് ആഘോഷത്തിൽ രൂപത ഡയറക്ടറും രൂപത എസ്.എം.വൈ.എം. യുവാക്കളുടെ പ്രതിനിധികളും പങ്കെടുത്തു.

**എസ്.എം.വൈ.എം. തിരുനാൾ പ്രസുദേന്തിമാർ**

തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാപ്പള്ളിയിൽ എസ്.എം.വൈ.എം. യുവജനങ്ങൾ ഡിസംബർ 18 ലെ മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ ഏറ്റെടുത്തു നടത്തി. 19-ാം തീയതി വൈകുന്നേരം രൂപതാ ഡയറക്ടർ തിരുനാൾ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

**ഫൊറോനാ ഇലക്ഷനുകൾ നടന്നു**

2022 പ്രവർത്തനവർഷത്തിലെ ഫൊറോന സമിതികളുടെ തിരഞ്ഞെടുപ്പ് നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തപ്പെട്ടു. ദീർഘവീക്ഷണത്തോടെ ഫൊറോനകളെ നയിച്ച മുൻ സമിതികൾക്ക് നന്ദി അറിയിച്ചുകൊള്ളുന്നു. നവംബർ 28-ാം തീയതി ഞായറാഴ്ച ഭരണങ്ങാനം ഫൊറോനയുടെയും ഡിസംബർ 5-ാം തീയതി ഞായറാഴ്ച മുട്ടുചിറ, മൂലമറ്റം ഫൊറോനകളുടെയും തിരഞ്ഞെടുപ്പുകൾ നടന്നു. പൂഞ്ഞാർ, തീക്കോയി, തുടങ്ങനാട് ഫൊറോനാ സമിതികളുടെ തിരഞ്ഞെടുപ്പ് ഡിസംബർ 11-ാം തീയതി ശനിയാഴ്ചയും കടനാട്, കൂട്ടിക്കൽ, കോതനല്ലൂർ, പ്രവിത്താനം, രാമപുരം ഫൊറോനാസമിതികളുടെ തിരഞ്ഞെടുപ്പ് ഡിസംബർ 12-ാം തീയതി ഞായറാഴ്ചയും നടത്തപ്പെട്ടു. അരുവിത്തുറ, ചേർപ്പുങ്കൽ, ഇലഞ്ഞി, കുറവിലങ്ങാട്, പാലാ ഫൊറോനകളിലെ തിരഞ്ഞെടുപ്പ് ഡിസംബർ 19-ാം തീയതിയാണ് നടന്നത്. കടുത്തുരുത്തി ഫൊറോനാ സമിതിയുടെ തിരഞ്ഞെടുപ്പ് ഡിസംബർ 27-ാം തീയതി നടത്തപ്പെട്ടു. ഫൊറോന സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്ത ഫൊറോനാ ഡയറക്ടറച്ചന്മാരെയും മുൻ ഫൊറോനാ പ്രസിഡന്റുമാരെയും സമിതികളെയും രൂപതാസമിതിയിൽനിന്നു നിയോഗിക്കപ്പെട്ട വരണാധികാരികളെയും അഭിനന്ദിക്കുന്നു. യുവജനപ്രസ്ഥാനത്തെ കരുത്തോടെ നയിക്കാൻ പുതിയ സമിതികൾക്ക് എല്ലാ ആശംസകളും ഭാവുകങ്ങളും നേരുന്നു.

**വൈ.എ.റ്റി.പി.**

യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ (വൈ.എ.റ്റി.പി.) 29-ാമത്തെ ബാച്ച് ഉടൻ ആരംഭിക്കുന്നു. പുതിയ ബാച്ചിൽ ചേരാൻ താത്പര്യമുള്ളവർ എസ്.എം.വൈ.എം. രൂപത ഓഫീസുമായി ജനുവരി മാസത്തിൽതന്നെ ബന്ധപ്പെടുമല്ലോ.

**ജനുവരിമാസത്തിൽ നടക്കാനിരിക്കുന്നവ**

**1. രൂപത ഇലക്ഷൻ**

2022 പ്രവർത്തനവർഷത്തിൽ എസ്.എ.വൈ.എം. പാലാ രൂപതയെ നയിക്കുവാനുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കാൻ ഡിസംബർ 30-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12 മണിവരെ നാമനിർദ്ദേശപത്രികകൾ രൂപത ഡയറക്ടർ സ്വീകരിച്ചു. ഡിസംബർ 31-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12 മണിവരെ നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള സമയമായി ക്രമീകരിച്ചിരിക്കുന്നു. 2022 ജനുവരി 1-ാം തീയതി പത്രികകളുടെ സൂക്ഷ്മ പരിശോധനയും ജനുവരി 2-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് എസ്.എം.വൈ.എം. രൂപത വാർഷികമായ ഗ്ലോറിയായെ തുടർന്ന് രൂപതാ തിരഞ്ഞെടുപ്പും നടത്തപ്പെടുന്നു.

**2.** പാലാ രൂപതയുടെ ഭദ്രാസന ദൈവാലയത്തിൽ നടത്തപ്പെടുന്ന പരമ്പരാഗത രാക്കുളിത്തിരുനാൾ, സീറോ മലബാർ പ്രേഷിതവാരം, ആഗോള സഭൈക്യവാരം, പ്രവർത്തനവർഷോദ്ഘാടനം തുടങ്ങിയവയെക്കുറിച്ചുള്ള അറിയിപ്പുകൾ യഥാസമയം നൽകുന്നതാണ്.

**ഫാ. സിറിൽ തോമസ് തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. മംഗളവാർത്താധ്യാനം**

വിവാഹം കഴിഞ്ഞ് കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുന്നവർക്കും ഗർഭിണികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും വേണ്ടിയുള്ള മംഗളവാർത്താധ്യാനം നവംബർ 25 മുതൽ ഡിസംബർ 2 വരെ ഓൺലൈനായി നടന്നു. ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. കുര്യൻ മറ്റം, ഫാ. തോമസ് കോഴിമല, ഫാ. ജോസഫ് മൈലപ്പറമ്പിൽ, ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട്, ജോസ് മാത്യു, ഡോ. ഫിന്റോ, ഡോ. ശാന്തി, ശശി ഇമ്മാനുവൽ എന്നിവർ ക്ലാസുകൽ നയിച്ചു.

**2. കെയ്റോസ് മാസം**

ജീസസ് യൂത്ത് കെയ്റോസ് ടീമിന്റെ നേതൃത്വത്തിൽ ഡിസംബർ കെയ്റോസ് മാസമായി ആചരിച്ചു. അതിന്റെ ഭാഗമായി റീഡേഴ്സ് എക്സ്പീരിയൻസ് വീഡിയോസ് പുറത്തിറക്ക്. കെയ്റോസ് മാസിക വായിച്ചതിൽനിന്ന് അവർക്കു ലഭിച്ച അനുഭവങ്ങളായിരുന്നു ഉള്ളടക്കം. അമല ട്രീസാ ജെയിംസ്, എൽസ മരിയ ജോർജ്, ആൻഫ്രഡ് വിൽസൺ, മിഷേൽ ബാബു എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. ദീപ്തി ജെയിംസ്, അലിൻ, ആഗ്നൽ, ആഷ്‌ലി തുടങ്ങിയവർ നേതൃത്വം നൽകി.

**3. തൂലിക 2K21**

സോണിലെ എഴുത്തുകാരെ തിരിച്ചറിയുന്നതിനും വളർത്തുന്നതിനുമായി കെയ്റോസ് ടീമിന്റെ നേതൃത്വത്തിൽ ഡിസംബർ 6 ന് തൂലിക 2K21 നടത്തുകയുണ്ടായി. ഒരു ക്രിസ്മസ് അനുഭവം എന്നതായിരുന്നു വിഷയം. ദീപ്തി, അഞ്ജന, അലിൻ, ആഗ്നൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഓൺലൈൻ ആരാധന**

ഡിസംബർ 15-24 പത്തു ദിവസം രാത്രി 9.30 മുതൽ 10 വരെ ഓൺലൈനായി നിശ്ശബ്ദമായി ദിവ്യകാരുണ്യ ആരാധന നടത്തി. ചാൾസ്, റൂബി, തിമോത്തി തുടങ്ങിയവർ നേതൃത്വം നൽകി.

**5. സുകൃതജപപരമ്പര**

ക്രിസ്മസിന് ഒരുക്കമായി വാട്സ്ആപ്പ് ഗ്രൂപ്പിൽ ദിവസവും സുകൃത ജപം ഇട്ടു ദിവസവും പ്രാർത്ഥിച്ചു. റൂബി, തിമോത്തി, ലിറ്റി എന്നിവർ നേതൃത്വം നൽകി.

**6. ലീഡേഴ്സ് ഗ്രൂമിംഗ് പ്രോജക്ട്**

കേരള ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലീഡേഴ്സ് ഗ്രൂമിംഗ് പ്രോജക്ടിന്റെ പാലാ സോണിന്റെ ആദ്യപ്രോഗ്രാം കുമരകത്തുള്ള ലാറ്റിൻ ചർച്ചിൽ വച്ചു നടന്നു. ഫാ. കുര്യൻ മറ്റം പ്രാർത്ഥനയോടെ ഉദ്ഘാടനം ചെയ്തു. സി. ലിസ് മരിയാ സി.എം.സി., സി. ജെസി, അമല മരിയ, ബെറ്റ്സി, അമൽ, ക്ലിജോ, ദീപ്തി, ജെയിംസ് എന്നിവർ നേതൃത്വം നൽകി.

**7. കൂട്ടിക്കൽ റീബിൽഡ് മിഷൻ**

ജീസസ് യൂത്തിന്റെ 'നല്ല അയൽക്കാരൻ' പ്രോജക്ടിന്റെ ഭാഗമായി വേലനിലം, വടക്കേമല, പറത്താനം തുടങ്ങിയ ഭാഗത്തെ വീടുകൾ സന്ദർശിക്കുകയും വീടും ഉപജീവനമാർഗങ്ങളും നഷ്ടപ്പെട്ട നാലു കുടുംബങ്ങൾക്ക് 10000 രൂപാ വീതം നല്കുകയും ഏന്തയാർ ഇടവകയിലെ കുടുംബങ്ങൾക്കായി 25 കിടക്കകൾ വിതരണം ചെയ്യുകയും ചെയ്തു.

**8. സ്റ്റെപ്പ് വൺ പ്രോഗ്രാം**

ഒൻപതാം ക്ലാസ്സിൽ പഠിക്കുന്നവർക്കുവേണ്ടിയുള്ള സ്റ്റെപ് വൺകളിൽ ഓൺലൈനായി നടത്തപ്പെട്ടു.

**9. മിനിസ്ട്രി ട്രെയിനിംഗ്**

പാലാ സോണിലെ ജീസസ് യൂത്ത് മിനിസ്ട്രികളുടെ ട്രെയിനിംഗ് ഡിസംബർ 10,11,12 തീയതികളിൽ ചേർപ്പുങ്കൽ ബി.വി.എം. കോളജിൽ വച്ചു നടന്നു. പ്രിൻസിപ്പൽ റവ. ഡോ. ബേബി സെബാസ്റ്റ്യൻ ഉദ്ഘാടനം നിർവഹിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ഡിനോ പോൾ, അമല മരിയ ജെയിംസ്, ഷിമി സ്റ്റീഫൻ, ചാക്കോച്ചൻ, ബിലാസ് ജോസഫ്, പോൾ എമിൽ, ഷെറി ജോൺ, ജോഗേഷ്, സുബിൻ, ജസ്റ്റിൻ ജോസഫ്, ശാലു, ദീപ്തി എന്നിവർ നേതൃത്വം നൽകി.

**10. Exordium 2021 - മൂലമറ്റം കോളജ്**

മൂലമറ്റം സെന്റ് ജോസഫ്സ് കോളജിലെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ Exordium 2021 എന്ന പേരിൽ ഒരു ഏകദിന പ്രോഗ്രാം നടന്നു. ഫാ. സോണി എബ്രായിൽ സി.എം.ഐ. ഉദ്ഘാടനം ചെയ്തു. ജോയിസി ജയിംസ്, മരിയ ബാബു, ഷിബ്രിസ്, നിയാമോൾ എയ്ഞ്ചൽ എന്നിവർ നേതൃത്വം നൽകി.

**11. ഹൗസ്ഹോൾഡ് കൂട്ടായ്മകൾ**

ഡിസംബർ മാസത്തെ ഹൗസ് ഹോൾഡ് കൂട്ടായ്മകൾ അരുവിത്തുറ, മുട്ടം, ഇലഞ്ഞി, കുറവിലങ്ങാട് എന്നിവിടങ്ങളിൽ ഓൺലൈനായും പാലാ ഹൗസ് ഹോൾഡ് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചും നടന്നു.

**12. കാദോഷ് 2021 – സെന്റ് തോമസ് കോളജ്**

പാലാ സെന്റ് തോമസ് കോളജിലെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ Kadosh 21 എന്ന പേരിൽ ഡിസംബർ 18 ന് ഏകദിന പ്രോഗ്രാമും ദിവ്യകാരുണ്യ ആരാധനയും നടന്നു. ബിഷപ് മാർ ജേക്കബ് മുരിക്കൻ, ഫാ. കുര്യൻ മറ്റം എന്നിവർ സംബന്ധിച്ചു. സിജോ, അജിത്ത് എന്നിവർ ക്ലാസുകൾ നയിച്ചു. നവീൻ, ആൽഫിൻ, ആൽബിൻ കൊട്ടാരം എന്നിവർ നേതൃത്വം നൽകി.

**13. നഴ്സസ് കൂട്ടായ്മ**

ഓൾ കേരളാ നഴ്സ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പാലാ രൂപതയിലെ ഏഴു നഴ്സിംഗ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിപ്രതിനിധികൾ ഡിസംബർ 27 ന് ഷാലോം ഓഡിറ്റോറിയത്തിൽ ഏകദിന കൂട്ടായ്മ ചേർന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ജോയിസി തോമസ്, ഡോ. ഡെൽറ്റി ജോബി, ജോസ് മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു. ഓൾ കേരള നഴ്സ് മിനിസ്ട്രി കോർഡിനേറ്റർ ഹണിമോൾ രാജേഷ്, ശാലു, ജോഗേഷ്, ഫെൻസി, ജോമോൻ എന്നിവർ നേതൃത്വം നൽകി.

**14. ബ്ലൂമിംഗ് റോസസ് പ്രോഗ്രാം**

ബ്ളൂമിംഗ് റോസസ് പ്രോഗ്രാമിന്റെ ഫോളോഅപ്പ് പ്രോഗ്രാം ഡിസംബർ 27 ന് ബി.എഡ്. കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, ജോയിസി തോമസ് എന്നിവർ ക്ലാസുകൾ നയിച്ചു. സി. ലിസ് മരിയ സി.എം.സി., ബെല്ലാ, ആൽഫിൻ, സുബിൻ, ജോഗേഷ്, ജോമോൾ, അഖിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**15. ക്രിസ്മസ് ആഘോഷം**

ജീസസ് യൂത്തിന്റെ ക്രിസ്മസ് ആഘോഷം ഡിസംബർ 26 ന് ദിവ്യകാരുണ്യ ആരാധനയെത്തുടർന്ന് ബി.എഡ്. കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റത്തിന്റെ 75-ാം ജന്മദിനവും ആഘോഷിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. തോമസ് തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

**1. പാലാ ദൂത് വിതരണം**

ഡിസംബർ 3,4 തീയതികളിലായി കുടുംബക്കൂട്ടായ്മ ഫൊറോനാ പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ പാലാദൂത് രൂപതയിലെ എല്ലാ ഇടവകകളിലും എത്തിച്ചു.

**2. കൂട്ടിക്കൽ ഫൊറോന സന്ദർശനം**

ഡിസംബർ എട്ടാം തീയതി കൂട്ടിക്കൽ ഫൊറോനയിലെ എല്ലാ പള്ളികളിലും രൂപത ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചനും രൂപത ഭാരവാഹികളും സന്ദർശനം നടത്തി. ബഹു. വികാരിയച്ചന്മാരുമായി കുടുംബ ക്കൂട്ടായ്മ പ്രവർത്തനങ്ങളെപ്പറ്റി ചർച്ചചെയ്യുകയും ഫൊറോന കൗൺസിലിലേ ക്കുള്ള ഇടവക പ്രതിനിധികളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**3. ബൈബിൾ കൺവെൻഷൻ പ്രാർത്ഥനകാർഡ് വിതരണം**

രൂപത ബൈബിൾ കൺവെൻഷനുവേണ്ടിയുള്ള പ്രാർത്ഥന കാർഡ് ഫൊറോനയിലെ എല്ലാ പള്ളികളിലും എത്തിച്ചു.

**4. കുടുംബക്കൂട്ടായ്മാ ഭാരവാഹികൾക്ക് ക്ലാസ് - കുന്നോന്നി**

രൂപത ഡയറക്ടർ ബഹു. വിൻസെന്റ് മുങ്ങാമക്കൽ അച്ചൻ ഡിസംബർ നാലാം തീയതി ശനിയാഴ്ച കുന്നോന്നി ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാര വാഹികൾക്ക് കൂട്ടായ്മാജീവിതശൈലിയെപ്പറ്റി ക്ലാസെടുത്തു.

**5. പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനയോഗം**

ഡിസംബർ പതിനെട്ടാം തീയതി 13-ാമത് രൂപത പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനയോഗത്തിൽ ബഹു. ഡയറക്ടറച്ചനും രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേലും സംബന്ധിച്ചു.

**6. പ്രാർത്ഥനായജ്ഞം**

ജൂലൈ മാസത്തിൽ ആരംഭിച്ച കരുണക്കൊന്ത ചൊല്ലിയുള്ള ഓൺ ലൈൻ പ്രാർത്ഥനായജ്ഞം എല്ലാ ഫൊറോനാകളിലും നടന്നു വരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

**1. സർട്ടിഫിക്കറ്റ്**

ഡിസംബർ മാസത്തെ ഓൺലൈൻ വിവാഹ ഒരുക്ക ധ്യാനത്തിൽ 218 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

2021 ഡിസംബർ മാസത്തെ ഓൺലൈൻ ധ്യാനത്തിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് ധ്യാനം 2022 ജനുവരി 31 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

**3. വിവാഹ ഒരുക്ക സെമിനാർ തീയതികൾ**

ഫെബ്രുവരി മാസം മുതൽ നടക്കുന്ന വിവാഹങ്ങൾക്ക് ഒരുക്കമായുള്ള ധ്യാനം നേരിട്ടാണ് നടത്തുന്നത്. ജനുവരി 10 മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നു. തീയതികൾ ജനുവരി 20-22, മാർച്ച് 28-30, ഏപ്രിൽ 11-13, 25-27, മെയ് 9-11, 23-25.

**B. സന്തുഷ്ടകുടുംബപദ്ധതി**

2000 ആണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 50 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം ഡിസംബർ മാസത്തിലേത് 5-ാം തീയതി നൽകി.

**C. പിതൃവേദി**

**1. യൂണിറ്റ് സന്ദർശനം**

നവംബർ 27 ന് പിതൃവേദിയുടെ അമ്പാറനിരപ്പേൽ യൂണിറ്റ് വാർഷികത്തിൽ രൂപത ഡയറക്ടർ സംബന്ധിച്ചു.

**2. രൂപതാസമിതി**

ഡിസംബർ 4 ശനിയാഴ്ച പിതൃവേദിയുടെ രൂപത എക്സിക്യൂട്ടീവ് സമ്മേളിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. 19 ന് നടക്കേണ്ട രൂപതാതല പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു.

**3. ക്ലാസ്സ്**

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് - മേഖല പ്രസിഡന്റുമാർക്കായി ഡിസംബർ 19 ന് ആദ്യ ശില്പശാല നടത്തി. വടവാതൂർ പൗരസ്ത്യ വിദ്യാപീഠം പ്രഫസർ റവ. ഡോ. തോമസ് വടക്കേൽ ക്ലാസ്സ് നയിച്ചു.

**4. രൂപതാതല തിരഞ്ഞെടുപ്പ്**

പിതൃവേദിയുടെ രൂപതാതല തിരഞ്ഞെടുപ്പ് 2021 ഡിസംബർ 19 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ നിയന്ത്രിച്ചു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട രൂപതാഭാരവാഹികളുടെ പേരുവിവരം താഴെ നല്കുന്നു. രൂപത പ്രസിഡന്റായി ശ്രീ ജോസഫ് വടക്കേൽ (അരുവിത്തുറ) തെരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡന്റായി ശ്രീ കെ.ജെ. പോൾ കാരിക്കമുകളേൽ (മാൻവെട്ടം), സെക്രട്ടറിയായി ശ്രീ ജോസ് തോമസ് മുത്തനാട്ട് (തീക്കോയി) ജോയിന്റ് സെക്രട്ടറിയായി ശ്രീ ടോമി തുരുത്തിക്കര (ചൂണ്ടച്ചേരി), ട്രഷററായി ശ്രീ സാജു കാരാമയിൽ (ചേർപ്പുങ്കൽ) എന്നിവരെ തിരഞ്ഞെടുത്തു. രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ പരിപാടികൾക്കു നേതൃത്വം നല്കി.

## D. മാതൃവേദി

### 1. രൂപതാതലസമ്മേളനം

നവംബർ മാസം 26-ാം തീയതി മാതൃവേദിയുടെ രൂപതാതലസമ്മേളനം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. രാവിലെ 10 മണിക്ക് ആരംഭിച്ച മീറ്റിങ്ങിൽ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യാതിഥിയായിരുന്നു. രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ, സി. ഡോ. എൽസ റ്റോം, ശ്രീമതി മേരിക്കുട്ടി അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. രൂപതയിൽനിന്ന് നടത്തിയ മത്സരങ്ങളുടെ സമ്മാനങ്ങളും വിതരണം ചെയ്തു.

### 2. രൂപത എക്സിക്യൂട്ടീവ്

നവംബർ 22 തിങ്കളാഴ്ച രാവിലെ 10.30 ന് രൂപത എക്സിക്യൂട്ടീവ് സമ്മേളിച്ച് പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു.

### 3. നവദമ്പതീസംഗമം

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റേയും മാതൃവേദിയുടെയും നേതൃത്വത്തിൽ ഡിസംബർ 17 ന് നവദമ്പതീസംഗമം നടത്തി. റവ. ഫാ. ജോസഫ് മൈലപ്പറമ്പിൽ ക്ലാസ്സ് നയിച്ചു.

### 4. രൂപതാസമിതി

ഡിസംബർ മാസം 20-ാം തീയതി തിങ്കാഴ്ച രാവിലെ 10 മണിക്ക് മാതൃവേദിയുടെ രൂപതാസമിതി സമ്മേളിച്ചു. സമിതിയുടെ ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തി.

## E. പ്രോലൈഫ് സമിതി

### 1. മീറ്റിങ്

പ്രോലൈഫ് സമിതിയുടെ രൂപതാതലസമ്മേളനം ഡിസംബർ 27 ന് ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി.

## F. ഹോംമിഷൻ

ഡിസംബർ 21 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ഹോംമിഷനിൽ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സമ്മേളനം നടത്തി.

## G. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യു

ന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിത പങ്കാളികളെ തെരെഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മാട്രിമണിയുടെ വിവിധ രൂപതകളിലെ മാട്രിമണി ഡയറക്ടർമാരുടെ മീറ്റിങ്ങ് ഡിസംബർ 15-ാം തീയതി നടത്തപ്പെട്ടു. സൈറ്റിന്റെ നവീകരണത്തെക്കുറിച്ച് ചർച്ചകൾ നടത്തി.

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി നവംബർ, ഡിസംബർ മാസങ്ങളിൽ **വയല, കീഴൂർ, മേവിട, മുത്തോലി, മോനിപ്പള്ളി, ഭരണങ്ങാനം** എന്നീ ഇടവകയിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**കർഷകസമ്മേളനം**

ഭാരതത്തിലെ കർഷകർ കോവിഡിനെ പരാജയപ്പെടുത്തിയതായി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻ ചർച്ച് പാരിഷ്ഹാളിൽ നടത്തിയ കർഷക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, സി.എം. ജോർജ്, റ്റോമി കണ്ണിറ്റുമ്യാലിൽ, ആൻസമ്മ സാബു, എം.എം. ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

**അടുക്കളത്തോട്ടം മത്സരം 2021 സമ്മാനവിതരണം നടത്തി.**

കത്തോലിക്ക കോൺഗ്രസ് നടത്തിയ അടുക്കളത്തോട്ടമത്സരത്തിന്റെ സമ്മാനങ്ങൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു. 1000 ത്തോളം തോട്ടങ്ങൾ നേരിട്ട് യൂണിറ്റ് തലത്തിൽ സന്ദർശിച്ച് അതിൽനിന്ന് ഫൊറോനാതലത്തിലും രൂപതാതലത്തിലും സന്ദർശിച്ചതിനുശേഷം വിലയിരുത്തി വിജയികളെ പ്രഖ്യാപിച്ചു. അവർക്ക് മെമന്റോയും ക്യാഷ് അവാർഡും വിതരണം ചെയ്തു.

*കർഷകശ്രീ. - ഡൊമിനിക് ജോസഫ് മാത്തിപ്പറമ്പിൽ, നീലൂർ*
*രണ്ടാം സമ്മാനം - ത്രേസ്യാമ്മ പാളിയിൽ, കോതനല്ലൂർ*
*മൂന്നാം സമ്മാനം - ബീന മാത്യു വെട്ടിക്കത്തടം, കാഞ്ഞിരത്താനം*
*നാലാം സമ്മാനം - ഫ്രാൻസിസ് സ്കറിയ കൊച്ചുമലയിൽ, മരങ്ങോലി*

*അഞ്ചാം സമ്മാനം – ഷിബു ജോസഫ് അമ്പഴത്തിങ്കൽ, വേലത്തുശ്ശേരി*
*ടെറസ് കൃഷി ഒന്നാം സമ്മാനം – ജസി മാത്യു പാളിയിൽ, കോതനല്ലൂർ*
*ടെറസ് കൃഷി രണ്ടാം സമ്മാനം – ലാലി ജോസഫ് കളപ്പുരയ്ക്കൽ, രാമപുരം*
*ക്രമീകരണ മികവ് – സിബി വർഗീസ് തുളിശ്ശേരിൽ, മുട്ടുചിറ*

**പ്രോത്സാഹനസമ്മാനങ്ങൾ**

1. അനറ്റ് ബോബി അരുകുഴിപ്പിൽ, മുട്ടുചിറ
2. ഷെറി ജോൺസൺ തേങ്ങാപ്പാറയിൽ, രത്നഗിരി
3. ജോയി കെ. തോമസ് കളപ്പുരയ്ക്കൽ, ഉള്ളനാട്
4. പെണ്ണമ്മ അഗസ്റ്റ്യൻ കിഴക്കിനകത്ത്, രാമപുരം
5. മാത്യു എൻ.എം. നെടുമ്പാനയിൽ, രത്നഗിരി
6. മേരി സെബാസ്റ്റ്യൻ തേനാശ്ശേരി, കുറവിലങ്ങാട്
7. പീറ്റർ ഇരട്ടയാനിക്കൽ, കൂത്താട്ടുകുളം
8. ജോർജ് അഗസ്റ്റിൻ മാന്നാത്ത്, വെള്ളികുളം
9. രഞ്ജു കളപ്പുരയിൽ എടാട്, മൂലമറ്റം
10. സെലിൻ എടേട്ട്, മുണ്ടാങ്കൽ
11. സണ്ണി ജോൺ ഇലവുങ്കൽ, തുടങ്ങനാട്

**കിഴക്കൻ മേഖല യൂത്ത് കൗൺസിൽ രൂപീകരണം**

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ യുവജനങ്ങളുടെ ഇടയിൽനിന്ന് നല്ല നേതൃനിരയുടെ രൂപീകരണം ലക്ഷ്യമിട്ട് രൂപീകൃതമാക്കുന്ന യൂത്ത് കൗൺസിലിന്റെ കിഴക്കൻ മേഖല പ്രതിനിധിസംഗമം അരുവിത്തുറയിൽ നടത്തി. രൂപതാ വൈസ് പ്രസിഡന്റ് ശ്രീ ജോയി കെ. മാത്യു കണിപറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം റവ. ഡോ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം സാജു അക്ഷയ്, അജിത് അരിമറ്റം, ജോമി പറപ്പള്ളിൽ, ജിസ് മറ്റപ്പള്ളിൽ, ജോൺസൺ ചെറുവള്ളി തുടങ്ങിയവർ പ്രസംഗിച്ചു. കിഴക്കൻ മേഖല കോർഡിനേറ്ററായി പോൾസൺ ഫിലിപ്പ്, വാകക്കാട്, ഡാനി തോമസ്, വാരിയാനിക്കാട്, ലിങ്കോ ജോർജ്, അരുവിത്തുറ, ദേവസ്യാച്ചൻ പി.ജെ., അരുവിത്തറ എന്നിവരെ തിരഞ്ഞെടുത്തു.

**ഭവനനിർമ്മാണ ധനസഹായം**

കൂട്ടിക്കലിൽ ഉണ്ടായ പ്രളയത്തിൽ വീടിനു നഷ്ടം സംഭവിച്ച ഒരു വീട് കത്തോലിക്ക കോൺഗ്രസ് പണിതു കൊടുക്കുന്നതിന് വേണ്ട ധനസഹായത്തിന്റെ മൂന്നു ഗഡു രൂപത ട്രഷറർ അഡ്വ. ജോൺസൺ വീട്ടിയാങ്കൽ കൂട്ടിക്കൽ ഫൊറോന പ്രസിഡന്റ് റ്റോമി പുളിവേലിനു കൈമാറി.

**പുതുവത്സരാശംസകൾ**

രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലും പ്രസിഡന്റ് എമ്മാനുവൽ നിധീരിയും ജനറൽ സെക്രട്ടറി ജോസ് വട്ടുകുളവും ഖജാൻജി അഡ്വ. ജോൺസൺ വീട്ടിയാങ്കലും എല്ലാവർക്കും പുതുവർഷ ആശംസകൾ

നേർന്നു. പുതുവത്സരം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പരസ്പര സഹകരണത്തിന്റെ പുത്തൻ ദിനങ്ങളായിരിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. പ്രതീക്ഷ 2021 ടെക്നോളജി വീക്ക്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കാർഷിക സർവ്വകലാശാല, കൃഷിവിജ്ഞാനകേന്ദ്രം കോട്ടയം എന്നിവയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 6 മുതൽ 10 വരെ തീയതികളിൽ മുണ്ടാങ്കൽ സെന്റ് ഡോമിനിക്ക് പാരിഷ് ഹാളിൽ വച്ച് കാർഷിക സാങ്കേതികവിദ്യാ കൈമാറ്റ സെമിനാറുകളും കാർഷിക എക്സിബിഷനുകളും നടന്നു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മ ലാജിമ്മി പരിപാടി ഉദ്ഘാടനം ചെയ്തു. ലഘുലേഖകളുടെ പ്രകാശനം പാലാ മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് നിർവ്വഹിച്ചു. P.S.W.S. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, മുണ്ടാങ്കൽ പള്ളി വികാരി ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മഞ്ജു ബിജു, കൃഷി വിജ്ഞാന കേന്ദ്രം എക്സ്റ്റഷൻ ഡയറക്ടർ, ഡോ. ജയശ്രീ കൃഷ്ണൻകുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.

സ്പൈസസ് മേഖലയിലെ നൂതന സാധ്യതകൾ, സംയോജിത മണ്ണ് സസ്യ ആരോഗ്യ മാനേജ്മെന്റ്, വീട്ടുവളപ്പിലെ വിളകൾ, വാഴക്കൃഷിയിലെ സാങ്കേതികവിദ്യകൾ, ശാസ്ത്രീയ മത്സ്യക്കൃഷി, സംയോജിത കീടനിയന്ത്രണം, സമിശ്ര കൃഷി, ശാസ്ത്രീയ തെങ്ങുകൃഷി തുടങ്ങിയ വിഷയങ്ങളിൽ 5 ദിവസങ്ങളിലായി സെമിനാറുകൾ നടന്നു. കൂടാതെ, കർഷകരുടെ സംശയങ്ങൾ നിവാരണം നടത്തുന്ന കാർഷികക്ലിനിക്ക്, കാർഷിക എക്സ്പോ തുടങ്ങിയ പരിപാടികൾ നടന്നു.

കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് സീനിയർ സയന്റിസ്റ്റ് ഡോ. ലിജോ ജയിംസ്, കൃഷിവിജ്ഞാനകേന്ദ്രം പ്രോഗ്രാം ഓഫീസർ ഡോ. ജയലക്ഷ്മി ജി, സ്പൈസസ് ബോർഡ് മൈലാടുംപാറ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ജോൺ വർഗ്ഗീസ്, കോട്ടയം കൃഷി വിജ്ഞാനകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ജോൺ വർഗ്ഗീസ്, കോട്ടയം കൃഷിവിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. ബിന്ദു പി.എസ്., ഡോ. ആശ വി. പിള്ള, മാനുവൽ അലക്സ്, ഡോ. നവ്യാ ആർ., കേരള യൂണിവേഴ്സിറ്റി മുൻ ഡയറക്ടർ ഡോ. കെ.ജി. പത്മകുമാർ, കണ്ണാര വാഴഗവേഷണകേന്ദ്രത്തിലെ ഡോ. പി.ബി. പുഷ്പലത, ഡോ. ഗവാസ് രാഗേഷ്, ഡോ. മഞ്ചു പി. ആർ എന്നിവരും ഹോർട്ടികൾച്ചർ ആലപ്പുഴ പ്രൊഫ. ഡോ. അനുജു കൃഷ്ണൻ തുടങ്ങിയവർ വിവിധ സെമിനാറുകൾ നയിച്ചു.

പ്രതീക്ഷാ 2021 നോട് അനുബന്ധിച്ചു നടന്ന കർഷകസംഗമം നബാർഡ് ജില്ലാ മാനേജർ ശ്രീ റെജി വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. അഞ്ചു ദിവസങ്ങളി

ലായി നടന്ന കാർഷിക സിംപോസിയത്തിന്റെ സമാപനസമ്മേളനം ശ്രീ ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്തു.

മുണ്ടാങ്കൽ സെന്റ് ഡോമിനിക്ക് പള്ളി വികാരി ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ, P.S.W.S. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, പി.വി. ജോർജ്, മാനുവൽ ആലാനി, മുണ്ടാങ്കൽ കർഷകദള ഫെഡറേഷൻ ഭാരവാഹികൾ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.

**2. പഠനയാത്ര.**

P.S.W.S. സ്റ്റാഫ് അംഗങ്ങൾക്കും പ്രൊമോട്ടർമാർക്കുമായി കട്ടപ്പന ഒസാഡിലേക്ക് ഒരു ഏകദിന പഠനയാത്ര നടത്തി. ഓസാഡ് ഡറയക്ടർ ഫാ. ജോസ് ആന്റണി സി.എം.ഐ. നൂതന സാങ്കേതിക പ്രവർത്തന രീതികളെക്കുറിച്ച് ക്ലാസ്സ് നടത്തി. ഫാ. തോമസ് കിഴക്കേൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ എന്നിവരുടെ നേതൃത്വത്തിൽ 45 അംഗ ടീം പരിപാടിയിൽ പങ്കെടുത്തു.

**3. സൗജന്യ കോവിഡ് വാക്സിനേഷൻ ക്യാമ്പ്**

ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ സൗജന്യ കോവിഡ് വാക്സിനേഷൻ ക്യാമ്പ് വാഗമൺ, മാവടി, വെള്ളികുളം, തീക്കോയി, പൂഞ്ഞാർ, അടിവാരം, കൈപ്പള്ളി, പെരിങ്ങുളം, കൂട്ടിക്കൽ, വേലനിലം, ഏന്തയാർ, പറത്താനം, കാവാലി, ചോലത്തടം, മലയിഞ്ചിപ്പാറ എന്നീ സ്ഥലങ്ങളിൽവച്ച് നടത്തി.

**4. കേക്കുനിർമ്മാണ പരിശീലനം**

P.S.W.S. ന്റെ ആഭിമുഖ്യത്തിൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കേക്കുനിർമ്മാണ പരിശീലനപരിപാടി സംഘടിപ്പിച്ചു. വാനില കേക്ക്, ക്യാരറ്റ് കേക്ക്, ചോക്ലേറ്റ് കേക്ക്, റെഡ് വെൽവൈറ്റ് കേക്ക് തുടങ്ങിയവയാണ് പരിശീലിപ്പിച്ചത്. 2 ബാച്ചുകളിലായി നടന്ന പരിശീലനത്തിൽ 90 പേർ പങ്കെടുത്തു.

**5. മുട്ടക്കോഴിവിതരണം**

ജനുവരി 15,16 തീയതികളിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് ബി.വി 380 എന്നീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യും.

**6. കൂട്ടിക്കൽ മിഷൻ കാരിത്താസ് ഇന്ത്യ സഹായ പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചു 2021 ഒക്ടോബർ മാസത്തിലെ പ്രളയത്തിൽ വീടിനും സ്വത്തിനും നാശനഷ്ടം സംഭവിച്ച കൂട്ടിക്കൽ, പൂഞ്ഞാർ ഫോറോനകളിലെ വിവിധ ഇടവകകളിലെ 60 കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി പതിനായിരം രൂപ വീതവും 300 സ്കൂൾ കുട്ടികൾക്ക് സ്കൂൾ ബാഗ്, കുട, ചോറ്റുപാത്രം, ബുക്ക്, പേന എന്നിവയടങ്ങിയ സ്കൂൾ ബാഗ് കിറ്റും നൽകുകയുണ്ടായി. 2021 ഡിസംബർ 21 -ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് കൂട്ടിക്കൽ സെന്റ് ജോർജ്ജ് ഫോറോനപ്പള്ളി അങ്കണത്തിൽവച്ചു നടത്തിയ ചടങ്ങിൽ പാലാ രൂപ

താദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പദ്ധതിയുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. വികാരി റവ. ഫാ. ജോസഫ് മണ്ണനാൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുകയും കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ റവ. ഫാദർ ജേക്കബ് മാവുങ്കൽ, കാരിത്താസ് ഇന്ത്യ പ്രോഗ്രാം ഓഫീസർമാരായ ശ്രീ. അബിഷ് ആന്റണി, ശ്രീ. ആംസ്ട്രോങ്ങ് അലക്സാണ്ടർ, ശ്രീ ദിലീഷ് വർഗീസ്, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ഇൻഫാം ദേശീയ ഡയറക്ടർ റവ. ഫാ. ജോസഫ് ചെറുകരകുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**7. കമില്യൻ സഭയ്ക്ക് പാലാ രൂപതയുടെ ആദരം**

കൂട്ടിക്കൽ ദുരിതബാധിതമേഖലയിൽ സമാനതകളില്ലാത്ത സേവന പ്രവർത്തനങ്ങൾക്ക് പാലാ രൂപതയോട് ചേർന്ന് പ്രവർത്തിച്ച ബാംഗ്ളൂർ കേന്ദ്രമായുള്ള കമില്യൻ സഭാവൈദികരെ പാലാ രൂപതയുടെ കൂട്ടിക്കൽ മിഷന്റെ നേതൃത്വത്തിൽ ആദരിച്ചു. വീടുകളുടെയും കിണറുകളുടെയും ശുചീകരണം, അറ്റകുറ്റപ്പണികൾ, റോഡ് പുനഃനിർമ്മാണം എന്നിവയ്ക്കൊപ്പം വീട്ടുപകരണങ്ങൾ, വസ്ത്രങ്ങൾ, ഫുഡ്കിറ്റുകൾ തുടങ്ങിയവയും പാലാ രൂപതയുടെ നേതൃത്വത്തിൽ കമില്യൻ വൈദികർ വിതരണം ചെയ്യുകയുണ്ടായി.

പ്രൊവിൻഷ്യൻ ജനറൽ റവ.ഫാ. ബേബി ഇല്ലിക്കൽ, റിലീഫ് കോ ഓർഡിനേറ്റർ റവ. ഫാ. ബേബി നായ്ക്കരകുടി, ഫാ. ബിൻസ് കമില്യൻസ് എന്നീ വൈദികർ നേതൃത്വം നൽകി. മാതൃകാപരമായ സേവനപ്രവർത്തനങ്ങളിലൂടെ കൂട്ടിക്കലിന്റെ പുനനിർമ്മിതിയിൽ പങ്കാളികളായ കമില്യൻ സഭയുടെ പ്രൊവിൻഷ്യൻ ജനറാൾ ഫാ. ബേബി ഇല്ലിക്കലിനെ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് മെമന്റോ നൽകി ആദരിച്ചു. കൂട്ടിക്കൽ പള്ളിഹാളിൽ നടന്ന ചടങ്ങിൽ മിഷ്യൻ ചീഫ് കോർഡിനേറ്റർ മോൺ. ജോസഫ് മലേപ്പറമ്പിൽ അദ്ധ്യക്ഷനായിരുന്നു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ, വികാരി റവ.ഫാ. ജോസഫ് മണ്ണനാൽ, കൂട്ടിക്കൽ പഞ്ചായത്ത് പ്രസിഡന്റ്, കമ്മറ്റിയംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**8. വാർഡ് ഡെവലപ്മെന്റ് പ്ലാൻ**

കാരിത്താസ് ഇന്ത്യയുടെ നവജീവൻ പദ്ധതിയുടെ ഭാഗമായി തീക്കോയി പഞ്ചായത്തിന്റെ വാർഡ് ഡെവലപ്മെന്റ് പ്ലാൻ തീക്കോയി പഞ്ചായത്തു പ്രസിഡന്റ് ശ്രീ ജെയിംസ് കമളംമാക്കലിനു സമർപ്പിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി കവിത രഞ്ജിത്ത്, വാർഡുമെമ്പർമാരായ ശ്രീമതി മാളു മുരുകൻ, ശ്രീ രതീഷ് പി.എസ്, ശ്രീമതി നമജി നെല്ലുവേലിൽ, ശ്രീ മോഹനൻ കുട്ടപ്പൻ, P.S.W.S. പ്രോജക്ട് കോർഡിനേറ്റർ ലിറ്റി സന്തോഷ്, P.S.W.S. സ്റ്റാഫ് സെക്രട്ടറി, ശ്രീ ജോയി മടിക്കാങ്കൻ എന്നിവർ പങ്കെടുത്തു.

**9. വോളണ്ടിയേഴ്സ് സംഗമം**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം വോളണ്ടിയേഴ്സ് സംഗമം എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ച് നടന്നു. കോട്ടപ്പുറം

ബിഷപ് മാർ ജോസഫ് കാരിക്കശ്ശേരി പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമത്തിൽ പാലാ രൂപതയിൽനിന്ന് ബെസ്റ്റ് ആശാകിരണം വോളണ്ടിയേഴ്സിനുള്ള അവാർഡ് വാക്കാട് ഇടവകാംഗമായ ശ്രീമതി ആൻസി സെബാസ്റ്റ്യൻ ഏറ്റുവാങ്ങി. വാക്കാട് സെന്റ് സെബാസ്റ്റ്യൻ ചർച്ച് വികാരി ഫാദർ ജോസഫ് മേയിക്കൽ, P.S.W.S. ഓഫീസർ ശ്രീ സാജു വടക്കേൽ, P.S.W.S. ആശാകിരണം വോളിന്റേഴ്സുമാരായ ശ്രീമതി ആൻസമ്മ ജോൺ, ശ്രീ സി.റ്റി. തോമസ്. ശ്രീമതി മഞ്ജു ബിജു, ശ്രീമതി എൽസി സ്റ്റീഫൻ, ത്രീ ടോജോ സെബാസ്റ്റ്യൻ എന്നിവർ സംഗമത്തിൽ പങ്കെടുത്തു.

**10. കുടുംബോദ്ധാരണ പദ്ധതി ധനസഹായവിതരണം**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതി ധനസഹായവിതരണം ജനുവരി ഫെബ്രുവരി മാസങ്ങളിൽ P.S.W.S. ൽ വച്ച് നടക്കും.

**11. വാട്ടർ ടാങ്ക് വിതരണം**

വേനൽക്കാല ജലസംഭരണ പദ്ധതിയുടെ ഭാഗമായി വാട്ടർ ടാങ്കുകൾ ഗ്രൂപ്പ് അംഗങ്ങൾക്ക് ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിതരണം ചെയ്യും.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

**ഫാ. ജോസഫ് താഴത്തുവരിക്കയിൽ** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

പാലാ രൂപത കെയർ ഹോംസിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ഗാനമത്സരം നടത്തി

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. അപകട ഇൻഷ്വറൻസ് പോളിസി ആരംഭിച്ചു**

വർഷം 300 രൂപ അടച്ച് വ്യക്തിഗത അപകട ഇൻഷ്വറൻസ് പോളിസി കെ.എൽ.എം ആരംഭിച്ചു.

**2. അസംഘടിത തൊഴിലാളികൾക്ക് ഇ-ശ്രം കാർഡ് (E -Shram card ) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.**

രാജ്യത്തെ അസംഘടിത തൊഴിലാളികളുടെ വിവരശേഖരണം നടത്തുക എന്ന ലക്ഷ്യത്തോടെ ഇ-ശ്രം രജിസ്ട്രേഷൻ https://register.eshram.gov.in/ എന്ന വെബ്സൈറ്റ് വഴി ആരംഭിച്ചു.

**ഇ-ശ്രം രജിസ്ട്രേഷന്റെ നേട്ടങ്ങൾ**

1. അസംഘടിത തൊഴിലാളി തിരിച്ചറിയൽ കാർഡ് ലഭിക്കുന്നു.
2. രണ്ടു ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് ആനുകൂല്യം.
3. ഭാവിയിലെ എല്ലാ ആനുകൂല്യങ്ങൾക്കും തിരിച്ചറിയൽ രേഖയായി ഇ-ശ്രം കാർഡ് ഉപയോഗിക്കാം.

കൊഴുവനാൽ ഇടവകയിൽ അപകട ഇൻഷ്വറൻസിനെക്കുറിച്ചും ഇ-ശ്രം രജിസ്ട്രേഷനെക്കുറിച്ചും ക്ലാസ്സെടുത്തു.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ബോധവത്കരണ ക്ലാസുകൾ**

സെന്റ് ആന്റണീസ് എച്ച്.എസ്. വെള്ളികുളം (ഡിസംബർ 9), സെന്റ് ജോർജ് യു.പി.എസ്. മൂലമറ്റം (ഡിസംബർ 13), ഒ.എൽ.എൽ, എച്ച്.എസ്.എസ്. ഉഴവൂർ (ഡിസംബർ 29), സെന്റ് മേരീസ് എച്ച്.എസ്.എസ്. ഭരണങ്ങാനം (ഡിസംബർ 30), സെന്റ് ആൻസ് എച്ച്.എസ്.എസ്. കുര്യനാട് (ഡിസംബർ 31).

**പഠനസന്ദർശനം**

ചേർപ്പുങ്കൽ ബിഷപ് വയലിൽ ഹോളിക്രോസ് കോളജിലെ എം.എസ്.ഡബ്ല്യു. ഒന്നാം വർഷ വിദ്യാർത്ഥികൾ ഡിസംബർ 13-ാം തീയതി അഡാർട്ടിൽ പഠനസന്ദർശം നടത്തി. 30 കുട്ടികളും മൂന്ന് അധ്യാപകരും പങ്കെടുത്തു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ആമുഖപ്രഭാഷണം നടത്തി. അഡാർട്ട് കൗൺസിലേഴ്സ് ക്ലാസെടുത്തു.

**ലഹരിവിമുക്തരുടെ കൂട്ടായ്മ**

ഡിസംബർ 5, 12, 19, 26 തീയതികളിൽ അഡാർട്ടിൽ വച്ച് ലഹരിവിമുക്ത ജീവിതം നയിക്കുന്നവരുടെ കൂട്ടായ്മയായ എ.എ. പ്രോഗ്രാം നടന്നു.

**അൽ - അനോൺ, അൽ-അലീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും മക്കളുടെയും കൂട്ടായ്മ ഡിസംബർ 11-ാം തീയതി അഡാർട്ടിൽ വച്ചു നടത്തി.

**ബൈബിൾ കൺവൻഷൻ**

39-ാമത് പാലാ രൂപത ബൈബിൾ കൺവൻഷനിൽ എല്ലാ ദിവസവും അഡാർട്ടിൽ ചികിത്സയിൽ കഴിഞ്ഞവർ ഓൺലൈനിൽ പങ്കെടുത്തു.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 24-ാം തീയതി മൂന്നു മണിക്ക് അഡാർട്ടിൽ ക്രിസ്തുമസ് ആഘോഷം നടത്തി. ആർച്ചു ബിഷപ് ഡോ. തോമസ് മേനാംപറമ്പിൽ ക്രിസ്തുമസ് സന്ദേശം നൽകി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ, പാപ്പച്ചൻ മുത്തോലി എന്നിവർ സംസാരിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2021**

കെ.സി.ബി.സി ബൈബിൾ കമ്മീഷനോടുചേർന്ന് കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റി എല്ലാ രൂപതകളെയും സംഘടിപ്പിച്ചുകൊണ്ട് നടത്തുന്ന ലോഗോസ് ക്വിസ് നമ്മുടെ രൂപതയിലും ഭംഗിയായി നടന്നു. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ രണ്ടു ഘട്ടങ്ങളായാണ് ലോഗോസ് ക്വിസ് മത്സരം നടത്തപ്പെട്ടത്. 2021 ഡിസംബർ 5-ാം തീയതി ഓൺലൈനായി നടന്ന മത്സരത്തിൽനിന്നു ഓരോ പ്രായവിഭാഗത്തിലുംപെട്ടവരിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച രണ്ടുപേരെ വീതം പങ്കെടുപ്പിച്ചുകൊണ്ട് ഡിസംബർ 19 ന് രണ്ടാംഘട്ട മത്സരം നടന്നു. ഇതിൽനിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ടു പേർക്കാണ് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാൻ അർഹത ലഭിക്കും. 2022 ജനുവരി 15 ന് പി.ഒ.സി.യിൽ വച്ചാണ് സംസ്ഥാന മത്സരം നടക്കുക.

**സമ്മാനങ്ങൾ**

രൂപതാതലത്തിൽ ഓരോ പ്രായവിഭാഗത്തിലും ആദ്യ നാലു സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ക്യാഷ് അവാർഡ് ലഭിക്കുന്നതാണ്.

80 ശതമാനത്തിലധികം മാർക്ക് നേടുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

ഓരോ ഇടവകയിലും എല്ലാ വിഭാഗത്തിലും പെട്ടവരിൽനിന്നും രണ്ടു പേർക്ക് (ഡിസംബർ 19 ന് നടന്ന മത്സരത്തിൽ പങ്കെടുക്കാൻ അർഹത ലഭിച്ചവരിൽ) വീതം പ്രത്യേക സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

സമ്മാനവിതരണവുമായി ബന്ധപ്പെട്ട തീയതിയും മറ്റു കാര്യങ്ങളും പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. മദ്ധ്യസ്ഥ പ്രാർത്ഥന**

ഡിസംബർ 6, 9, 13, 16, 20, 23, 27, 30 തീയതികളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ സഭയുടെയും രൂപതയുടെയും ഇവാഞ്ചലൈസേഷൻ പ്രവർത്തനങ്ങളുടെയും പ്രവർത്തന വിജയത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചു. മാത്തുക്കുട്ടി താന്നിക്കൽ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**2. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന**

ഡിസംബർ 3, 10, 24, 30 തിയതികളിൽ പാലാ കത്തീഡ്രൽ ദേവാലയത്തിൽ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടന്നു. വി. കുർബാന, കുമ്പസാരം ആരാധന എന്നിവയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, മാത്തുക്കുട്ടി താന്നിക്കൽ, ജോൺസൻ തടത്തിൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. L.S.S (Life in Sprit Seminar)**

LSS കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള നവമായ അഭിഷേകാനുഭവമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് എൽ.എസ്.എസ്. നമ്മുടെ രൂപത സോണിൽനിന്ന് 250 പേർ ഈ ശുശ്രൂഷയിൽ പുതിയതായി പങ്കെടുത്തുകൊണ്ടിരിക്കുന്നു. കേരളത്തിലെ 24 കരിസ്മാറ്റിക് സോണുകളിൽ മുൻപന്തിയിൽ എത്തുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു.

ഏഴ് ആഴ്ചത്തെ ധ്യാനം / ധ്യാനപരിശീലനം. ആഴ്ചയിൽ രണ്ടുദിവസം രണ്ടു മണിക്കൂർ വീതവും. കൂടാതെ എല്ലാദിവസവും തങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് അരമണിക്കൂർ ഇത്രയും മതി ഓരോരുത്തർക്കും. സൗകര്യപ്രദമായ സ്ഥലത്തിരുന്ന് zoom ൽ ഓൺലൈനായി നടത്തുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

ആത്മാവിലുള്ള ജീവിതത്തിൽ എല്ലാവരും ഒരു ഹൃദയവും ഒരു ആത്മാവുമായി ഒരുക്കുവാനുള്ള ഏഴാഴ്ച ശുശ്രൂഷകൾ. പ്രാർത്ഥിച്ച് ഉണരാൻ – വചനം പഠിച്ചു വളരാൻ – പ്രഘോഷിച്ചുയരാൻ – സ്വജീവിതംകൊണ്ട് യേശുവിനെ സാക്ഷ്യപ്പെടുത്താൻ ഓരോരുത്തരെയും സഹായിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം എല്ലാവരെയും സഹായിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ, യുവജനങ്ങൾ, ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയവളർച്ച ഇതിലൂടെ സാധ്യമാകുന്നു.

**2. LSS അംഗങ്ങളുടെ സംഗമം.**

മൂന്ന് ബാച്ചുകളിലായി എൽ.എസ്.എസ്. ശുശ്രൂഷകൾ പൂർത്തീകരിച്ച ശുശ്രൂഷകരുടെ സംഗമം ഡിസംബർ 3,10 തീയതികളിൽ പാലാ കത്തീഡ്രൽ ദേവാലയത്തിൽ 12 മണി മുതൽ നാലു മണിവരെ നടത്തപ്പെട്ടു. റവ.ഫാ. വിൻസെന്റ് മൂങ്ങമാക്കൽ വിശുദ്ധ കുർബാന അർപ്പിച്ചു മുഖ്യസന്ദേശം നൽകി. തുടർന്ന് വി. കുർബാനയെ സംബന്ധിച്ച് ക്ലാസ് സിലി തോമസ് ചേറാടിയിൽ നയിച്ചു. പാലാ കരിസ്മാറ്റിക് സോണൽ സെക്രട്ടറി ജോൺസൺ തടത്തിൽ, ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**3. YU4 C. (യൂത്ത് യുണൈറ്റഡ് 4 ക്രൈസ്റ്റ് )**

'യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണ രംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് YU4C ആയിരം പേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCSCയുടെ YU4C ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 70 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**4. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവന സമിതി അംഗങ്ങളുടെ മീറ്റിംഗ് 2 പ്രാവശ്യം ഓൺലൈനായി നടത്തി. എല്ലാ ശനിയാഴ്ചകളിലും രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ നാലുമണി വരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാശുശ്രൂഷകൾ നടത്തുന്നു. നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. എല്ലാ ഞായറാഴ്ചകളിലും 2 മണി മുതൽ 2.30 വരെ രൂപതാ കരിസ്മാറ്റിക് ശുശ്രൂഷകൾക്ക് ആമുഖമായി കുട്ടികൾ നന്ദി സ്തുതി ആരാധന നടത്തുന്നു. കുട്ടികളോടൊപ്പം മാതാപിതാക്കന്മാരും നന്ദി സ്തുതി ആരാധനയിൽ പങ്കെടുക്കുന്നു. അമ്മമാർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെഗ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ആനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകി.

**5. പ്രാർത്ഥനാ കൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു ഒരു മണി മുതൽ 4 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥന ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഡിസംബർ 5 ന് റവ. സി. ജെസ്റ്റിനാ MSMI, കുളത്തുവയൽ, 12 ന് ബ്ര. സിബി ചെരുവിൽ പുരയിടം.19 ന് റവ.ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, കുഞ്ചിത്തണ്ണി, 26 ന് റവ.ഫാ ലുയിസ് വെള്ളാനിക്കൽ എന്നിവർ വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തു. രൂപത സോണൽ സേവന സമിതി ഇതിനു നേതൃത്വം നൽകുന്നു.

**6. 39–ാമത് പാലാ രൂപത ബൈബിൾ കൺവെൻഷൻ ഒരുക്ക പ്രാർത്ഥന**

ബൈബിൾ കൺവെൻഷന് ഒരുക്കമായുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഡിസംബർ 13 മുതൽ 18 വരെ തീയതികളിൽ പാലാ കത്തീഡ്രലിൽ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. 18 സബ്സോൺ അംഗങ്ങൾ 17 ഫൊറോനാ ദൈവാലയ ങ്ങളിൽനിന്ന് പാലായിൽ എത്തിച്ചേർന്നു പ്രാർത്ഥനാശുശ്രൂഷകൾ നയിച്ചു. റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ശ്രീ ജോൺസൺ തടത്തിൽ, ശ്രീ മാത്തുകുട്ടി താന്നിക്കൽ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**7. കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളി യാഴ്ചകളിലും രാവിലെ 9 30 മുതൽ ഒരുമണിവരെ കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിശുദ്ധ കുർബാന, ജപമാല, സ്തുതി ആരാധന എന്നി ശുശ്രൂഷകൾ നടത്തപ്പെടുന്നു. ശ്രീ മാത്യുകുട്ടി താന്നിക്കൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നു.

**8. രാത്രി ആരാധനയും വർഷാവസാനപ്രാർത്ഥനകളും**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവ സാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന ഡിസംബർ 31–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5 മണി മുതൽ രാത്രി 12 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തപ്പെട്ടു. റവ.ഫാ. സാജു ഇലഞ്ഞി MST വചനശുശ്രൂഷയും, വർഷാവസാന നന്ദി സ്തുതി ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ശുശ്രൂഷ കോർഡിനേറ്റർ ജോർജുകുട്ടി ഞാവള്ളിൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ വിവിധ ശുശ്രൂഷ കൾക്കു നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**ജീസസ് ഫ്രട്ടേണിറ്റി സ്റ്റേറ്റ് മീറ്റിംഗ്**

POC യിൽ വച്ച് നടന്ന ജീസസ് ഫ്രട്ടേണിറ്റി സ്റ്റേറ്റ് മീറ്റിംഗിൽ പാലാ സോണിൽ നിന്നും സി. ലിസ് മരിയ CMC, സി. സിയോണ CMC, സി. റോസിലി എന്നിവർ പങ്കെടുത്തു.

**2. പാലാ സബ് ജയിലിൽ ക്രിസ്മസ് ദിനാഘോഷങ്ങൾ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ പാല സബ് ജയിലിൽ ഡിസംബർ 22 ന് നടന്ന ക്രിസ്മസ് പരിപാടിയിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ജയിലിൽ കഴിയുന്ന അന്തേവാസികൾക്ക് സമ്മാനങ്ങൾ നൽകുകയും, ക്രിസ്മസ് സന്ദേശം നൽകുകയും ചെയ്തു. രൂപത ഡയറക്ടർ റവ ഫാ. വിൻസെന്റ്

മൂങ്ങാമാക്കൽ ആശംസ അർപ്പിച്ചു, സി. ലിസ് മരിയ CMC, സി. സൂന CMC, എന്നിവർ നേതൃത്വം നൽകി.

**3. ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലാ ജയിലിലെ ക്രിസ്മസ്, പുതുവർഷ ആഘോഷങ്ങൾ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലാ ജയിലിലെ ക്രിസ്മസ്, പുതുവർഷ ആഘോഷങ്ങൾ ഡിസംബർ 28 ന് വിവിധ കലാപരിപാടി കളോടെ നടത്തപ്പെട്ടു. ബഹു DGP സാം തങ്കയ്യന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട പൊതുപരിപാടിയിൽ അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവ് അന്തേവാസികൾക്ക് ക്രിസ്മസ് സന്ദേശം നൽകി. റവ.ഫാ. വിൻസെന്റ മൂങ്ങാമാക്കൽ വിശുദ്ധബലി അർപ്പിച്ച് സന്ദേശം നൽകി. റവ. ഫാ. അലക്സാണ്ടർ കുരീക്കാട്ട് ,റവ.ഫാ. ജയിംസ് പൊരുന്നോലിൽ ആശംസകളർപ്പിച്ചു, സി.ലി സ്മരിയ, സി. സൂന CMC, സി. റോസ്‌ലി എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

4. ജീസസ് ഫ്രട്ടേണിറ്റിയും, ജീസസ് യൂത്തും സംയുക്തമായി ഇടുക്കി ജില്ലാ ജയിൽ സന്ദർശിക്കുകയും അന്തേവാസികൾക്ക് ക്യാരംസ് ബോർഡ് സമ്മാനമായി നൽകുകയും, വിവിധ കലാപരിപാടികൾ അവതരിപ്പിച്ച് ക്രിസ്മസ് - പുതുവർഷ ആഘോഷങ്ങളും നടത്തുകയുണ്ടായി.

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

കോവിഡ് നിയന്ത്രണങ്ങൾക്ക് ഇളവു വന്നിരിക്കുന്ന സാഹചര്യത്തിൽ, ദൈവജനത്തിന് വന്നു സംബന്ധിക്കത്തക്കവിധം രണ്ടാം ശനിയാഴ്ചകൾതോറും ഏകദിന ദൈവരാജ്യാനുഭവധ്യാനം ആരംഭിച്ചിരിക്കുന്നു. രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണ ശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 2 മണിക്ക് പൂർത്തിയാകുന്ന ധ്യാനം ഡിസംബർ 11 ന് നടത്തുകയുണ്ടായി. ധ്യാനം മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ ലൈവ് ആയും ലഭ്യമാണ്.

കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവി ലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാ ന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ച ത്തിലും വ്യക്തതയിലും പ്രായോഗിക പരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ ആഭ്യന്തരഹർമ്മ്യം എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണംചെയ്യപ്പെട്ടിരിക്കുന്ന അനശ്വര ങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷ നുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ ആഭ്യന്തര ഹർമ്മ്യ ആത്മീയത എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, ദൈവ ശക്തി വ്യാപരിക്കുന്നു എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട്, മോൺ ജോസഫ് മലേപ്പറമ്പിൽ, മോൺ സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ ജോസ് നെല്ലിക്കത്തെരുവിൽ, ഫാ വിൻ സെന്റ് മൂങ്ങാമാക്കൽ എന്നിവർ വാഗമണ്ണിലെത്തി നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിഎഫ്സി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. എല്ലാ ഇടവകകളിലും മാധ്യമസർവ്വേ നടത്താൻ തീരുമാനമെടുത്തു.

**2. പാലാ വിഷൻ ലൈവ്**

പാലാ വിഷനിലേക്ക് വാർത്തകൾ/പരസ്യങ്ങൾ കൊടുക്കുന്നതിനായി മെസ്സേജുകൾ ഫോണിൽ ടൈപ്പ് ചെയ്ത് ഫോട്ടോ ഉൾപ്പെടെ ഈ നമ്പറിലേക്ക് വാട്സ്ആപ് വഴി അയയ്ക്കുക : **9605661249, 9400661492**

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ദേശീയസമിതി സമ്മേളനം**

ഇൻഫാം ദേശീയ സമിതിയുടെ സമ്മേളനം ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അച്ചന്റെ അധ്യക്ഷതയിൽ തൃശൂർ സോഷ്യൽ സർവീസ് സെന്ററിൽ വച്ച് 2021 ഡിസംബർ 15 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടത്തപ്പെട്ടു. ദേശീയ രക്ഷാധികാരി ബിഷപ് മാർ റെമിജിയൂസ് ഇഞ്ച നാനിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കർഷകരുടെ പ്രശ്നങ്ങളും ആകു ലതകളെയും സംബന്ധിച്ചു ചർച്ച ചെയ്തു. വന്യമൃഗങ്ങളുടെ ശല്യം, വിലത കർച്ച, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമാണം, വില്പന, ഡൽഹി കർഷക സമരം തുടങ്ങിയ കാലിക വിഷയങ്ങൾ പഠനവിധേയമാക്കി. രൂപതകളിൽനിന്നും ബഹുമാനപ്പെട്ട ഡയറക്ടർമാർ, പ്രസിഡന്റുമാർ, ദേശീയ ഭാരവാഹികൾ തുട ങ്ങിയവർ പങ്കെടുത്തു. പാലായിൽനിന്നും ഫാ. ജോസ് തറപ്പേൽ, മാത്യു മാമ്പ റമ്പിൽ, ബേബി പന്തപ്പള്ളിൽ, സണ്ണി മുത്തോലപുരം എന്നിവർ സംബന്ധിച്ചു.

**സതേൺ റീജിയണൽ ഡയറക്ടർ**

ഇൻഫാം മൂന്നു റീജിയണുകളായി തിരിച്ചു. നോർത്ത്, സെന്റർ, സതേൺ. സതേൺ റീജിയണൽ ഡയറക്ടറായി ഫാ. ജോസ് തറപ്പേലിനെ കമ്മറ്റി ചുമതലപ്പെടുത്തി. ഇൻഫാം വൈസ് ചെയർമാനായി കാഞ്ഞിരപ്പള്ളിയിൽനിന്നും ഫാ. മാത്യു മറ്റമുണ്ടയിൽ ചുമതലയേറ്റു. ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരകുന്നേൽ സമ്മേളനത്തിനു നേതൃത്വം നൽകി.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. തോമസ് തയ്യിൽ** (ജോയിന്റ് ഡയറക്ടർ)

# ബൈബിൾ കൺവൻഷൻ

**39-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ**

39-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ ഡിസംബർ 19-ാം തീയതി വൈകുന്നേരം 6 ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. പാലാ കത്തീഡ്രലിൽ നടന്ന ബൈബിൾ കൺവൻഷൻ ഉദ്ഘാടന വേദിയിൽ പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, വികാരി ജനറൾമാരായ മോൺ.എബ്രാഹം കൊല്ലിത്താനത്തുമലയിൽ, മോൺ.ജോസഫ് മലേപ്പറമ്പിൽ, മോൺ.ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ഡാനിയേൽ പൂവണ്ണത്തിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. കത്തീഡ്രൽ വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ സ്വാഗതമരുളി. വിശുദ്ധ കുർബാനയക്ക് രൂപതാ ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. കുര്യാക്കോസ് വട്ടമുകളേൽ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ വചനപ്രഘോ ഷണവും ആരാധനയും നയിച്ചു. കൺവൻഷൻ ശുശ്രൂഷകൾക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോൺസൺ പാക്കരമ്പേൽ, ഫാ. ജോർജ് ചൂരക്കാട്ട് (ജൂണിയർ), ഫാ.ജോർജ് വടയാറ്റുകുഴി തുടങ്ങിയവർ നേതൃത്വം നൽകി.

**രണ്ടാം ദിവസം**

ബൈബിൾ കൺവൻഷനിൽ വൈകുന്നേരം അഞ്ചിന് വിശുദ്ധ കുർബാനയിൽ മോൺ. ജോസഫ് തടത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, ഫാ. ജോസഫ് കുറ്റിയാങ്കൽ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. ഫാ.ഡാനിയേൽ പൂവണ്ണത്തിൽ വചനപ്രഘോഷ ണവും ആരാധനയും നയിച്ചു. രാത്രി ഒൻപതിന് ദിവ്യകാരുണ്യ ആരാധനയോടെ സമാപിച്ചു.

**മൂന്നാം ദിവസം**

പാലാ രൂപത ബൈബിൾ കൺവൻഷനിൽ വികാരി ജനറാൾ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഫാ. ആൽവിൻ ഏറ്റുമാനൂക്കാരൻ, ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം എന്നിവർ സഹകാർമ്മികരായിരുന്നു.

**നാലാം ദിവസം**

പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ബൈബിൾ കൺവെൻഷനിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി. ഫാ. തോമസ് വാലുമ്മേൽ, ഫാ.സിറിൾ തയ്യിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

പാലാ രൂപത 39-ാമത് ബൈബിൾ കൺവെൻഷൻ നാലാംദിനത്തിൽ വചനസന്ദേശം നൽകുന്ന വേളയിൽ ദൈവവചനം നാം ഹൃദയംകൊണ്ട് വായിക്കണമെന്ന് ഗോഹട്ടി രൂപത മുൻ ആർച്ച് ബിഷപ്പ് ഡോ. തോമസ് മേനാംപറമ്പിൽ ഉദ്ബോധിപ്പിച്ചു.

**അഞ്ചാം ദിവസം**

ബൈബിൾ കൺവെൻഷൻ സമാപനദിവസം പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. വിശുദ്ധ കുർബാനയ്ക്ക് റവ. ഡോ. കുര്യൻ മറ്റം, ഫാ. ബെർക്കമാൻസ് കുന്നുംപുറം, ഫാ. ജോൺസൺ പാക്കരമ്പേൽ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു.

ബൈബിൾ കൺവൻഷൻ ദൃശ്യ, സ്റ്റാർ വിഷൻ, എസ്.ജി.സി തുടങ്ങിയ ടിവി ചാനലുകളിലും പാലാ രൂപത ഒഫീഷ്യൽ, ഷാലോം ഓൺലൈൻ ടിവി, സെന്റ് അൽഫോൻസാ ഷ്റൈൻ, ട്രയാസ് മീഡിയ തുടങ്ങിയ യൂട്യൂബ് ചാനലുകളിലും ലൈവ് സംപ്രേഷണം ഉണ്ടായിരുന്നു. ഷെക്കെയ്ന ന്യൂസിൽ ശുശ്രൂഷകൾ രാത്രി ഒൻപതു മുതൽ 11 വരെ സംപ്രേഷണം ചെയ്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (കൺവീനർ)




# ആദരാഞ്ജലികൾ



## റവ.ഫാ. ജോസഫ് വടയാറ്റുകുഴി

കർമ്മവീഥിയിലുടനീളം ഈശോയുടെ സുവിശേഷം ജീവിതനിയമമാക്കിയ ഒരു ആത്മീയാചാര്യൻ ബഹു. ജോസഫ് വടയാറ്റുകുഴി അച്ചൻ നിത്യപിതാവിന്റെ സന്നിധിയിലേക്കു യാത്രയായിരിക്കുന്നു. 1931 ഏപ്രിൽ 8-ാം തീയതി ഇലഞ്ഞി ഇടവകയിൽ വടയാറ്റുകുഴി വർക്കി - ത്രേസ്യാ ദമ്പതികളുടെ മകനായി ജനിച്ച ജോസഫ് അച്ചന് മൂന്നു സഹോദരന്മാരും മൂന്നു സഹോദരിമാരുമാണുള്ളത്. ജനനത്തിനു ഏഴാംനാൾ മാതൃ ഇടവകയിൽ വച്ചുതന്നെ മാമ്മോദീസ സ്വീകരിച്ച ഇദ്ദേഹം പിന്നീട് അഭിവന്ദ്യ ജയിംസ് കാളാശേരി പിതാവിൽനിന്നും സ്ഥൈര്യലേപനവും സ്വീകരിച്ചു. മോനിപ്പള്ളി, ആലപുരം ഗവൺമെന്റ് പ്രൈമറി സ്കൂളുകൾ, ഇലഞ്ഞി സെന്റ് പീറ്റേഴ്സ് അപ്പർ പ്രൈമറി സ്കൂൾ, കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായി പ്രാഥമികപഠനം പൂർത്തിയാക്കിയ ജോസഫ് അച്ചൻ 1948 ൽ സെമിനാരി പരിശീലനം ആരംഭിച്ചു. ചങ്ങനാശ്ശേരി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ആത്മീയപാഠങ്ങളുടെ ആഴങ്ങൾ സ്വന്തമാക്കാൻ തുടങ്ങിയ ജോസഫ് അച്ചൻ 1950 - 1957 കാലഘട്ടത്തിൽ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി.

1957 മാർച്ച് 16-ാം തീയതി പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ച് നാഥന്റെ വിളഭൂമിയിലെ നിസ്വാർത്ഥവും വിശ്വസ്തവുമായ കർമവീഥികളിൽ അച്ചൻ തന്റെ യാത്ര ആരംഭിച്ചു. തിടനാട്, തീക്കോയി, കാഞ്ഞിരമറ്റം, കടപ്ലാമറ്റം പള്ളികളിൽ അസ്തേന്തിയായും മുണ്ടാങ്കൽ (1959-1961), ചേന്നാട് (1961-1963), മോനിപ്പള്ളി (1963-1967), പാദുവ (1967 -1973), ഉറുമ്പുകാവ് (1973-1979). കാഞ്ഞിരത്താനം (1979-1985), കരൂർ (1985-1988), മരങ്ങാട്ടുപിള്ളി (1988-1996), കാഞ്ഞിരമറ്റം (1996-2002), വിളക്കുമാടം (2002-2007) പള്ളികളിൽ വികാരിയായും തീക്ഷ്ണതയോടെ ദൈവത്തിനും ദൈവജനത്തിനും ശുശ്രൂഷ നിർവഹിച്ചു.

2007 ഫെബ്രുവരി 10 ന് ഔദ്യോഗിക സേവനപാതയിൽനിന്നും വിരമിച്ച ജോസഫ് അച്ചൻ ഇലഞ്ഞി ഇടവകയിലും സ്വഭവനത്തിലും പാലാ മാർ അപ്രേം വൈദിക മന്ദിരത്തിലുമായി തന്റെ വിശ്രമജീവിതം പൂർത്തിയാക്കി. 2021 ഡിസംബർ 1 ന് തന്റെ ഇഹലോകവാസം പൂർത്തിയാക്കി നിത്യപിതാവിന്റെ തിരുസന്നിധിയിലേക്കു ഈ വന്ദ്യവൈദികൻ യാത്രയായി. ഡിസംബർ 3-ാം തീയതി മാതൃ ഇടവക ദൈവാലയത്തിൽ വച്ചുതന്നെ പൂർത്തിയാക്കിയ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളൾക്ക് അഭിവന്ദ്യരായ മാർ ജോസഫ് കല്ലറങ്ങാട്ട്, ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാക്കന്മാർ നേതൃത്വം നൽകി. ജീവിതകാലം മുഴുവനും ഈശോയും ഈശോയുടെ സുവിശേഷവും ജീവിതനിയമമാക്കിയ ബഹുമാനപ്പെട്ട ജോസഫ് വടയാറ്റുകുഴിയച്ചന്റെ ഭൗതികദേഹം ഇലഞ്ഞി ഫൊറോന ദൈവാലയ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.



## സി. ലിബേരിയ സി.എം.സി.

കാഞ്ഞിരപ്പള്ളി രൂപത കപ്പാട് മാർ സ്ലീവാ ഇടവക ഈറ്റത്തോട്ട് കുടുംബത്തിൽ ജോസഫ് - ത്രേസ്യാ മാതാപിതാക്കളുടെ മക്കളിൽ ഇളയവളായി 1933 നവംബർ 12 ന് സി. ലിബേരിയ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സ്വസഹോദരി പിയുസമ്മയുടെ പാത പിൻതുടർന്ന് ലിബേരിയാമ്മ മുണ്ടാങ്കൽ മഠത്തിൽ അർത്ഥിനിയായി ചേർന്നു. തുടർന്ന് രാമപുരം മഠത്തിൽ നൊവീഷ്യേറ്റ് പൂർത്തിയാക്കി. 1957 ഏപ്രിൽ 10 ന് ആദ്യവ്രതവും 1960 മെയ് 23 ന് നിത്യവ്രതവും അനുഷ്ഠിച്ചു. 2007 ൽ വ്രതാനുഷ്ഠാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു. അദ്ധ്യാപനമായിരുന്നു അമ്മയുടെ പ്രധാന പ്രേഷിതരംഗം.

മുത്തോലി, വെള്ളികുളം, ചേർപ്പുങ്കൽ, മല്ലികശ്ശേരി എന്നീ മഠങ്ങളിലും സ്കൂളിലുമായി സേവനമനുഷ്ഠിച്ച് അമ്മ, ഒരു തികഞ്ഞ മിഷനറിയുടെ തീഷ്ണതയോടെ തലശ്ശേരി രൂപതയിലും സേവനരംഗം കണ്ടെത്തി. കീഴ്പ്പള്ളി മഠത്തിൽ ഒരു വർഷം താമസിച്ച് അവിടെ സ്കൂളിൽ പഠിപ്പിച്ച ലിബേരിയാമ്മ തലശ്ശേരി രൂപതയെയും പ്രൊവിൻസിനെയും എന്നും തന്റെ ഹൃദയത്തിൽ സ്നേഹോഷ്മളതയോടെ കാത്തു സൂക്ഷിച്ചു.

തുടർന്ന് മല്ലികശ്ശേരി മഠത്തിൽ നീണ്ട 32 വർഷം ആയിരുന്നുകൊണ്ട് നാടിനും നാട്ടുകാർക്കും ഏറ്റം പ്രിയപ്പെട്ട ഒരമ്മയായി ലിബേരിയ ജീവിച്ചു. എല്ലാവരോടും പെട്ടെന്ന് സൗഹൃദത്തിലാകുന്ന ഒരു നിഷ്കളങ്ക വ്യക്തിത്വമായിരുന്നു അമ്മയുടേത്. 25 വർഷത്തോളം ഇവിടെ കൃഷിയുടെ മേൽനോട്ടം വഹിച്ച അമ്മയ്ക്ക് വരുംതലമുറയ്ക്കുവേണ്ടി എല്ലാം നട്ടുപിടിപ്പിക്കാൻ വലിയ താത്പര്യമായിരുന്നു. നല്ല ഫലിതങ്ങൾ പറഞ്ഞ് എല്ലാവരെയും സന്തോഷിപ്പിക്കുവാൻ ഒരു പ്രത്യേക കഴിവ് അമ്മയ്ക്കുണ്ടായിരുന്നു. ഒന്നിനെക്കുറിച്ചും പരാതിയോ പരിഭവമോ ഇല്ലാതെ എല്ലാം ദൈവഹിതമായി കാണുവാൻ അമ്മയ്ക്കു സാധിച്ചു.

2021 ഒക്ടോബർ തീയതിയുണ്ടായ ഒരു വീഴ്ചയെ തുടർന്ന് കാർമ്മൽ മെഡിക്കൽ സെന്ററിലെ ചികിത്സയ്ക്കുശേഷം ആരോഗ്യം വീണ്ടെടുത്തു മഠത്തിലെത്തിയ അമ്മ താമസിയാതെ ക്ഷീണിതയും ശയ്യാവലംബയുമായി. ഡിസംബർ 04 രാവിലെ ദിവ്യകാരുണ്യ ഈശോയെ സ്വീകരിച്ച് പ്രാർത്ഥിക്കുന്ന തിനിടയിൽ വികാരിയച്ചന്റെയും സമൂഹാംഗങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ സ്വർഗ്ഗത്തിലേക്കു യാത്രയായി.

പിറ്റേദിവസം (5.12.2021) രാവിലെ 10 മണിക്ക് മഠംചാപ്പലിൽ അർപ്പിച്ച സമൂഹബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് 11.30 ന് വികാരി ജനറാൾ മോൺ. തടത്തിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം മല്ലികശ്ശേരി പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. മേരി ജോൺ കണ്ണാത്തുകുഴിയിൽ എസ്.എച്ച്.

കോതമംഗലം രൂപതയിൽ മൂവാറ്റുപുഴ ഹോളി മാഗി ഇടവകാംഗമായി കണ്ണാത്തുകുഴി കുടുംബത്തിൽ പരേതരായ ഐപ്പ് മത്തായിയുടെയും മറിയാമ്മയുടെയും ഒമ്പതു മക്കളിൽ നാലാമത്തെ സന്താനമായി 1933 ഒക്ടോബർ 14-ാം തീയതി ഭൂജാതയായി. മാമ്മോദീസായിൽ ലഭിച്ച പേര് മറിയം എന്നായിരുന്നു. പഠനത്തിൽ സമർത്ഥമായിരുന്ന മറിയക്കുട്ടി മേലുകാവുമറ്റം സ്കൂളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചുവരവേ തിരുഹൃദയ സന്ന്യാസിനീ സമൂഹത്തിലേക്കുള്ള തന്റെ ദൈവവിളി തിരിച്ചറിഞ്ഞ് 1952 ൽ തിരുഹൃദയമഠത്തിൽ അർത്ഥിനിയായിചേർന്നു. സന്യാസ പരിശീലനം പൂർത്തിയാക്കി 1955 മെയ് 22-ാം തീയതി ആദ്യവ്രതവും 1959 മെയ് 22-ാം തീയതി നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ തിരുഹൃദയമഹത്വത്തിനായി തന്നെത്തന്നെ സമർപ്പിച്ചു.

മറ്റുള്ളവരോടുള്ള ഇടപെടലുകളിൽ വലുപ്പചെറുപ്പഭേദമെന്യേ സ്നേഹത്തോടും സന്തോഷത്തോടും പെരുമാറിയും ആർക്കും ഏതു സമയത്തും തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുത്തും ഒരു മാതൃകാസന്ന്യാസിനിയായി പാലാ, മൂലമറ്റം, നീലൂർ, നരിയങ്ങാനം, അറക്കുളം, പൂവത്തോട്, ഇടമറുക്, കീഴൂർ, പൂവരണി, കുടക്കച്ചിറ, വെള്ളിയാമറ്റം എന്നീ മഠങ്ങളിലും ഇടവകകളിലും സ്കൂളുകളിലും ശുശ്രൂഷ ചെയ്തു. കുട്ടികളും അവരുടെ മാതാപിതാക്കളുമായി നല്ല സൗഹൃദം സ്ഥാപിച്ചുകൊണ്ടും സുഖദുഃഖങ്ങളിൽ പങ്കുചേർന്നുകൊണ്ടും നീണ്ട 37 വർഷം നലംതികഞ്ഞ ഒരു അധ്യാപികയായി സേവനമനുഷ്ഠിച്ചു. വിശ്വാസ പരിശീലനരംഗത്ത് 50 വർഷത്തോളം ശുശ്രൂഷ നിർവഹിച്ച മേരി ജോണമ്മ തീക്ഷ്ണമതിയായ ഒരു പ്രേഷിതയായിരുന്നു.

ഫലിതപ്രിയയും സന്തോഷവതിയുമായിരുന്ന അമ്മ 66 വർഷത്തെ അർത്ഥപൂർണമായ സന്യാസജീവിതത്തിലൂടെ ദൈവത്തിന്റെയും മനുഷ്യരുടെയും ഹൃദയങ്ങളിൽ ഇടം കണ്ടെത്തി. നല്ല ഒരു സംഘാടക ആയിരുന്ന മേരി ജോണമ്മ

ഡി.സി.എൽ, കെ.സി.എസ്.എൽ. തുടങ്ങിയ സംഘടനാപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്നു.

1989 ൽ അധ്യാപന ജോലിയിൽ നിന്നും വിരമിച്ചതിനുശേഷം 2007 വരെ വിശ്വാസപരിശീലനരംഗത്തും കുടുംബപ്രേഷിതത്വത്തിലും താൻ അംഗമായിരുന്ന മഠങ്ങളിലും ഉത്സാഹത്തോടെ തന്റെ ശുശ്രൂഷകൾ നിർവഹിച്ചിരുന്നു.

2020 ൽ ഉണ്ടായ ഒരു വീഴ്ചയെത്തുടർന്ന് തീർത്തും ക്ഷീണിതയായിത്തീർന്ന മേരി ജോണമ്മ എല്ലാ വേദനകളും സമചിത്തതയോടെ സ്വീകരിക്കുകയും തന്നെ ശുശ്രൂഷിക്കുന്നവരോടു വളരെ ആദരവും നന്ദിയും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. സ്വർഗനാട്ടിലേയ്ക്കുള്ള തന്റെ യാത്രയെ തീവ്രമായി കാംക്ഷിച്ചു കാത്തിരുന്ന മേരി ജോണമ്മ 2021 ഡിസംബർ 15-ാം തീയതി രാവിലെ 7 മണിക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

മൃതസംസ്കാരശുശ്രൂഷകൾ വൈകുന്നേരം 4 മണിക്ക് മൂലമറ്റം തിരുഹൃദയ മഠം ചാപ്പലിൽ വി. കുർബാനയോടെ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കു ശേഷം പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിലച്ചന്റെ മുഖ്യ കാർമികത്വത്തിൽ മൃതദേഹം മൂലമറ്റം സെന്റ് ജോർജ് ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2021

| | | |
|---|---|---|
| 01 | 11.30 am | കാഞ്ഞിരപ്പിള്ളി രൂപത പൊൻകുന്നം ഫൊറോന യിൽ ബഹുമാനപ്പെട്ട സിസ്റ്റർ ആൻമേരി ഉള്ളാട്ടിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| | 03.00 pm | കയ്യൂർ ഇടവകയിൽ ആലാനിക്കൽ ശ്രീമതി ത്രേസ്യാ മ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| 02 | 10.00 am | ഇലഞ്ഞി ഫൊറോനയിൽ ഭഗൽപൂർ ബിഷപ് റെറ്റ് റവ. ഡോ. കുര്യൻ വലിയകണ്ടത്തിൽ പിതാവിന്റെ മാതാവ് ശ്രീമതി ഏലിയാമ്മ പോളിന്റെ മൃതസം സ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമി കത്വം വഹിച്ചു. |
| 03 | 01.00 pm | ഇലഞ്ഞി ഫൊറോനയിൽ ബഹു. ജോസഫ് വടയാ റ്റുകുഴി അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 04 | 09.30 am | മലപ്പുറം, ചെമ്മലമറ്റം എന്നീ ഇടവകകൾ സന്ദർശിച്ച് ദൈവാലയ നിർമാണപ്രവർത്തനങ്ങൾ വിലയി രുത്തി. |
| 05 | 05.00 pm | പാലാ കുരിശുപള്ളിയിൽ പരിശുദ്ധ ദൈവമാതാ വിന്റെ അമലോത്ഭവത്തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 07.00 pm | പ്രവാസി അപ്പോസ്തലേറ്റിന്റെ ഓൺലൈൻ മീറ്റിം ഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 06 | 04.00 pm | കൂടല്ലൂർ ഇടവകയിൽ നവീകരിച്ച കുരിശുപള്ളിയുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 08 | 09.30 am | പാലാരിവട്ടം പി.ഒ.സി.യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ സംബന്ധിച്ചു. |
| 10 | 10.30 am | അടിവാരം ഇടവകയിൽ ബഹു. അമ്പഴത്തുങ്കൽ ജോർജ്ജച്ചന്റെ പിതാവ് ശ്രീ ജോസഫ് വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 11.30 am | കൂട്ടിക്കൽ ഫൊറോനയിൽ കൂട്ടിക്കൽ മിഷന്റെ ഭാഗമായുള്ള സഹായവിതരണ സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 03.00 pm | പാലാ കത്തീഡ്രലിൽ ബഹുമാനപ്പെട്ട നെല്ലിക്കത്തെരുവിൽ ജോസച്ചന്റെ മാതാവ് ശ്രീമതി ബ്രിജിത്ത് സ്കറിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. |
| | 05.30 pm | വലവൂർ ഇടവകയിൽ പുതുതായി നിർമിച്ച കുരിശുപള്ളിയുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 11 | 04.00 pm | പൈക ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും പുതുതായി നിർമിച്ച വിശ്വാസപരിശീലനമന്ദിരത്തിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. |
| 12 | 03.00 pm | രാമപുരം ഫൊറോനയിൽ പാലാ രൂപത എ.കെ.സി.സിയുടെ നേതൃത്വത്തിൽ നടത്തിയ അടുക്കളത്തോട്ടമത്സരത്തിന്റെ സമ്മാനദാന സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 04.45 pm | ചിറ്റാർ ഇടവക സന്ദർശിച്ച് ദൈവാലയനിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തി. |
| 13 | 10.30 am | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാലാ കോർപ്പറേറ്റ് ഏജൻസിയുടെ അനുമോദനസമ്മേളനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 03.30 pm | കടുത്തുരുത്തി ഫൊറോനയിൽ ക്ലരീഷ്യൻ സന്ന്യാസസമൂഹം ആരംഭിച്ച പ്രതീക്ഷാഭവന്റെ ആശീർവാദകർമം നിർവഹിച്ചു. |
| 14 | 11.00 am | അരുവിത്തുറ ഫൊറോനയിൽ നടത്തിയ പാലാ രൂപത വൈദികസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 02.00 pm | ചെമ്മലമറ്റം ഇടവകയിൽ ബഹുമാനപ്പെട്ട മണിക്കൊമ്പേൽ ജോമോന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 15 | 11.00 am | പാലാ കത്തീഡ്രലിൽ നടത്തിയ പാലാ രൂപത വൈദികസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 03.00 pm | കുര്യനാട് സി.എം.ഐ. ആശ്രമത്തിൽ ഭാഗ്യസ്മരണാർഹനായ ബ്രൂണോ അച്ചന്റെ ദൈവദാസപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. |
| 16 | 11.00 am | മുട്ടുചിറ ഫൊറോനയിൽ നടത്തിയ പാലാ രൂപത വൈദിക സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 02.00 pm | മുട്ടുചിറ ഫൊറോനയിൽ പുതുതായി നിർമിച്ച ഗ്രോട്ടോയുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 17 | 11.00 am | തുടങ്ങനാട് ഫൊറോനയിൽ നടത്തിയ പാലാ രൂപത വൈദിക സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 05.30 pm | അരുവിത്തുറ ഫൊറോനയിൽ മാർത്തോമ്മാ സ്ലീവായുടെ തിരുനാളിനോടനുബന്ധിച്ചു നടത്തിയ പുറത്തുനമസ്കാരത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 18 | 11.00 am | പാലാ കത്തീഡ്രലിൽ പാലാ രൂപത പതിമൂന്നാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 02.30 am | പാലാ സെന്റ് തോമസ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 19 | 12.15 pm | പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| | 05.00 pm | പാലാ കത്തീഡ്രലിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും 39-ാമത് പാലാ രൂപത ബൈബിൾ കൺവൻഷന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. |
| 20 | 03.00 pm | പാലാ ബിഷപ്സ് ഹൗസിൽ സീറോ മലബാർ സഭ കുടുംബ-അത്മായ സിനഡൽ കമ്മീഷന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | പാലാ ബിഷപ്സ് ഹൗസിൽ ദീപികയുടെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 02.30 pm | കൂട്ടിക്കൽ ഫൊറോനയിൽ പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ നൽകിയ സഹായവിതരണ സമ്മേളനത്തിൽ സംബന്ധിച്ചു. |
| 22 | 10.00 am | പാലാ സബ് ജയിലിൽ ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ക്രിസ്മസ് ആഘോഷത്തിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| | 03.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ ക്രിസ്മസ് ആഘോഷത്തിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| 23 | 12.15 pm | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| 24 | 07.00 am | പാലാ നല്ലിടയൻ മൈനർ സെമിനാരിയിൽ പാലാ രൂപത വൈദികവിദ്യാർത്ഥികൾക്ക് ഹെവുപ്പദ്യാക്ക്ന പട്ടം നൽകി. |
| 25 | 12.00 am | പാലാ കത്തീഡ്രലിൽ പിറവിത്തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിക്കുകയും പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. |
| 26 | 02.30 pm | കടപ്ലാമറ്റം ഇടവകയിൽ നവീകരിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. |
| 27 | 09.15 am | കടപ്ലാമറ്റം ഇടവകയിൽ ഡീക്കൻ ജൊവാനി കുറുവാച്ചിറക്ക് പൗരോഹിത്യപട്ടം നൽകി. |

| | | |
|---|---|---|
| 28 | 10.30 am | മോനിപ്പള്ളി റോസ്ഭവൻ മഠാംഗമായ ബഹു. സി. കസ്യാന കട്ടയ്ക്കലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 29 | 09.15 am | അടുക്കം ഇടവകയിൽ ഡീക്കൻ ജോസഫ് ചെങ്ങഴശ്ശേരിക്ക് പൗരോഹിത്യപട്ടം നൽകി. |
| 30 | 09.15 am | ചൂണ്ടച്ചേരി ഇടവകയിൽ ഡീക്കൻ ജോസഫ് തോട്ടത്തിലിന് പൗരോഹിത്യപട്ടം നൽകി. |
| | 04.00 pm | അരുവിത്തുറ വല്ല്യച്ചൻ മലയിൽ വിവാഹം ആശീർവദിച്ചു. |
| 31 | 11.15 am | കളത്തൂർ ഇടവകയിൽ ശ്രീമതി ഏലിക്കുട്ടി വരുകുകാലായിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. |
| | 02.30 pm | പാലാ ബിഷപ്സ് ഹൗസിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ ഫൊറോനയിൽ ഉണ്ണിമിശിഹായുടെ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2021

| | | |
|---|---|---|
| 01 | 11.30 am | ചങ്ങനാശ്ശേരി അതിരൂപത പൂമറ്റം സെന്റ് ആന്റണീസ് പള്ളിയിൽവച്ച് ബഹു. സെബാസ്റ്റ്യൻ മണ്ണോലിക്കൽ സി.എം.ഐ. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 02.00 pm | കയ്യൂർ ഇടവകയിൽ ആലാനിക്കൽ മുത്തേടത്ത് ശ്രീമതി ത്രേസ്യാമ്മ മാനുവലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 02 | 10.30 am | ഇലഞ്ഞി ഫൊറോന ദൈവാലയത്തിൽ ഭഗൽപൂർ ബിഷപ് അഭിവന്ദ്യ കുര്യൻ വലിയകണ്ടത്തിൽ പിതാവിന്റെ അമ്മ ശ്രീമതി ഏലിയാമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് സഹകാർമികത്വം വഹിച്ചു. |
| 03 | 12.00 noon | ഇലഞ്ഞി ഫൊറോനയിൽ ബഹു. ജോസഫ് വടയാറ്റുകുഴി അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. |
| | 04.00 pm | മണ്ണാറപ്പാറ പള്ളിയിൽ തിരുനാൾ റാസ അർപ്പിച്ചു വചനസന്ദേശം നൽകി. |
| 04 | 12.00 noon | അരുണാപുരത്ത് ബ്രില്യന്റ് സ്റ്റഡി സെന്ററിന്റെ പുതിയതായി നിർമിക്കപ്പെട്ട ഭവനം വെഞ്ചരിച്ചു. |
| 05 | 04.30 pm | ഭരണങ്ങാനം ഫൊറോന പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 06 | 03.00 pm | മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ ബഹു. അച്ചന്മാരെ സന്ദർശിച്ചു. |

| | | |
|---|---|---|
| 7 | 03.30 pm | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിൽ ബഹു. അച്ചന്മാരെ സന്ദർശിച്ചു. |
| | 05.00 pm | കാപ്പുംതല ബേസ് അപ്രേം നസ്രാണി ദയറ സന്ദർശിച്ചു. |
| 8 | 09.30 am | കുറവിലങ്ങാട് മർത്ത്മറിയം ആർച്ച് ഡീക്കൻ ഫൊറോനയിൽ പള്ളിവക കെട്ടിടസമുച്ചയത്തിന് തറക്കല്ലിടീൽ കർമ്മം നിർവഹിച്ചു. |
| | 10.30 am | പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവത്തിരുനാളിനോടനുബന്ധിച്ച് പാലാ ജൂബിലി കപ്പേളയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 04.00 pm | വി. യൗസേപ്പിതാവിന്റെ വർഷസമാപനത്തിൽ തിടനാട് പള്ളിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ഇടവകയിലെ എസ്.എം.വൈ.എം. 2022 പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു. |
| 9 | 06.00 am | പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് സിനാക്സിനോടനുബന്ധിച്ച് ക്ലാസ് നൽകി. |
| 10 | 11.30 am | അടിവാരം പള്ളിയിൽ ബഹു. ജോർജ് അമ്പഴത്തുങ്കൽ അച്ചന്റെ പിതാവ് ശ്രീ ജോസഫ് വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 02.30 pm | പാലാ കത്തീഡ്രലിൽ ബഹു. ജോസ് നെല്ലിക്കത്തെരുവിൽ അച്ചന്റെ മാതാവ് ശ്രീമതി ബ്രിജിറ്റ് സ്കറിയായുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 04.00 pm | മുണ്ടാങ്കൽ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് കേരള കാർഷികസർവകലാശാല കൃഷി വിജ്ഞാന കേന്ദ്രവും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും സംയുക്തമായി നടത്തിയ സാങ്കേതികവിദ്യ വാരാചരണം 'പ്രതീക്ഷ 2021' ന്റെ സമാപന സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. |

| | | |
|---|---|---|
| 11 | 10.30 am | ഇലഞ്ഞി ഫൊറോനയിൽ തോട്ടം ശ്രീ ജോയിയുടെ മൃതംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം നൽകി. |
| | 05.00 pm | ചങ്ങനാശ്ശേരി അതിരൂപത ഏറ്റുമാനൂർ ക്രിസ്തുരാജ് പള്ളി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 13 | 06.15 am | പാലാ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സിനാക്സിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. |
| 14 | 10.00 am | നീലൂർ ഇടവകയിൽ വരിക്കമാക്കേൽ ശ്രീ തോമസ് ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | അരുവിത്തുറ ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് അരുവിത്തുറ കേന്ദ്രമാക്കിയുള്ള വൈദികസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 02.30 pm | പാലാ കത്തീഡ്രലിൽ കിഴക്കേക്കര ശ്രീമതി അച്ചാമ്മ മത്തായിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നൽകി. |
| | 03.30 pm | ചെമ്മലമറ്റം പള്ളിയിൽ ബഹു. മണിക്കൊമ്പേൽ ശ്രീ ജോ സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 15 | 11.00 am | പാലാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ കത്തീഡ്രൽ കേന്ദ്രമാക്കിയുള്ള വൈദികസമ്മേളനത്തിൽ സംബന്ധിച്ചു. |
| 16 | 11.00 am | മുട്ടുചിറ ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ മുട്ടുചിറ കേന്ദ്രമാക്കിയുള്ള വൈദികസമ്മേളനത്തിൽ സംബന്ധിച്ചു. |
| 17 | 11.00 am | തുടങ്ങനാട് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ തുടങ്ങനാട് കേന്ദ്രമാക്കിയുള്ള വൈദിക സമ്മേളനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 18 | 08.00 am | ദൈവദാസി സി. മേരി കൊളേത്തായുടെ 37-ാം ചരമവാർഷികദിനത്തിൽ മണിയംകുന്ന് പള്ളിയിൽ വി. കുർബാനയർപ്പിച്ച് കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | പാലാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് പാലാ രൂപത 13-ാമത് പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 03.00 pm | ചുണ്ടച്ചേരി എഞ്ചിനീയറിംഗ് കോളജിൽ വച്ച് ബഹു. കുര്യൻ മറ്റത്തിലച്ചന്റെ പുതിയ പുസ്തകം 'The Express Way to Success and Happiness' പ്രകാശനം ചെയ്തു സംസാരിച്ചു. |
| 19 | 05.15 pm | പാലാ കത്തീഡ്രലിൽ 39-ാമത് പാലാ രൂപത ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടനചടങ്ങിൽ സംബന്ധിച്ചു. |
| 20 | 07.00 am | കുറവിലങ്ങാട് പകലോമറ്റത്തുള്ള ഡി.എസ്.റ്റി. കോൺവെന്റിൽ സുവർണജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിനായി പരിശുദ്ധ കുർബാനയർപ്പിച്ചു. |
| 22 | 09.00 pm | നല്ലതണ്ണി മാർത്തോമ്മാശ്ലീഹാ ദയറായിൽ പൊതു പ്രവർത്തകർക്കായുള്ള സംഗമത്തിനു നേതൃത്വം നൽകി. |
| 23 | 10.00 am | കാഞ്ഞിരമറ്റത്ത് കർഷകദള ഫെഡറേഷനും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന കർഷക വിപണിയുടെ ഉദ്ഘാടനം നിർവഹിച്ചു. |
| | 05.00 pm | രൂപത ബൈബിൾ കൺവൻഷനോടനുബന്ധിച്ച് പാലാ കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി. |
| 24 | 07.00 am | കരൂർ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് കാറോയപട്ടം നൽകി. |
| 25 | 12.00 am | പാലാ കത്തീഡ്രലിൽ തിരുപ്പിറവിയുടെ കർമ്മങ്ങൾക്കു സഹകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 26 | 07.00 am | കാഞ്ഞിരപ്പള്ളി രൂപത ഇളങ്ങുളം സെന്റ് മേരീസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 12.00 noon | കിഴതടിയൂർ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 01.15 pm | ഉള്ളനാട് ഇടവകയിൽ വേലിയ്ക്കകത്ത് പോൾവിൻ ബിൻസിന്റെ നിര്യാണത്തിൽ വീട്ടിലെത്തി പ്രാർത്ഥിച്ചു. |
| | 05.30 pm | ളാലം പഴയപള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 27 | 10.00 am | പ്രവിത്താനം ഫൊറോനയിൽ വെള്ളിയേപ്പള്ളിയിൽ ശ്രീമതി മറിയക്കുട്ടി മാത്യുവിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | അരുണാപുരം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 02.15 pm | മണ്ണയ്ക്കനാട് പള്ളിയിൽ ബഹു. ഡീക്കൻ ജോൺ നടുത്തടത്തിന് പൗരോഹിത്യപട്ടം നൽകി ആശീർവദിച്ചു. |
| | 03.00 pm | കടപ്ലാമറ്റം പള്ളി സന്ദർശിച്ചു. |
| 28 | 09.15 am | കളത്തൂർ പള്ളിയിൽ ബഹു. ഡീക്കൻ മാത്യു തയ്യിലിന് പൗരോഹിത്യപട്ടം നൽകി ആശീർവദിച്ചു. |
| | 12.00 noon | മോനിപ്പള്ളി റോസ്ഭവൻ മഠാംഗമായ ബഹു. സി. കസ്യാന കട്ടയ്ക്കൽ എസ്.എ.ബി.എസ്.ന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.15 pm | ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ മുട്ടം ജില്ലാ ജയിൽ സന്ദർശിച്ച് ക്രിസ്തുമസ് പുതുവത്സരാശംസകൾ നൽകി. |
| 30 | 12.00 noon | പാലാ കത്തീഡ്രലിൽ കട്ടക്കയം ശ്രീമതി ആലീസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.15 pm | അരുവിത്തുറ ഫൊറോന ദൈവാലയത്തിൽ ബഹു. ഡീക്കൻ അഗസ്റ്റിൻ മേച്ചേരിയെ പൗരോഹിത്യപട്ടം നൽകി ആശീർവദിച്ചു. |
| | 05.00 pm | പ്ശീത്താ ബൈബിൾ പഠനപരമ്പര സംരംഭമായ 'മാർഗം 2022' ന്റെ ഉദ്ഘാടനം ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നിർവഹിച്ചു. |



39–ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ അഭിവന്ദ്യ പിതാക്കന്മാർ
ദീപംതെളിച്ച് ഉദ്ഘാടനം നിർവ്വഹിക്കുന്നു.



പാലാ ബിഷപ്സ് ഹൗസിൽ നടന്ന പ്രവാസിസംഗമത്തിൽ പങ്കെടുത്തവർ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം.



ഭാഗ്യസ്മരണാർഹനായ ഫാ. ബ്രൂണോ കണിയാരകത്ത് CMI യുടെ
ദൈവദാസപദവി പ്രഖ്യാപനച്ചടങ്ങിൽനിന്ന്








JANUARY
2022

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




അരുവിത്തുറ




പാലാ കത്തീഡ്രൽ



# പ്രിസ്ബിത്തേരിയം 2021






മുട്ടുചിറ




തുടങ്ങനാട്

Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel